Lanka Siva Rama Prasad's

# THE CASKET OF VERMILION

# കുങ്കുമ ഭരണി

## സമ്മക്കയുടേയും സരളക്കയുടേയും കഥ



Translated by:

Sarala Ram Kamal

Art by Apoorva Lanka

Lanka Siva Rama Prasad's

# THE CASKET OF VERMILION

# കുങ്കുമ ഭരണി

## സമ്മക്കയുടേയും സരളക്കയുടേയും കഥ

## ABOUT THE TRANSLATOR




Sarala Ram Kamal
Post Office Lane, Kaithamukku,
Trivandrum – 695024 Kerala,
Mobile: 97440 34384
Email id: devoos27@gmail.com


### സരള രാം കമൽ

കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരത്ത് നിന്നുള്ള ദ്വിഭാഷാ (ഇംഗ്ലീഷ് / മലയാളം) കവി / പരിഭാഷകയാണ് **സരള രാം കമൽ**. തൊഴിൽപരമായി സരള ഒരു ഫ്രീലാൻസ് ഗ്രാഫിക് ഡിസൈനറാണ്, കൂടാതെ കാഴ്ചവൈകല്യമുള്ളവർക്ക് വേണ്ടിയുള്ള ഡെയ്സി ടെക്നോളജിയുടെ ട്രെയിനറായിട്ടും പ്രവർത്തിക്കുന്നു. ഈ എഴുത്തുകാരിയുടേതായി “ദി അൺഫർലിംഗ്: വേഡ്ഫ്ളൈസ് ആൻഡ് അതർ പോയെംസ്” ("The Unfurling: Wordflies and other poems") എന്ന കവിതാസമാഹാരവും ചെറുകഥകളുടെ ഒരു സമാഹാരത്തിന്റെ ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്കുള്ള വിവർത്തനവും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഇന്തോ-ഓസ്ട്രേലിയൻ ആന്തോളജി, ദി സ്കൈയിലിംഗ് ഹൈറ്റ്സ്, അമരാവതി പോയെറ്റിക് പ്രിസം, മാഗ്നം ഓപസ് തുടങ്ങിയ ദേശീയ / അന്തർദേശീയ സമാഹാരങ്ങളിൽ സരളയുടെ കവിതകൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്.



Poetry by Dr Lanka Siva Rama Prasad



Art by Apoorva Lanka

March 2018. All rights reserved.Copyright @ 2018
by Dr. Lanka Siva Rama Prasad
Head of the Department
Cardiothoracic & Vascular Surgery
Prathima Institute of Medical Sciences
Nagunur Road, Karimnagar - 505 417, Telangana.

Published by:
Dr. Lanka Siva Rama Prasad
Srijana Lokam / Writer's Corner
Prasanthi Hospital
Sivanagar, WARANGAL-506 002,
Telangana, INDIA
Mobile : 8897849442
Email: lankasrprasad@gmail.com
www.anuvaadham.com



Translated by:
Sarala Ram Kamal
Post Office Lane, Kaithamukku,
Trivandrum – 695024 Kerala,
Mobile: 97440 34384
Email id: devoos27@gmail.com

# സൂചിക

1. സമ്മക്കയുടെ പ്രതികാരം
2. കാടിന്റെ തിളക്കം
3. ബാലികയും ഒരു സ്വപ്നവും
4. പ്രവേശനമാർഗ്ഗ അനുഷ്ഠാനങ്ങൾ
5. ഭുമിയും മഴയും തമ്മിലുള്ള വിവാഹം
6. യുദ്ധം ശ്വസിക്കുന്ന രാജ്യം
7. ഇന്ദു ഗീതം
8. മരണവും ഒരു ദർശനവും
9. മരിച്ചവരുടെ തോപ്പ്
10. അശരീരിയും അത്ഭുതവും
11. കയറ്റത്തിന്റേയും ഇറക്കത്തിന്റേയും ഗന്ധങ്ങൾ
12. മടക്കയാത്ര
13. നിദ്രയുടെ വാതായനങ്ങൾ
14. വിഷവും അഗ്നിയും
15. ആദ്യ ഏറ്റുമുട്ടൽ
16. യുദ്ധത്തിന്റെ രോഗലക്ഷണശാസ്ത്രം
17. പ്രതിനിധി സംഘം ഒരുഗല്ലുവിലേക്ക്
18. ഒരു പുലിയുടെ ബന്ധനം
19. ഒരു കോട്ടയുടെ കൊത്തളങ്ങൾ
20. വജ്രങ്ങളുള്ള പാറകളുടെ നഗരം
21. പൂക്കളുടേയും ആയുധങ്ങളുടേയും ആഘോഷം
22. നഗരത്തിന്റെ കാട്ടിലേക്കുള്ള മാർച്ച്
23. ആനകളുടേയും ഉറുമ്പുകളുടേയും യുദ്ധം
24. കുങ്കുമ ഭരണി

# ആമുഖം

ഡോ. ലങ്കാ ശിവ പ്രസാദുമായുള്ള ഒരു യാദൃച്ഛിക ഓൺലൈൻ കൂടിക്കാഴ്ച, അസാധാരണാംവിധം അനുഗ്രഹീതനായ ഒരാളുടെ കൃതികളും വ്യക്തിത്വവുമായിട്ടുണ്ടായ അനുപമമായൊരു സാഹിത്യക്കൂട്ടുകെട്ടിന്റെ തുടക്കമായിരുന്നു. പലപ്പോഴും ഞങ്ങൾ സ്വന്തം എഴുത്തുകളിൽ നിന്നുള്ള ഒരു ഇടവേളയ്ക്ക് വേണ്ടി ഒരുതരം അനുപ്രാസ ദ്വന്ദ്വമത്സരങ്ങളിൽ മുഴുകാറുണ്ട്. അങ്ങനെ പതിയെപതിയെ പരസ്പരമാദരിക്കുന്ന ഒരു കൂട്ടായ്മ പൂവിട്ടു. ഒരു കാർഡിയോവസ്കുലർ ആൻഡ് തോറാസിക് സർജൻ എന്നത് എണ്ണമറ്റ അദ്ദേഹത്തിന്റെ നേട്ടങ്ങളുടെ ലിസ്റ്റിൽ ഒന്നുമാത്രമാണ്. പ്രഥമഭാഷകളായുപയോഗിക്കുന്ന തെലുഗുവുവിലും ഇംഗ്ലീഷിലും അദ്ദേഹം ധാരാളം കൃതികൾ രചിച്ചിട്ടുണ്ട് - കവിത, നോവൽ, സംഖ്യാജ്യോതിഷം, ശാസ്ത്ര നോവൽ, മുഴുനീള കാർട്ടൂൺ പുസ്തകം, യാത്രാവിവരണം, സ്വപ്ന അപഗ്രഥനം ... ഇങ്ങനെ പോകുന്നു നീണ്ട ലിസ്റ്റ്. അനവധി വിഷയങ്ങളിൽ കൈകടത്തിയതിലൂടെ അദ്ദേഹം നാനാവിധ വിഷയങ്ങളിൽ പരിജ്ഞാനം നേടാനും അത് പ്രചരിപ്പിക്കാനുമുള്ള സ്വന്തം അഭിനിവേശത്തിനെയാണ് എടുത്തുകാട്ടുന്നത്. ഡോ. പ്രസാദിന്റെ കൃതികൾ മാനുഷീകഗുണത്തേയും ആത്മീയജ്ഞാനത്തേയും പ്രതിഫലിപ്പിക്കുന്നു. അദ്ദേഹത്തിന്റെ രചനാപാടവം ഭൂത-വർത്തമാന കാലങ്ങൾക്കിടയിലെ ലക്ഷ്മൺ ഝൂല (ഒരു പാലം) പോലെ നിലകൊള്ളുന്നു. ആന്ത്രോപോളജി (നരവംശശാസ്ത്രം), ഒക്കൾട്ട് സയൻസ് (പ്രകൃത്യാതീതക്തി സംബന്ധമായ / ഗുപ്തശാസ്ത്രം), മനഃശാസ്ത്രം എന്നിവയിലുള്ള അറിവും, മൾട്ടിമീഡിയ ടെക്നോളജി, കമ്പ്യൂട്ടർ അനിമേഷൻ, ടെലിവിഷൻ പ്രൊഡക്ഷൻ എന്നിവയിൽ നേടിയ പരിശീലനവും അദ്ദേഹത്തിന്റെ കവിതകളുടെ വിശാലമായ കാൻവാസിൽ പ്രതിബിംബിച്ച് നിൽക്കുന്നു.

അനുകരിക്കാനസാധ്യമായ തന്റെ സ്വതഃസിദ്ധ ശൈലിയിലൂടെ ഡോ. പ്രസാദ് സമ്മക്കയുടെ ഐതീഹ്യകഥയുടെ ചുരുളഴിക്കുമ്പോൾ എനിക്കോർമ്മ വരുന്നത് മഹാനായ ബി. നരസിംഹ റാവുവിനെയാണ്. സമ്മക്ക സാറക്ക ജാത്ര അല്ലെങ്കിൽ മേദാര ജാത്ര ഒരു ഗോത്ര-ഹിന്ദു ആഘോഷമാണ് - ആ ദേവതകളെ ആദരിക്കാനുള്ളത്. തെലുങ്കാന സംസ്ഥാനത്ത് കൊണ്ടാടുന്ന ഈ ആഘോഷം ലോകത്ത് തന്നെയുള്ള ഏറ്റവും വലിയ ജനസമ്മേളനങ്ങളിൽ ഒന്നായിട്ടാണറിയപ്പെടുന്നത്.

ഡോ. പ്രസാദിന്റെ വാക്കുകൾ, സ്വതഃശൈലിയിലുള്ള സ്പഷ്ടമായ പദസഞ്ചയങ്ങളാൽ അവിസ്മരണീയമാക്കിയ വിവരണങ്ങളിലൂടെ, ഈ മഹകാവ്യത്തിനെ ജ്വലിപ്പിച്ച് നിറുത്തുന്നു. ആഖ്യാനപുരോഗതിക്കനുസരിച്ച് കവിത വിവിധ ശൈലികൾ കൈക്കൊള്ളുന്നു. കവിയുടെ ആഖ്യാന മികവ് രണ്ടാം ഭാഗത്തിലെ "the whole forest ... silver flakes" എന്ന വരികളിൽ എടുത്തുകാണുന്നു. ഇരുപത്തൊന്നാം ഭാഗം എന്നെ വല്ലാതെ വശീകരിച്ചുകളഞ്ഞു. "most lovely moon light ... white floor". അനേകം വികാരങ്ങളുദ്യോപിപ്പിക്കുന്ന ഒരു കാവ്യം, കൂടാതെ 13-ാം നൂറ്റാണ്ടിലെ ആചാരപരമായ ഒരു മഹാസമ്മേളനത്തിന്റെ പുരാവൃത്തം വെളിപ്പെടുത്തുന്നതുമാണ് ഈ സൃഷ്ടി. നിർബന്ധമായും വായിച്ചിരിക്കേണ്ട ഒരു പുസ്തകം, ചരിത്രവും സാഹിത്യവും ഇഷ്ടപ്പെടുന്ന വായനക്കാർക്ക് ഈ പുസ്തകം നല്ലൊരു വായനാനുഭവം കരുതി വച്ചിരിക്കുന്നു.

**ലില്ലി സ്വോൺ**

# സമ്മക്കയുടേയും സാറക്കയുടെയും കഥ

12-ാം നൂറ്റാണ്ടിലെപ്പോഴോ, ഏതാനും ഗോത്രവർഗ്ഗ നേതാക്കൾ വനത്തിൽ പുലികളുടെ നടുവിൽ കിടന്നുകരയുന്ന ഒരു ചോരക്കുഞ്ഞിനെ (സമ്മക്ക) കണ്ടെത്തി. ഗോത്രത്തലവൻ അവളെ എടുത്തുവളർത്തി. വലുതായപ്പോൾ അവളെ മറ്റൊരു ഗോത്ര മുഖ്യനായ പഗിഡിഡ്ഡ രാജുവിന് വിവാഹം ചെയ്തുകൊടുത്തു. അവർ മൂന്നു സന്തതികളാൽ അനുഗ്രഹീതരായി - സാറക്ക (സരളമ്മ/സരളക്ക), നഗുലമ്മ, ജമ്പണ്ണ.

കുറച്ച് നാളുകൾക്ക് ശേഷം അവിടെ കൊടിയ വരൾച്ചയുണ്ടാവുകയും, അത് വർഷങ്ങളോളം നീണ്ടുനിൽക്കുകയും, ഊർജ്ജ്വസ്വലയായ ഗോദാവരി നദി വറ്റി വരണ്ടുപോകുകയും ചെയ്തു. വരൾച്ച കാരണം ഗോത്രവർഗ്ഗക്കാർ രാജാവിന് കൊടുക്കേണ്ട പതിവുകരം കൊടുത്തില്ല. രുദ്ര ദേവ രാജാവ് ഗോത്രവർഗ്ഗക്കാരെ അധീനപ്പെടുത്തി കുടിശ്ശിക പിരിക്കാനായി മറ്റൊരു ഗോത്രത്തലവനും ഇപ്പോൾ കാകതീയ സൈന്യത്തിലെ ഒരു കമാൻഡറുമായ പെഡ്ഡപുലി രാജുവിന്റെ നേതൃത്വത്തിൽ തന്റെ സേനയെ അയക്കുന്നു. പിന്നീട് അവിടെ ഗോത്രവർഗ്ഗ ധീരയോദ്ധാവായ സമ്മക്കയും അവളുടെ ഗോത്രപ്പടയും കാകതീയ സേനയുമായി ഒരു ഘോരയുദ്ധം നടന്നു, സംമ്പെംഗ വാഗു (ജമ്പണ്ണ വാഗു) എന്ന നദിയുടെ കരയിൽ വച്ച്. പഗിഡിഡ്ഡ രാജു, മക്കളായ സാറക്ക, നഗുലമ്മ, മരുമകൻ സാറക്കയുടെ ഭർത്താവ് ഗോവിന്ദ രാജുലു എന്നിവരുടെ ജീവൻ നഷ്ടപ്പെട്ടു. പിന്നീട് ജമ്പണ്ണയും മുറിവേറ്റ് സംമ്പെംഗ വാഗുവിൽ വീണു മരണമടയുന്നു. (ജമ്പണ്ണയുടെ ധീരമായ പോരാട്ടത്തിന്റെയോർമ്മയ്ക്കായി ഈ അരുവി പിന്നീട് ജമ്പണ്ണ വാഗു എന്ന് വിളിക്കപ്പെട്ടു വന്നു.) ഒടുവിൽ സമ്മക്കയും യുദ്ധത്തിന്നിറങ്ങുകയും കാകതീയ സേനയ്ക്ക് കനത്ത നാശനഷ്ടം ഉണ്ടാക്കുകയും ചെയ്തു. അവളുടെ ധൈര്യവും യുദ്ധനൈപുണ്യവും കണ്ട് അത്ഭുതപ്പെട്ട കാകതീയ പ്രധാനമന്ത്രി സമാധാന ഉടമ്പടി മുന്നോട്ട് വയ്ക്കുകയും, അതോടൊപ്പംതന്നെ സമ്മക്കയ്ക്ക് കൊട്ടാരത്തിൽ രാജ്ഞിയുടെ സ്ഥാനം വാഗ്ദാനം നൽകുകയും. അതെല്ലാം നിരസിച്ച സമ്മക്ക തന്റെ പ്രിയപ്പെട്ടവരുടെ മരണത്തിന് പ്രതികാരം ചെയ്തുകൊണ്ട് പോരാട്ടം തുടർന്നു.

യുദ്ധം തുടരുകയും സമ്മക്കയ്ക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. സമ്മക്ക തന്റെ ആളുകളോട് അവർ അവളെ ഓർമ്മിക്കുന്നിടത്തോളം കാലം അവൾ അവരെ സംരക്ഷിക്കുന്നതായിരിക്കും എന്ന് പറഞ്ഞു. പിന്നീട് അവൾ കാകതീയ സാമ്രാജ്യത്തെ നശിച്ചുപോകുന്നതിനായി ശപിക്കുകയും, അതിനുശേഷം ചിലകാല ഗട്ട ലക്ഷ്യമാക്കി നടന്ന് കാട്ടിന്നുള്ളിൽ മറയുകയും ചെയ്തു. പിറ്റേന്ന് രാവിലെ അന്വേഷിച്ചിറങ്ങിയ ഗോത്രവർഗ്ഗക്കാർ ഒരു കുങ്കുമ ഭരണിയും - ചുമന്ന കുങ്കുമ ഭരണി - അതിനടുത്തായി അവളുടെ വളകളും, പുലികളുടെ കാൽപാടുകളും കണ്ടു; എവിടെയാണോ കോയവർഗ്ഗക്കാർക്ക് ഒരു ചോരക്കുഞ്ഞായിട്ട് അവളെ കിട്ടിയത് അതേ സ്ഥലത്തായിരുന്നു കുങ്കുമ ഭരണിയുണ്ടായിരുന്നത്. അധികം താമസിയാതെ കാകതീയ സാമ്രാജ്യം നാമാവശേഷമായി.

അത്യധികം സങ്കീർണ്ണവും വശീകരിക്കുന്നതുമായ ആ ദേശത്തെ ദേവതകളുടെ ഈ കഥ, മേദാരം വനത്തിലെ ഈ ഉൾപ്രദേശത്തേക്ക്, രണ്ട് വർഷത്തിലൊരിക്കലാഘോഷിക്കുന്ന, ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും വലിയ, ഗോത്രവർഗ്ഗ മഹാസമ്മേളനത്തിൽ പങ്കെടുക്കുവാനായി, ദശലക്ഷക്കണക്കിനാളുകളെ ആകർഷിക്കുന്നു.

## -1-

## സമ്മക്കയുടെ പ്രതികാരം



രൗദ്രദേവത, വീരയോദ്ധാ-ഗോത്ര രാജകുമാരി സമ്മക്ക,തൻ ക്രോധത്തിൻ കഥ പാടുക,
ദുരിതംനിറഞ്ഞ അക്കാലമത്രയും നാടുവാണ അജയ്യരായ പ്രബല കാകതീയ സിംഹാസനത്തിന്
കപ്പം കൊടുക്കായ്കയാൽ നാശംഭവിച്ച് രക്തക്കളത്തിൽ വീണ തന്നരുമകളെ കണ്ടിട്ട്,
അവർക്കൊപ്പം കാടിന്റെ മക്കളേയും മൃത്യുഗേഹത്തിനയച്ചഹങ്കാര പ്രവൃത്തി കണ്ടിട്ട് ക്രുദ്ധയായ കഥ!

അത്രമേൽ സജ്ജരോ തന്ത്രജ്ഞരുമല്ല, കായബലമൊത്തോരെങ്കിലും കൊടുംവരൾച്ചയിൽ വാടിക്കരിഞ്ഞവർ,
നികുതിയൊഴിവാക്കിത്തരണമേയെന്നവരുടെ പ്രാർത്ഥന കേട്ടതില്ല, പ്രഖ്യാപിച്ചത്രേ,യവിടെ യുദ്ധമക്ഷണം,
എതിർക്കും ഗോത്രവർഗ്ഗക്കാർതൻ പുറംപൊളിക്കാൻ നാടുവാഴും മന്നനനയച്ച സേനാവിഭാഗം,
കാവ്യദേവതേ, പാടുക, ഇവർരണ്ടുമാദ്യം കൊമ്പുകോർത്തനേരം അത്രമേൽ വൈരാഗ്യപൂർവ്വമവരെ അയച്ച ദൈവമേത്?

ദണ്ഡകാരണ്യക്കിടാങ്ങൾ മഴദൈവത്തിന്നസാന്നിദ്ധ്യത്തിന് സാക്ഷിയാകേ,
ഗോദാവരിയാറ് മെലിഞ്ഞ്, കൈവഴികൾ വെള്ളാരം കല്ലുകളും ചെളിയും തിങ്ങും വെറും രേഖകളാകവേ,
പച്ചവയലുകൾ കുളങ്ങളുണങ്ങി വരണ്ടനാവു പോലെയായതിൽ ഇഗ്വാനയുമിഴജന്തുക്കളും പെരുകവേ,
മേഘമൊഴിഞ്ഞ മാനം, അർക്കൻ വാച്ചവീര്യത്തോടെയെയ്തു തൻ അമ്പുകൾ ക്രുദ്ധ നേത്രങ്ങളാൽ!

കാട്ടിലെ വയോവൃദ്ധജാലം ഗോത്രമേഖലതൻ ചുമതലയേറ്റും പടനായകസമക്ഷം ചെന്നു,
ആദായമില്ല പോയ മൂന്നാണ്ടിൽ, കൊടുംവരൾച്ചയേകും യാതന കാടിൻ മക്കൾ ചൊല്ലിക്കേൾപ്പിച്ചു വൃഥാ.
അതിർത്തി കാക്കാനായി പടവെട്ടാൻ പണംവേണം മന്നന്, ഒരുപേക്ഷയുമില്ല, കുടിശ്ശിക തീർക്കുക,
അല്ലെന്നാകിൽ, കാട്ടിലും മഞ്ഞിലും വാഴും മ്ലേച്ഛരേ, അറിയും ഞങ്ങൾക്കാ നികുതി വാങ്ങിയെടുപ്പാൻ, ജാഗ്രത!

സമ്മർദ്ദം നെഞ്ചിലേറ്റി നില്ക്കും വയോധികർതൻ കണ്ഠത്തിൽ തിളങ്ങി പടയാളികൾ തൻ ഖഡ്ഗങ്ങൾ!
പ്രമത്തനാം പടനായകൻ മുരണ്ടു - പോകുക, ഞങ്ങളുടെ കോപത്തെയുണർത്തൊല്ല - ജീവനുംകൊണ്ട് മടങ്ങീടാമിന്ന്!
ഉള്ളംക്കിടുങ്ങി വിറക്കെ വയോജരും വഴങ്ങി, തേനീച്ചക്കൂട്ടിലേക്ക് മടങ്ങും തേനീച്ചകൾതൻ - ഏകജാലം കണക്കേ,
പത്തുദിനംകൊണ്ട് കാട്ടിലെത്തി, ചൊല്ലിക്കേൾപ്പിച്ചൊരാ വിഫലശ്രമ - കഥാസാരം, അതിവിഷണ്ണരാം തൻകൂട്ടരോട്!

സ്ത്രീപുരുഷബാലകഭേദ്യമെന്യേ കാടിൻമക്കൾതൻ രക്ഷയ്ക്കായ് പ്രാർത്ഥിച്ചു,
'യുദ്ധം നിശ്ചയമെന്നാൽ', ചെല്ലി ഗോത്രരാജകുമാരൻ - 'വിശ്രമമില്ലിനി, പോരാടും നമ്മൾ.
ഒരുക്കുക അമ്പുകൾ വില്ലുകൾ തടിവാളുകൾ കുന്തങ്ങൾ; ഏറ്റം മുന്തിയ മുളകളിൽ നിന്ന്,
കായബലമുള്ള സ്ത്രീപുരുഷന്മാരെയെല്ലാം വിളിക്കുക, യുദ്ധതന്ത്രങ്ങളും മുറകളും നന്നായി പഠിപ്പിക്കുക!'

സമ്മക്ക ചൊല്ലി സ്വവല്ലഭനാം രാജാവിനോട്, 'ഓ രാജകുമാരാ! പൊലിഞ്ഞ വിജ്ഞാനത്തിന്റെ വഴിയാണ് യുദ്ധം.
ഈ കിടാക്കളെല്ലാം നമ്മുടെ പൂത്തുനിൽക്കും പൂമര-കായ്മരങ്ങൾതൻ വെറും ഇളംമൊട്ടുകൾ,
നാശംവിതയ്ക്കും കരിയുദ്ധത്തിനും യുദ്ധതന്ത്രങ്ങൾക്കും പേർകേട്ടൊരു ക്രൂരസാമ്രാജ്യത്തോടെങ്ങിനെയിവർ പോരാടും?
എങ്കിലും പ്രിയനേ, ഞാൻ കൂടെയുണ്ട്, ഞങ്ങൾ സ്ത്രീകളെല്ലാം - ഒരുക്കുക ഞങ്ങളേയും ജീവത്യാഗത്തിനായ്!'

കാട്ടിലെ മൂപ്പനിൽ നിന്നും രാജസമക്ഷമവരേറ്റ അപമാനത്തിൻ കഥയവൾ കേട്ടു,
അനേകം പൂർണ്ണചന്ദ്രന്മാരെ കണ്ടവനാ ജ്ഞാനി, പ്രഗത്ഭ നാട്ടുവൈദ്യൻ, ശ്രേഷ്ഠ പുരോഹിതൻ,
അവളുടെ മേദാരം വില്ലേജിലെ ആദ്യവളർത്തച്ഛൻ മേദരാജുവിന്നഭയം നൽകിയോൻ,
ശേഷം അവളെ പോറ്റി വളർത്തിയ പിതാവ്, കാടിൻ രീതികളവളെ പഠിപ്പിച്ചോൻ, വീരശൂരപരാക്രമി,
അവ്വണ്ണമൊരച്ഛനെയശ്രുപൂണ്ട് കാണവേ, കാട്ടുമക്കൾതൻ യാതനകാണവേ, പ്രതികാരോജ്ജ്വാലയായവൾ മാറി.

## –2–
# കാടിന്റെ തിളക്കം



ഇരതേടുമൊരു വ്യാഘ്രത്തിൻ ഉഗ്രഗർജ്ജനത്താൽ കീറിമുറിച്ചതാ കാടിൻ ചെവിയടപ്പിക്കും ഘോരനിശബ്ദത,
അവളുടെ കുഞ്ഞുങ്ങളെയാരോ ഉപദ്രവിച്ചിരിക്കാം, തിളച്ചുമറിയുമവളുടെ കോപം ആളിക്കത്തിക്കയറി നെടുങ്ങനെ!
ഓ, കുഞ്ഞേ! ആ വയോധികനോർത്തു - 'ഞങ്ങൾക്ക് തോന്നി കാട്ടിലൊരു പൈതലിൻ കരച്ചിൽ കേട്ടപോലെ,
അതൊരു പൗർണ്ണമിരാത്രി; പ്രപഞ്ചം മുഴുവനേ വെള്ളിവെളിച്ച ശോഭയിലാറാടി നിൽക്കും പോലെ!

അപ്പപ്പോഴുള്ള വ്യാഘ്രമുരൾച്ചകളും പൈതലിൻ കരച്ചിലുമൊഴിച്ചാൽ ആരണ്യമാകെ നിശ്ശബ്ദം.
കയ്യിലേതാനും കത്തുന്ന പന്തങ്ങളും, വന്യമൃഗങ്ങളെയോടിക്കാൻ ഡ്രമ്മുകളും, പിന്നെ വടികളും കുന്തങ്ങളുമുണ്ട്;
മാഘമാസത്തിലെ പൗർണ്ണമിതിങ്കൾ, ഓ കുഞ്ഞേ! വാച്ച വലുപ്പത്തിലും ശോഭയിലും കണ്ടു, മാനത്തും കുളങ്ങളിലും,
നമ്മുടെ സംമ്പെംഗ - ചംമ്പക് അരുവിയും ഗോദാവരിയും പെയ്തിറങ്ങും വെള്ളിശകലങ്ങളാൽ വെട്ടിത്തിളങ്ങി;

മഹാക്ഷേത്രങ്ങളിലെ പൂജാരിമാർ പറയുന്നത് ഈ മാസത്തിലത്രേ 'വാക്ക്' സരസ്വതി പിറന്നത്,
സൂര്യൻ തന്നൊറ്റച്ചക്രത്തേരിൽ വടക്കോട്ടു തെന്നിനീങ്ങുന്നു. രഥ സപ്തമിയെന്നതിനു പേർ;
ഭീഷ്മപിതാമഹൻ ഈ ധരണിവിട്ട്, ദിവ്യഭാവം പൂണ്ട്, സ്വർഗ്ഗഗമനത്തിനായി തിരഞ്ഞെടുത്തതും ഈ മാസം,
ഈ മാസാവസാനേ ആദിദൈവം ഭഗവാൻ ശിവനെ മഹാശിവരാത്രി ദിനമാരാധിക്കുന്നു. തിങ്ങും ഭക്തിയോടെ;

ഉച്ചത്തിൽ മിടിക്കും ഹൃദയങ്ങളുമായി, ശ്രദ്ധയോടെ, പതിഞ്ഞ കാലടിവെച്ച് ഞങ്ങൾ നടന്നു, കയ്യിൽ കുന്തങ്ങളുമായി;
ഒരു വൻമരത്തിൻ പച്ചമേലാപ്പിന്നടിയിൽ, ഒരു ഉറുമ്പിൻ പുറ്റിന്നരികെ, മൃദുകരമാമൊരു പ്രകാശധാര പതിച്ചിരിപ്പൂ.
ഒരുഗല്ലു കോട്ടക്കാവൽക്കാരെപ്പോലെ, ചാടിവീഴാൻ തയ്യാറായി ഒരുകൂട്ടം കടുവകളവിടെ ശൗര്യഭാവം പൂണ്ടുലാത്തുന്നു.
അവയെക്കണ്ടക്ഷണം പരിഭ്രമംപൂണ്ട് ഡ്രമ്മടിച്ച് ഒച്ചയാർത്തു ഞങ്ങൾ തീപ്പന്തങ്ങൾ വീശി;

അത്ഭുതം! വളർത്തുപൂച്ചകൾ കണക്കെ, ഞങ്ങളെയൊന്ന് നോക്കിയിട്ടവ പതിയെ അപ്രത്യക്ഷമായി, ഘോരവനാന്തരേ;
അവിടെ, ഓ കുഞ്ഞേ! ഞങ്ങൾ കണ്ടു നിന്നെ, ഉഗ്രമൊരു നാഗഫണത്തിൻകീഴെ, ഞങ്ങളെ നോക്കിയതാവുംവിധം ചീറ്റി,
കൂപ്പുകൈകളാൽ പ്രാർത്ഥിച്ചതിൻ ഫലം, ആ വെള്ളനാഗം നിലാവിൻ മൂടൽമഞ്ഞിൽ ലയിച്ചുമറഞ്ഞു,
രാജകീയയാടകളാൽ പൊതിഞ്ഞിരുന്ന നിന്നെ മോദംതിങ്ങും ഹൃദയങ്ങളോടെ ഞങ്ങളീ കുടിയിലേക്ക് കൊണ്ടുവന്നു.

നാട്ടുമൂപ്പ,നെനിക്കെല്ലാം സുലഭം, കുഞ്ഞുങ്ങളൊഴികെ, ആമോദംപൂണ്ടുള്ളിൽ ഞങ്ങൾ ദമ്പതികളീ ദിവ്യസമ്മാനത്താൽ;
നിൻവരവ് കൊണ്ടാടി ഗ്രാമവാസികളൊന്നടങ്കം, നീയുണർത്തി ഞങ്ങളുടെ ചേതനയെ ഒരു ദിവ്യശോഭാ തരംഗത്താൽ,
മേദരാജു നിന്നെയഭ്യസിപ്പിച്ചു ശസ്ത്രവിദ്യകളെല്ലാം, അദ്ദേഹത്തിന്നകാല മൃത്യുവിൻശേഷം ഞങ്ങളേറ്റെടുത്തു നിന്നുന്നതി,
ഓരോ പൗർണ്ണമി കഴിയുന്തോറും, വർദ്ധിച്ചു നിൻ സാമർത്ഥ്യവും ലാവണ്യവും; ദ്രുതവേഗതയുള്ളൊരു മാൻപേട നീ,
മധുക, സാൽ, ധവ, പടല, ടിണ്ടുക, ബദരി, മാവുകളാദി മരക്കൂട്ടങ്ങൾക്കിടയിൽ, മാറിവരും ഋതുഭേദങ്ങളിൽ,

കുതിപ്പിൽ നീയൊരു ഝിലിക - ചീവീട്, പാട്ടിൽ ഒരു കോകിലം, മിന്നൽ കണക്കെയോടുന്നതിലൊരു പുള്ളിമാൻ,
പറക്കുന്നതിൽ ഒരു സരസ കൊറ്റി, നീന്തുന്നതിൽ ചക്രവാക, കൂടാതെ പോരിൽ ഒരു രൗദ്രവ്യാഘ്രവും,
വില്ലു,മാവനാഴിനിറയെയമ്പുമായി നീ നീങ്ങുമ്പോൾ, ഹിംസ്രജന്തുക്കൾ സ്വമാളങ്ങളിൽ കിടുങ്ങി വിറച്ചു.
വന്യമൃഗ-പക്ഷി-മാനവക്കൂട്ടങ്ങൾ നിന്നിൽനിന്നും പഠിച്ചുവല്ലോ കാട്ടിൻ രീതികൾ, നീ ചൊല്ലും വഴിയെയവർ നടന്നു.
ഓ കുഞ്ഞേ! ഞങ്ങൾക്ക് പ്രകാശവുമാനന്ദവും കൊണ്ടുവന്ന നിനക്ക് ഞങ്ങൾ സമ്മക്കയെന്ന് പേരിട്ടു, അത് വളരുന്നു!'

–3–

# ബാലികയും ഒരു സ്വപ്നവും



അവൾ വളർന്നു, പുരാതന ലാവണ്യവും വശ്യതയുമാർന്ന് പൂത്തുപന്തലിച്ച ഒരു മാഹുവമരംകണക്കേ,
ഓരോ ദിനവുമൊരുത്സവം, ഓരോ ഉത്സവവും അതീന്ദ്രിയ കൊടുങ്കാറ്റിലലിഞ്ഞാടാനും പാടാനുമൊരു വേദി കണക്കേ!
മാഘമാസത്തിലീ ഗോത്രക്കാർ മഴദേവ ദമ്പതികളെ പൂജിച്ചുവന്നു - കളിമൺപ്രതിമകൾതൻ രൂപത്തിൽ,
'ഗജ്ജെ ബിംദു പെൻഡുൾ നെൻഡ് തെരുത' - അന്ന് ഞങ്ങളാഘോഷിക്കുന്നു മഴദേവതയുടെ വേളി, മുറ്റും പ്രതാപത്തിൽ!
യഥാസമയം മഴപെയ്യിച്ച്, കുളങ്ങൾനദികളിലെല്ലാം ജലം നിറച്ചനുഗ്രഹിക്കുന്നു; ഞങ്ങളെയെന്നും ആപത്തിൽ കാക്കുന്നു.

വിത്തുത്സവനാളിൽ വിത്തുവിതച്ച് ഭൂമിദേവിയെ പൂജിച്ച് അനുഗ്രഹം തേടുന്നു ഞങ്ങൾ,
പുളി-ഇക്ക ഉത്സവത്തിൽ കുട്ടകൾ നിറയെ പഴങ്ങൾ ശേഖരിച്ച് വരുമാനത്തിനായി ചന്തയിൽ വിൽക്കുന്നു ഞങ്ങൾ,
ടാഡി-പന ഉത്സവത്തിൽ നീർച്ചാട്ടങ്ങൾക്കരുകിൽനിന്ന് പനങ്കായ്കളും മാഹുലപ്പൂക്കളും ശേഖരിക്കുന്നു ഞങ്ങൾ,
ദസറ ഉത്സവത്തിൽ പുത്തനരിയും റാഗിയും, കാണി-കുറും ഉത്സവത്തിൽ വാച്ചമോദത്താൽ ചോളവും കഴിക്കുന്നു ഞങ്ങൾ,
ബീൻസാണിഷ്ടം സികുടു ഉത്സവത്തിൽ, മാർക ഉത്സവത്തിലോ ഗ്രീഷ്മം തരും മാങ്ങകളും ഞങ്ങൾക്ക്!

വനാന്തരേ പോകണം നമുക്ക്, ഒളഗഡ്ഡ, ബെസിഗഡ്ഡ, ഇത ഗഡ്ഡ കിഴങ്ങുകൾ പറിക്കണം,
ഇലച്ചെടികൾ, നല്ലിളം മുളക്കൂമ്പുകൾ, പുളി, പിന്നെ തുവരപ്പയറും കണ്ടി പൂക്കളും പറിച്ചുകൊണ്ടുവരണം,
ശേഖരിക്കാം നമുക്ക് നെല്ലിക്ക, ഇലന്ത, ഞാവൽപഴങ്ങൾ, പുകയില, ചേന, കശുവണ്ടി, മുളക്, കൂടാതെ പനയോലയും വേണം,
ഇവകൂടാതെ അരി, മുതിര, ചോളം, മധുരക്കിഴങ്ങ്, മാങ്ങ, ചക്ക, പുകയിലയാദി നമ്മുടെ കലവറയിൽ കരുതണം,
അവയെല്ലാം അങ്ങാടിയിൽ വിറ്റ് വളകൾ, കമ്മലുകൾ പിന്നെ ദിനന്തോറും വേണ്ട മറ്റു പലവകകളും വാങ്ങണം!

അന്ന് പുരുഷന്മാർ കുഴലൂതി ചെണ്ടകൊട്ടി മഴദേവത-ഝങ്കാര ദേവതയെ ആരാധിച്ചു,
അനുഗ്രഹത്തിനായി ഭൂമീദേവി, വനദേവത, പിന്നെ കുടുംബപരദേവതകളെയെല്ലാം പാട്ടുകളാലും നൃത്തങ്ങളാലും വാഴ്ത്തുന്നു,
ഗ്രാമ(ലോടം)ത്തിൽ പൈതങ്ങളുൾപ്പെടെയെല്ലാവർക്കുമുണ്ടൊരു പങ്ക് മാഹുലയോ സലപയോ പാനനത്തിന്,
ഡുംങ്ക ഡുംങ്ക ചെണ്ടമേളമോടെ, വട്ടത്തിലും വൃത്തങ്ങളായും ചടുലതരമാം ധിമിസ നൃത്തച്ചുവടുകൾ വെയ്ക്കുന്നു,
അർദ്ധരാത്രിയോടെല്ലാരുമേ തളർന്നു, ശുഭാംഗി സമ്മക്ക ആലയംപൂണ്ടുറങ്ങി നിർവൃതിയിലങ്ങനെ!

ആ പുലർകാലവേളയിലവൾ കണ്ടൊരു സ്വപ്നം, ആ സ്വപ്നത്തിൽ, അവളങ്ങനെ നടന്നുപോകെ,
ചമ്പക് നദിക്കടുത്ത്, കുറുനരിത്തലകൾ മുഖംമൂടിയായണിഞ്ഞ ചില കുതിരക്കാർ, കുരയ്ക്കും വേട്ടനായ്ക്കളോടൊപ്പം,
ആക്രമിച്ചവളെയെല്ലാ ദിക്കിൽനിന്നു,മെങ്കിലും വീര്യത്തോടവൾ ചെറുത്തു, തൻ ഗ്രാമഭാഗേക്കുതിച്ചു;
എന്നാലവർ വീണ്ടും കൂട്ടംചേർന്നവളെ തട്ടിയെടുക്കാനാഞ്ഞു; ആ നിമിഷം വ്യാഘ്രങ്ങൾ ഉഗ്രകോപത്താലലറി;
അവൾ കണ്ടു, ഒരു ഗോത്രപടയാളി മുഖംമൂടികൾതന്മേൽ ചാടിവീഴുന്നതും, വീര്യത്തോടെയവരെ പായിക്കുന്നതും!

ഒരു കല്ലിൽ കാലുതെന്നിയടുത്തനിമിഷം, ഒരു വൻ ചെമ്പാറമേലിടിച്ചവൾ നിലംപറ്റി-
യൊരു കിംശുകമലർ (ഫ്ളെയിംസ് ഓഫ് ഫോറസ്റ്റ്) കുന്നിലേക്ക്, ഒരു വൻശബ്ദമോടെ.
സുന്ദരനാം ആ യോദ്ധാവ് കരുണാർദ്രഭാവംപൂണ്ടവളുടെ സമീപമടുക്കുന്നതവൾ കണ്ടു,
കയ്യിൽ ഒരു താമരയിലക്കുമ്പിൾ നിറയെ ജലവുമായി; അവനാജലമവളുടെ മുഖത്ത് തളിച്ചു,
അവളുടെമേൽ പതിച്ചുടൻ ജലം ചുടുചോരപോലെ ചുമന്നൊഴുകി; ഞെട്ടിയുണർന്നവൾ കരഞ്ഞു - 'അമ്മേ'!

## –4–
## പ്രവേശനമാർഗ്ഗ അനുഷ്ഠാനങ്ങൾ



അമ്മയവളെ സസൂക്ഷ്മം നോക്കി, ആഹ്ലാദത്തോടെ വിളംബരംചെയ്തു – 'ഓ പെണ്ണുങ്ങളേ ഇവിടെ വരിക! വേഗം വരിക!
നമ്മുടെ മാഹുവമരം പൂത്തിരിക്കുന്നു; അവളുടെ മായികലോകത്ത് ചന്ദ്രക്കല പൂർണ്ണചന്ദ്ര രൂപമെടുത്തിരിക്കുന്നു!
ഇളംനാഗം അതിൻ ആദ്യപടം പൊഴിച്ചിരിക്കുന്നു; ഈ മാൻപേടയൊരു ആശയക്കുഴപ്പത്തിലും, ചുവപ്പിൻ ഭയത്തിലുമാണ്!
ഈ പെൺകുട്ടിയവളുടെയാദ്യ ചെഞ്ചന്ദ്രൻ പൊഴിച്ച വാർത്ത വദ്ദെ പുരോഹിതനും മുത്തശ്ശിയുമറിയട്ടെ, ഓ പ്രിയപ്പെട്ടവരെ!'
വിറകൊള്ളുമാ മാൻപേടയെയമ്മ തൻ കൈകളിലെടുത്തിട്ട് ചൊല്ലി – 'ഓ തങ്കമേ! ഇപ്പോൾ നീയൊരു കന്യകാപുഷ്പം'!

ഗ്രാമമുത്തശ്ശി കാട്ടിനകത്ത് കയറി, ഒഴിഞ്ഞൊരിടത്ത്, അടുത്തടുത്ത രണ്ട് ആൽമരങ്ങൾക്കടുത്ത്, പാടവത്തോടും
കൈത്തഴക്കത്തോടും തീർത്തു രണ്ട് തൽക്കാല കുടിലുകൾ, ഓരോ മരങ്ങളിലുമൊന്നു വീതം, നവസുഗന്ധത്തോടെ,
മുളന്തണ്ടുകളും സുഗന്ധമെഴും പുല്ലുകളുംകൊണ്ട് ആ കുടിലുകളവർ നിഷ്കളങ്കയാം കിടാവിന് സുഖകരമാക്കി.
ഏഴുനാൾ അവർ ആ കുടിലുകളിൽ കഴിഞ്ഞു, പുരുഷദൃഷ്ടിപതിയാതെ, ഭൂമിയും പൂക്കളും
മരങ്ങളും തൊടാതെ; വൃദ്ധ മൊഴിഞ്ഞു– 'ഇപ്പോൾ നീയവയെത്തൊട്ടാൽ വന്ധ്യമായിപ്പോവുമവയെല്ലാം!'

ഗ്രാമമുത്തശ്ശി ചൊല്ലിക്കൊടുത്തു, പെൺകൊടിക്ക്, സ്ത്രീത്വത്തിൻ രഹസ്യം, കൂടെയതിൻ കഠിനയാത്രകളും,
ഇളംനെഞ്ചിലെ അർദ്ധചന്ദ്രന്മാരെക്കുറിച്ചും, വികാരകടൽക്ഷോഭത്താലുണ്ടാവും സമ്മർദ്ദത്തിൻ ഉയർച്ചവീഴ്ചകളെപ്പറ്റിയും,
പുതുമുടിക്കുരുപ്പുകൾ, മതിജന്യസ്വപ്നങ്ങൾ, അമൃതനീരൊഴുക്കുകൾ, സ്വരവ്യതിചലനം, ചാഞ്ചാടും വികാരഭാവങ്ങൾ,
ഒരു കുസുമത്തിൻ മോഹാഹ്ലാദങ്ങൾ, കാലക്കേടിൻ നഷ്ടങ്ങൾ വ്യഥകൾ – കഥ/കടങ്കഥകൾ ചൊല്ലിയവർ വിവരിച്ചു!
ഏഴാംനാൾ മഞ്ഞൾജലത്തിൽ കുളിച്ച്, പുതുമോടിയണിഞ്ഞ്, അവൾ എല്ലാ ശ്രേഷ്ഠജനങ്ങളേയും കണ്ടു!

സ്വച്ഛന്ദമാം സായാഹ്നങ്ങളിൽ, പതിവുപോൽ പെൺകൊടികളെല്ലാം ഒത്തുചേർന്നു ധങ്കാടി പിക്കിൻ – കുഡ്മാസിൽ,
ധങ്കാട ബാസയിലെന്നും വിവാഹപ്രായമാർന്ന ആൺകുട്ടികൾ, കൂട്ടങ്ങളായി, ആചാരനൃത്ത പരിശീലനം നടത്തിവന്നു.
ധോല, ടമക്, ഡുഡുങ്ക, മാഹുരി, കുഴൽ, ബൻസൂരി, എക്താര, ഓടക്കുഴൽ, പിന്നെ മറ്റു വാദ്യോപകരണങ്ങളും,
ലഹരി പാനീയങ്ങൾ മാഹുലി, ലാൻഡ, ഹാൻഡിയ, സലപ – എല്ലാമൊഴുകിയവരുടെ മതിമറന്ന ചലനങ്ങളിലേക്ക്.
അങ്ങനെയൊരുനാൾ നികുതിയടപ്പിനായി ഒരുഗല്ലുവിലേക്കുള്ള മാർഗ്ഗമദ്ധ്യേ ആ ഗ്രാമത്തിലെത്തി ഗോത്രത്തലവൻ!

വില്ലേജുമൂപ്പന്മാർ സ്വാഗതമേകിയാ സുമുഖനാം പടയാളിക്ക്, ആചാരപരമായി, ആദരങ്ങളോടെ.
ആ പൗർണ്ണമിനാളിലേവരും കണ്ടു മൂന്ന് പൂർണ്ണചന്ദ്രന്മാരെ, അവരുടെ പ്രകാശപൂരിതമാം ദൃശ്യകാൻവാസിൽ,
ഒന്ന് നീലാകാശത്തിൽ, മറ്റൊന്ന് പ്രഭയെഴും ഗോത്രരാജകുമാരൻ മോദമുണർത്തും പെരുമാറ്റവുമായി,
പിന്നെ കാണായ്‌വന്നു,വേറ്റം ലാവണ്യമെഴും പൗർണ്ണമി,യവളുടെ നിലാവ് പൊഴിക്കും ശുഭ്രവസ്ത്രമണിഞ്ഞ്,
ഡ്രമ്മടിയുടെ താളത്തിലവൾ നൃത്തമാടവേ പിടിച്ചു തീ ഗോത്രരാജകുമാരൻതൻ ഹൃദയത്തിന്!

ധിമിസ നൃത്തമന്നേറ്റം മികച്ചിരുന്നത്രേ; ഇളംപെൺകൊടികൾ മാൻപേട, മയിൽ, ഹംസങ്ങൾ കണക്കെ മതിമറന്നാടി,
ഡപ്പു, ഡോലു, ടുമുഡു, മോരി, കിരിഡി, ഇരട്ടക്കുഴൽ ജോഡു കൊമ്മുലു – എന്നിവതൻ താളത്തിനും നാദത്തിനുമൊപ്പം,
ഭാഗ്, നാടികരി, കുൻഡ–പോട്ട്, സമ്പോർനിസാനി, ബയ്യാ, മൗലി, ഗൊഡ്ഡി ബേട്ട നൃത്തരീതികളെല്ലാമവർ കാഴ്ചവെച്ചു,
സമ്മക്ക നൃത്തക്കളത്തിൽ കേന്ദ്രബിന്ദുവായി, കളിയായി വേട്ടയാടലും പ്രേമോദ്ദ്യേദകമാം ഭാവപ്രവാഹത്തിലും നൃത്തമാടി,
അവളുടെ വശ്യമാർന്ന നൃത്തത്തിനൊടുവിലാ പൂർണ്ണേന്ദു കണ്ടു തൻ സ്വപ്നത്തിലെ യുവവീരയോദ്ധാവിനെ,
അവളെ സമീപിക്കുന്നു, ആകാശം മുഴുവേ അവൾക്ക് ചുറ്റും കറങ്ങി, ഒരു നിലവിളിയോടെയവൾ താഴെ വീഴാൻ ഭാവിക്കേ,
ഒന്നുമാത്രമവളോർമ്മിപ്പൂ, രണ്ടുകരങ്ങളവളെ പ്രേമപൂർവ്വം താങ്ങിയിരിപ്പൂ; അവളറിഞ്ഞു ഭദ്രത; ബോധവും മറിഞ്ഞുടനെ;

–5–

# ഭൂമിയും മഴയും തമ്മിലുള്ള വിവാഹം



ക്ഷണികമാത്രനേരത്തേയ്ക്ക് അവളുടെ ബോധംമറഞ്ഞു, ആദ്യമഴയിൽ കുതിർന്ന ഭൂമിദേവീയെപ്പോലെ,
ചുറ്റുംപരന്നു പ്രേമത്തിൻ പുതുമണ്ണിൻ സുഗന്ധം, മന്ദമാരുതൻ പരത്തും മാഹുലകുസുമങ്ങൾതൻ സുഗന്ധംപോലെ,
അവളറിഞ്ഞില്ല, ആ വൈകുംവേളയിൽ, എപ്പോഴാണാ കരങ്ങളിൽ നിന്നമ്മതൻ മടിയിലവളെത്തിയതെന്ന്;
മിഴിതുറക്കുന്നേരം ആധിപൂണ്ടരികെയിരിപ്പൂ മാതാപിതാക്കൾ, രണ്ട് കാവൽ ഗോപുരങ്ങൾ കണക്കേ!

തൂമഞ്ഞിൻ മെത്തയിൽ നിന്നുമുണർന്നു പുതിയൊരുഷസ്സ്, പൂങ്കോഴികൾതൻ ഗാനങ്ങളലയടിക്കേ,
പ്രഭാതം തന്റെ സുന്ദരവിരൽത്തുമ്പിനാൽ കിഴക്കേ ഗോപുരം കുങ്കുമവർണ്ണം പൂശി, മേഘങ്ങൾക്ക് സ്വർണ്ണച്ചിറകുകളും,
നിശയിലെയവളുടെ അതിഥികളാം ചന്ദ്രതാരകങ്ങൾ പതിയേ മടങ്ങിയൊരാ വിദൂര വസന്തങ്ങളിലേക്ക്,
കളകൂജനങ്ങളാൽ സ്വാഗതമോതുന്നു പക്ഷികൾ; പൂക്കളും ചിലന്തിവലകളും മഞ്ഞിൻ മുത്തുമണികളണിഞ്ഞിരിപ്പൂ!

‘അവൾക്കിപ്പോൾ സുഖമായോ?’ – പുറത്തവന്റെ ശബ്ദം കേട്ടു, തൻ മേന്മയെഴും പായയിൽ നിന്നുമെഴുന്നേറ്റു പൊടുന്നനെയവൾ,
പുറത്തുവന്നവനെ സ്വീകരിച്ചിട്ടാതാതൻ മൊഴിഞ്ഞു– ‘അതെ മകനെ! തടാകത്തിലെ താമരപ്പൂപോലെ ഉന്മേഷവതിയാണവൾ.’
ആ യോദ്ധാവ് മറുപടിമൊഴിഞ്ഞു– ‘മടക്കത്തിൽ വരുന്നുണ്ട് ഞാൻ വീണ്ടും, ഓ പിതാവേ! എല്ലാവർക്കുമെന്നാശംസകൾ’
കലമാൻകണ്ണുകളവിടമാകെ തേടി, മുളംതണ്ടിൻ ജനാലമറവിലവളും മാൻപേടകണക്കെ,യവന്റെ വിളിക്കായ് കാതോർത്തു.

അവരുടെ വിവാഹമറിയിച്ചുടൻ ആ ഗോത്രഗ്രാമങ്ങൾ മുഴുവൻ ചെണ്ടകൊട്ടി ആഘോഷിച്ചാനന്ദത്തിലാറാടി.
ദുശാഠ്യങ്ങളില്ലാത്ത മഴദൈവത്തിൻ പുത്രന് കാടിന്റെ ദേവതയായ ഭൂമിദേവിയുടെ പുത്രിയെ കൈപിടിച്ചു നൽകി.
മാനമൊരു പന്തൽ, മേഘങ്ങളോടിനടക്കും ദൗത്യനിർവ്വാഹകർ, കുന്നുകളതിഥികൾക്കിരിപ്പിടം, മരങ്ങൾ നല്ല കാവൽക്കാർ,
തേനീച്ചകളും കുരുവികളും കോകിലങ്ങളും സംഗീതംപൊഴിക്കട്ടെ, മയിലുകളും തത്തകളും വാതിൽക്കൽ നൃത്തമാടട്ടെ,

ഇടിമുഴക്കം ചെണ്ടമേളമാവട്ടെ, ഉല്ലാസംപൂണ്ട മന്ദമാരുതൻ ഓടക്കുഴലും കുഴൽവാദ്യവുംചേർന്ന യുഗ്മഗാനമാലപിക്കട്ടെ,
ഇടിമിന്നൽ പൂക്കളം തീർക്കട്ടെ, നീലമകുടത്തിന്മേലുള്ള മാന്ത്രികചിഹ്നങ്ങൾ കവികളാകട്ടെ,
ചമ്പകയാറ് അതിഥികൾക്ക്മേൽ പനിനീർ തളിക്കട്ടെ, ആഹ്ലാദിക്കട്ടെ,
ജാജി, മുല്ലകൾ, ജമന്തികൾ, ചെണ്ടമല്ലി, മാവിലകളെല്ലാം പ്രകാശത്തിലാറാടട്ടെ!

വരനതാ വരുന്നു അവന്റെ പ്രൗഢിയെഴുമശ്വത്തിലേറി, അകമ്പടിക്കാരോ മനോജ്ഞമായലങ്കരിച്ച കാളവണ്ടികളിലും!
കൊണ്ടുവരുന്നു അവൻ നെല്ല്, ചോളം, കന്നുകാലികൾ, പുകയില, ആഭരണങ്ങൾ, വസ്ത്രങ്ങൾ, മദ്യമാദിയെല്ലാം
വധുവിൻ വിലയായ്; അതിഥി മന്ദിരത്തിലേക്കവനെയെതിരേൽക്കാം നമുക്കേറ്റം മികച്ച പാട്ടുകളോടെയും നൃത്തങ്ങളോടെയും,
പനങ്കള്ള് ധാരാളമായൊഴുകട്ടെ, ആനന്ദത്തിൽ മുങ്ങിയ ഉല്ലാസത്തിമിർപ്പ് ദിവസം മുഴുവൻ നീളട്ടെ!

പല്ലക്കേറിയതാ പോകുന്നു, നമ്മുടെ കണ്ണിലെ കൃഷ്ണമണി, നമ്മുടെ പ്രിയരാജകുമാരി, മെരുങ്ങിയ പെൺപുലി കണക്കെ,
പുതുമാരനെയൊന്നു നോക്കൂ, താരകക്കൂട്ടങ്ങൾക്കിടയിലെ പൂർണ്ണചന്ദ്രൻ, ശുഭ്രവസ്ത്രധാരി, വ്യാഘ്രഗമയിൽ നടക്കുന്നു,
ബിജ്ജ – ദേവത ഇളവേൽപിനേയും കുടുംബപരദേവതകളേയും നമുക്ക് വണങ്ങാം, കൂടെ മറ്റെല്ലാ കുലദൈവങ്ങളേയും,
ചരിത്രത്താളുകളിൽ വലിയ അക്ഷരങ്ങളിലെഴുതപ്പെടട്ടെയീ സമ്മക്ക – പഗഡിദ്ധ രാജു വിവാഹം!

വാച്ചമോദത്താൽ നനുത്തിളങ്കാറ്റ് മരങ്ങളെത്തഴുകി, മരങ്ങളോ ആ മംഗളഘോഷയാത്രമേൽ വാസനാമലരുകൾ പൊഴിച്ചു;
മുഴുവൻ വിവാഹഘോഷയാത്രയും വരന്റെ ഗ്രാമത്തിലെത്തി; എവിടെത്തിരഞ്ഞാലും ആഘോഷം മാത്രം!
മൂന്നുനാളങ്ങനെ സദ്യയുണ്ടും നൃത്തമാടിയും മറ്റെല്ലാം മറന്നവർ ആഘോഷിച്ചാ വിവാഹം,
അക്കാലത്തെയേറ്റം മഹത്തായ ഗോത്രവിവാഹമത് ഭൂമിയേയും മഴയേയും വശ്യമായൊരഭിനിവേശത്തിലൊരുമിപ്പിച്ചു!

## -6-
## യുദ്ധം ശ്വസിക്കും രാജ്യം



ഉരുണ്ട് ഭാവപൂർണ്ണതയെഴുമൊരു കൃഷ്ണശില നിങ്ങളെ നോക്കുന്നു, കല്ലായിത്തീർന്നൊരു പുരാണഭീമൻ കണക്കേ,
മൂന്നു കോട്ടമതിലുകളാൽ ചുറ്റപ്പെട്ട്, ദുർബല അതിർത്തികളിൽ യുദ്ധം ശ്വസിക്കുന്ന ഒരു രാജ്യം അതിനെ ചുറ്റിക്കിടക്കുന്നു,
ഒരുഗല്ലു-ഒറ്റക്കല്ല്, ഏകശില, രാജ്യതലസ്ഥാന നഗരിയാ കറുത്തകല്ലിൻ നാമത്തിങ്കലറിയപ്പെട്ടുവന്നു,
ബേട്ട മുതൽ പ്രോല രാജാക്കൾ ഒന്നും രണ്ടും, രുദ്രദേവ, മഹാദേവ, ഗണപതിദേവ രാജ,
ധീരരാജ്ഞി രുദ്രമ ദേവി തുടങ്ങി, ചെറുമകൻ പ്രതാപരുദ്രവരെ - യുദ്ധമൊരു കൂടപ്പിറപ്പായിരുന്നത്രേ!

അവർ അവരുടെ ഗ്രാമദേവത 'കാകതി'യെ ആരാധിച്ചു; രുദ്രദേവ ഒരുഗല്ലു നഗരത്തെയൊരു ഭാവിവാഗ്ദാനമാക്കി മാറ്റി,
ഗണപതിദേവ ഭൂമിദേവിയുടെ ക്ഷേത്രം നിർമ്മിച്ചു, കൂടെ വലിയ നാല് കമാനങ്ങളും- 'വിജയതോരണങ്ങൾ'!
അദ്ദേഹത്തിന്റെ പുത്രി രുദ്രമ ദേവി ജനങ്ങളോടുള്ള കാരുണ്യത്തോടെ ആ രാജ്യം ഭരിച്ചു,
ശേഷം അവരുടെ ചെറുമകൻ പ്രതാപ രുദ്ര രാജ്യഭാരം കയ്യേറ്റു, കൂടെ ധാരാളം ആഭ്യന്തര കലഹങ്ങളും!
രാജ്യാതിർത്തികളെല്ലാം തന്നെ തിളച്ചുമറിയുകയായിരുന്നു, കൂടാതെ ദൽഹിയിൽനിന്നൊരു ക്ഷുദ്രജീവിയും കൂടെച്ചേർന്നു.

അലാവുദ്ദീൻ ഖിൽജി, അത്യാഗ്രഹം കുത്തിനിറച്ചൊരു നിഷ്ഠൂരൻ, ഭയങ്കരൻ, അസംസ്കൃതൻ, നിഷ്കരുണൻ,
"ഓ ദൈവങ്ങളെ, ഭൂമിയിൽനിന്നും ഇത്തരമൊരു ക്ഷുദ്രജീവിയെയകറ്റണേ" അത്രയ്ക്കുവാച്ചൊരു ക്രൂരതമൂലം
വൈരികളെല്ലാം പ്രാർത്ഥിച്ചു. രാജ്യങ്ങൾ പിടിച്ചടക്കുകയത്രേ അയാളുടെ ഏകവിനോദം, കൂടെ സുന്ദരികളാം
സ്ത്രീകളേയു,മെന്നിട്ട് പീഡിപ്പിക്കുകയവരെ നിരന്തരം; തെക്കിന്റെ സ്വർണ്ണ-ധാന്യ-സമ്പുഷ്ടതയിലേക്കവൻ
കൺനട്ടു; ദൽഹിതൻ തുംഗസിംഹാസനമേലേറിക്കൊണ്ട്; ദേവഗിരിക്കുശേഷമവന്റെ ആർത്തിതൻ
നാക്കും പാത്രവും യാതനകളാൽ വലയും, സുഗന്ധപൂരിതമാം, ഒരുഗല്ലു രുചിക്കാൻ വെമ്പി.

പ്രതാപരുദ്ര സഹിക്കുകയില്ല തൻ സാമ്രാജ്യത്തിന്നകത്തങ്ങോളമിങ്ങോളം വിമതരാം സാമന്തരാജാക്കളെ,
പൊറുത്തില്ലൊരിക്കലുമദ്ദേഹം തൻമുത്തശ്ശിയുടെ മരണഹേതുക്കളായ അംബാദേവ കുടുംബത്തോട്,
മുളികിനാടിന്നതിർത്തിക്കുള്ളിൽ കടന്ന് വേട്ടിയാടി,യവരെ ശാപത്താലാളിപ്പടർന്ന കാട്ടുതീ കണക്കെ കരിച്ചുവത്രേ,
ഇമ്മാതിരിയൊരു വൻസേനയെ പോറ്റുവാൻ വേണം പണം; കൂടുതൽ പണം; നാനാസ്ഥാനമലംകൃത
സാമന്തപ്രഭുക്കളേയും പോറ്റണം; മന്ത്രിമാരെല്ലാം തന്ത്രശാലികൾ, പട്ടാളക്കാർ ധൈര്യശാലികളി,-
രിക്കിലും ശത്രുക്കളൊരു കൂട്ടം വെട്ടുകിളികൾ പോലെ മഹാദുർഘടം.

അങ്ങുവടക്ക് രക്തദാഹി മുഗളർ സംഘം ദൽഹിയേയും സമീപപ്രദേശങ്ങളേയും ആക്രമിച്ചു.
തിരകളായി വന്ന,വർ ഗ്രാമനഗരങ്ങൾ ചവിട്ടിമെതിച്ച്, കൊള്ളയടിച്ച്, കത്തിക്കരിഞ്ഞെല്ലുകളും പുകയുംമാത്രം
ബാക്കിയാക്കി പോയി. അലാവുദ്ദീൻ അവരുടെയാക്രമണങ്ങളെ ചെറുത്തു, കുന്തമുനകളിൽ
തലകൾ ഉയർത്തിക്കാട്ടി ശത്രുവിൻ ഭീകരതതന്നതേ തന്ത്രം മാറ്റുരച്ചുനോക്കി, തലയോട്ടിക്കൂമ്പാരങ്ങളുടെ
മുകളിൽ വിജയക്കൊടി പാറിച്ചു, ജനനികൾതൻ കൺമുമ്പിൽ കുഞ്ഞുങ്ങളെയരുംകൊല ചെയ്തു;
കരിഞ്ഞ മാംസം മണക്കും പുകഞ്ഞ മേഘങ്ങളിപ്പോൾ വിന്ധ്യാചലത്തിൻ മാനം കടന്നുകഴിഞ്ഞു.

രുദ്രദേവ ഭരണകാലത്ത്, അദ്ദേഹത്തിന്റെ വികസനസംരംഭങ്ങൾക്കിടയിലാണിക്കഥ നടന്നതെന്ന് ചിലർ പറയുന്നു.
ഗ്രാമങ്ങളെയാകെ കൊടിയ കാട്ടുതീ വളയുന്നേരം കാടിൻ മക്കൾ എന്തു ചെയ്യേണ്ടു?
മര-മൺപ്രതിമകൾതൻ മുൻപിൽ സാഷ്ടാംഗം നമസ്കരിച്ച്, അരുണിമയാർന്ന ആകാശനീലിമയോടവർ പ്രാർത്ഥിച്ചു.
മഞ്ഞൾകുങ്കുമാദി നിറഞ്ഞ മാന്ത്രികചിഹ്നങ്ങൾ കണ്ണീരാലും, ഭയത്തിൻ മഞ്ഞുകണങ്ങളാലും നനഞ്ഞു,
വേപ്പിലകളാലും ചെണ്ടമല്ലിമാലകളാലുമലങ്കരിച്ച ബലിപീഠങ്ങളിൽ പക്ഷിമൃഗശിരസ്സുകൾ കുന്നുകൂടി,
അവർക്കറിയുമോ കുരുതിവാളെപ്പോഴവരുടെ കഴുത്തിൽ വീഴുമെന്ന്, അവരെന്നാലും മുന്നോട്ടുതന്നെ ചരിക്കുന്നു!

–7–

# ഇന്ദുഗീതം



മാഹുലക്കാറ്റിൻ വശ്യശക്തിയിൽ വശംവദരായി പാരറ്റ് ഹില്ലിൻ നേരെയവർ നടന്നുകൊണ്ടേയിരുന്നു,
സമ്മക്ക കണ്ടു, രാത്രി മാനത്ത്, പൂർണ്ണചന്ദ്രനെ, പിന്നെ ഒരു സംഗീതമൂർച്ഛയിൽ നിൽക്കും ഘോരവനത്തേയും,
ഓ ചന്ദ്രദേവ! അവർ പാടി - 'ജ്യേഷ്ടമാസത്തിൽ ഞങ്ങൾ ഞങ്ങളുടെ നിലമുഴുത് വിത്തുവിതയ്ക്കുന്നു,
ആഷാഢമാസത്തിലും കുറ്റിക്കാടുകളും കളകളും കത്തിച്ച, നനഞ്ഞമണ്ണിൽ ഞങ്ങൾ വിത്തുവിതയ്ക്കുന്നു.

ശ്രാവണ മാസത്തിൽ ഞങ്ങൾ കിഴങ്ങുകളും വേരുകളും പച്ചമരുന്നുചെടികളും സംഭരിക്കുന്നു,
ഭദ്രപാദ മാസത്തിൽ ഞങ്ങൾ കുരുമു ഉത്സവം അല്ലെങ്കിൽ പുതിയ സുവാൻ ഭോജനം, പ്രതീകാത്മകമായി, കൊണ്ടാടുന്നു,
അശ്വായുജ മാസത്തിൽ ഞങ്ങൾ ആദ്യംവിളഞ്ഞ നെല്ലുകൊയ്യുന്നു, എന്നിട്ട് പുത്തനരി കഴിക്കൽ ആഘോഷം കൊണ്ടാടുന്നു,
കാർത്തിക മാസത്തിൽ ഞങ്ങൾ ബീൻ-സികുഡു ചടങ്ങ് നടത്തുന്നു, പക്ഷിമൃഗാദികളിൽ നിന്നും വിളകളെ കാക്കുന്നു.

മാർഗസിര മാസത്തിൽ ഞങ്ങൾ നെല്ല്, ചോളം, സുവൻ, പയറുവർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ എന്നിവ ഉണക്കി ശേഖരിക്കുന്നു,
പുഷ്യമാസത്തിൽ ഞങ്ങൾ ധാന്യങ്ങളും പയറുവർഗ്ഗങ്ങളും മേന്മയേറും സിണ്ടിപുല്ലുംകൊണ്ട് സംഭരണികൾ നിറയ്ക്കുന്നു,
മാഘമാസത്തിൽ ഞങ്ങൾ ബിംഡു പാണ്ടുവിൽ അവിടുത്തെ മഹത് പ്രവൃത്തികളെ വാഴ്ത്തികൊണ്ട് മഴദൈവത്തെ പൂജിക്കുന്നു,
ഫാൽഗുനി മാസത്തിൽ ഞങ്ങൾ മാഹുല പൂക്കളും കെണ്ടു ഇലകളും വലിയ അളവിൽ ശേഖരിച്ച് കാത്തുവയ്ക്കുന്നു.

ചൈത്രമാസത്തിൽ ഞങ്ങൾ പുതിയ മാഹുല ഭോജനം നടത്തി ഇക്ക പാണ്ടു കൊണ്ടാടുന്നു, വേട്ടയാടാനും പോകുന്നു,
വൈശാഖ മാസത്തിൽ ഞങ്ങൾ മാമ്പഴം ചക്ക തുടങ്ങിയ കാലിക പഴങ്ങൾ ശേഖരിച്ച് ബിജ്ജ ഉത്സവം കൊണ്ടാടുന്നു,
വേനൽ മുഴുവൻ ഞങ്ങൾ പനംകരിക്കിൻ നീരുകുടിച്ച് മുത്ത്യാലമ്മ ദേവിയോട് ഗ്രാമത്തിൻ നന്മയ്ക്കായ് പ്രാർത്ഥിച്ചു കഴിയുന്നു,
മൃഗവേട്ട നടത്തുന്നു, മീൻ പിടിക്കുന്നു, ആട്, മാട്, ചെമ്മരിയാട്, പന്നി, താറാവ്, കോഴി
എന്നിവയെയെല്ലാം കൃഷിക്കും ആഹാരത്തിനുമായി ഞങ്ങൾ പോറ്റി വളർത്തുന്നു

ഓ പൂർണ്ണചന്ദ്രഭഗവാൻ! നിന്നെ നിത്യഹരിതനാക്കും ചാരുതയോട് മത്സരിക്കാനാർക്കാകും?
നിന്നുജ്ജ്വല രശ്മികൾ കാർമുകിൽ മുഖപടവക്കുകളിലൂടെ തുളച്ചുകയറി നിൻ വെള്ളിരേഖകളെ വ്യക്തമായി കാണാറാക്കിയല്ലോ!
ചന്ദ്രഭഗവാൻ! സ്നേഹം, അഭിനിവേശം, സന്താനസമൃദ്ധികളാദി നൽകിയനുഗ്രഹിക്കുക ഞങ്ങളെ,
നിന്നുടെ ചിറകിന്നടിയിൽ ഞങ്ങളുടെ സന്താന പരമ്പരകൾ വളരട്ടെ!
നിൻ വെള്ളിനിലാവിൽ, ഒരു വൻമാഹുലമരത്തിൻ കീഴെ, വസന്തത്തിൻ പ്രണായാനുഭൂതി ഞങ്ങൾ നുകരട്ടെ!

പല പൂർണ്ണചന്ദ്രന്മാർ കടന്നുപോയി. കാടിന്റെ പ്രതാപികളാം ദമ്പതികൾ മൂന്നു കുഞ്ഞുങ്ങളാലനുഗ്രഹീതരായി;
സരളക്ക, നഗുലമ്മ, ജമ്പണ്ണ - ഗോത്രദേശത്തിന് മുഴുവൻ അവർ ആനന്ദവും ആഹ്ലാദവും കൊണ്ടുവന്നു.
സ്വമാതാപിതാക്കളിൽ നിന്നും മറ്റു ഗ്രാമീണരിൽ നിന്നും അവർ സംഗീതം, നൃത്തം, വേട്ടയാടൽ, പയറ്റ് മുതലായ സിദ്ധികൾ നേടി,
സരളക്കയെ കോമളനാമൊരു വീരയോദ്ധാവ് ഗോവിന്ദ രാജുലുവിന് കന്യാദാനം നൽകി!

## –8–
## മരണവും ഒരു ദർശനവും



കോമളഭാവം! അല്ല! ആയാണ്ടിൽ പ്രകൃതിക്ഷോഭത്താലും ജ്വരങ്ങളുടെ കുത്തൊഴുക്കിലും പലർക്കും ജോലി ചെയ്യാനാവാതായി,
കൊതുകുകൾ ക്രമാതീതമായി പെരുകി, രാത്രികൾ കൂമന്റെ കൂവലും ചെന്നായകളുടെ ഓരിയിടലുംകൊണ്ട് അസ്വസ്ഥമായി,
കറുത്ത കാക്കകൾ വീടുകളുടെ കൂരമേൽ ദുർലക്ഷണങ്ങൾ കാട്ടി ചാടിനടന്നു; കാലംതെറ്റിയും ഇരുട്ടിലും മുളകൾ പൂത്തു,
പനങ്കരിക്കുകളിൽ നീര് കുറഞ്ഞു, വദ്ദെ - ഗോത്രമാന്ത്രികൻ - നാട്ടുവൈദ്യൻ ഉറക്കെയലറിപ്പറഞ്ഞു ഒരു ലക്ഷണം.

ഗോത്രദേവതകൾതൻ മുന്നി,ലദ്ദേഹം സാക്ഷ്ടാംഗം വീണു, പ്രത്യേക ചിഹ്നങ്ങളും ചിത്രങ്ങളും വരച്ചു, എല്ലുകളാലവ നിറച്ചു.
അവയ്ക്കുമേൽ മഞ്ഞളും കുങ്കുമവും വിതറി, കാട്ടുപോത്തിൻ കൊമ്പ് തലയിൽ ധരിച്ച് കല്ലുകൾ പെറുക്കി അദൃശ്യ
ദുഷ്ശക്തികൾക്കുമേലെറിഞ്ഞു, പൊരുത്തമില്ലാത്ത വാചകങ്ങൾ ഉറക്കെയും പതുക്കെയുമുരുവിട്ടു, ബലിപീഠത്തിൽ തീ തെളിച്ചു.
നാനാവിധ കുന്തിരക്കങ്ങളും സുഗന്ധദ്രവ്യങ്ങളും വിതറി, മൃഗക്കൊഴുപ്പുകളും കൊമ്പുകളും ഹോമിച്ച്, തീയാളിച്ച്, പുക പടർത്തി.

ഗ്രാമീണർ കരിവേപ്പ്, പൈൻ, ബദരിവൃക്ഷാദി ചില്ലകൾ, വിശുദ്ധ തുളസി, കുമ്മത്തിൻ കായ്കളും, കുരുക്കളും കൊണ്ടുവന്നു.
അവയെല്ലാം ഹോമാഗ്നിയിലർപ്പിച്ചു, കറുത്ത സുഗന്ധം നിറഞ്ഞ പുകയവിടമാകെ, കുടിലുകളിലും നടവഴികളിലുമെല്ലാം, നിറഞ്ഞു;
നാട്ടുവൈദ്യൻ ഉന്മാദാവസ്ഥയിൽ ചില വിത്തുകളും എല്ലുകളും നിറമുള്ള കല്ലുകളും ഗവ്വക്കട്ടകളുമെറിഞ്ഞു,
പിന്നെയുറക്കെയലറി - 'മൂന്നാണ്ടിന്റെ ക്ഷാമവും വരൾച്ചയും, മാംസം മത്സ്യം അന്നം ഒന്നുമില്ല.'

കുറച്ചുനേരം അദ്ദേഹം ഒരു ഉന്മാദാവസ്ഥയിൽ ഡ്രംസിന്റെ താളത്തിനൊപ്പം കുഴലൂതി നൃത്തംചെയ്തുകൊണ്ടേയിരുന്നു,
പിന്നീട് കുഴഞ്ഞു വീണു, ഭൂമിദേവിയുടെ പീഠത്തിനരികെ, അപ്രതീക്ഷിതമായൊരു ഇടിവെട്ടേറ്റിട്ടെന്നവണ്ണം!
ജനക്കൂട്ടമാകെ ഭയന്നു വിറച്ചു, കൂടാതെ ഗ്രാമമുത്തശ്ശിക്ക് സുഖമില്ലാത്ത വാർത്തയും അവർ കേട്ടിരുന്നു,
പൂനുഗോണ്ടലു ഗ്രാമത്തിലേക്ക് ദൂതർ പാഞ്ഞു, സമ്മക്ക - പഗിഡിഡ്ഡ രാജു ദമ്പതികളെ കൂട്ടിവരുന്നതിനായി.

ആ വയോധിക തന്റെ മകളേയും മരുമകനേയും നോക്കി, അവരുടെ കൊച്ചുമക്കളേയും, കണ്ണുനീർമറയിലൂടെ,
അവരുടെ ഭർത്താവ് ആ കിടക്കയ്ക്കരികിലുണ്ട്; അവരേവരേയും അനുഗ്രഹിച്ചു, പിന്നെ അവസാനശ്വാസം വലിച്ചു.
ഒരു പുതുവസ്ത്രത്താലവരെ പുതപ്പിച്ചു, കുടിലിന്റെ കൂരയിലൊരു ദ്വാരമുണ്ടാക്കി,
ശരീരം പുറത്തേക്കെടുത്തു. മഞ്ഞളും എണ്ണയുംകൊണ്ട് ലേപനം ചെയ്തു. കുടത്തിലെ വെള്ളംകൊണ്ട് കുളിപ്പിച്ചു.

വീണ്ടും പുതുവസ്ത്രത്താൽ പുതപ്പിച്ച് ദേഹം ശ്മശാനഭൂമിയിലേക്കെടുത്തു. ഒരു കരിങ്കോഴിയേയും, ഒരു എരുമയുടെ വാലും
അവർ വീശിയെറിഞ്ഞു; അവരുടെ മുഷ്ടിയിലും വായിലുമേതാനും നാണയങ്ങൾ തിരുകി, ഇനിയങ്ങോട്ടേയ്ക്കുള്ള യാത്രയ്ക്കായി.
മുളകൊണ്ടുള്ളൊരു പടിയിൽ അവർ ദേഹം ശ്മശാനമണ്ണിലേക്ക് വഹിച്ചു, കുഴൽവിളി-ഡ്രമ്മടികളുടെ അകമ്പടിയോടെ,
ഒപ്പം പ്രേതർ-നൃത്തച്ചുവടുകൾ വച്ചു, വയോധികയുടെ സ്വഭാവത്തേയും സൽപ്രവൃത്തികളേയും പുകഴ്ത്തും പാട്ടുകളും പാടി.

ഒമ്പതാം നാൾ അരിമാവുകൊണ്ടൊരു ബിംബമുണ്ടാക്കി, അതിനന്നമർപ്പിച്ചു,
വദ്ദെ, പുരോഹിതൻ/മാന്ത്രികൻ കർമ്മങ്ങൾ പൂർത്തിയാക്കി, ശേഷമവർ വലിയൊരു സദ്യയുണ്ടു.
പിന്നീട് മൂപ്പൻ, ഗോത്രത്തലവൻ പഗിഡിഡ്ഡ രാജുവേയും സമ്മക്കയേയും അരികിൽ വിളിപ്പിച്ചു.
പാറട്ട് ഹില്ലിലേക്കവരെ നയിച്ചു. ഒരു വൻരഹസ്യത്തെക്കുറിച്ചും പെരുമയെഴും ഒരു ഉൾദർശനത്തെക്കുറിച്ചും പറയുവാൻ.

## -9-
## മരിച്ചവരുടെ തോപ്പ്



ഗർവ്വ്! മനുഷ്യവീഴ്ചയുടെ ചിഹ്നം! എല്ലാ തൂവലുകളും ഭോഷണങ്ങളും ഇവിടെത്തീരുന്നു, പൂർണ്ണ നഗ്നമായിത്തീരുന്നു.
നഗ്നമായി നീയീയൂഴിയിൽ വന്നു, ഇവിടുന്ന് പോകുന്നതും നഗ്നമായി, നഗ്നമായൊരു അജ്ഞാതലോകത്തേക്ക്, ഒന്നുകിൽ
തണുത്തുറഞ്ഞ കല്ലറയിലടക്കപ്പെട്ടോ അല്ലെങ്കിൽ ചിതയിലെരിഞ്ഞോ, അവശേഷിക്കുന്നതോ ഭസ്മവും എല്ലുകളും മാത്രം.
മണ്ണ് മണ്ണോടടിയുന്നു, ഓർമ്മകൾ കണ്ണുനീരിലും മുറിവുകളിലും ഒളിക്കുന്നു,
നെടുങ്ങനെ നില്ക്കുമേതാനും നടുക്കല്ലുകളും ശിലാഫലകങ്ങളും തണുത്തുറഞ്ഞ വാക്കുകൾ ഉരുവിടുന്നു.

മൂന്നുപേരും - പഗിഡിഡ്ഡ രാജുവും സമ്മക്കയും വൃദ്ധനാം മന്ത്രവാദിയും - ഇരുൾ നിറഞ്ഞ, ഭീതിജനിപ്പിക്കുമൊരിടത്തെത്തി.
ചീവിടുകളുടെ കരച്ചിലും, സർപ്പങ്ങളുടെ ചീറ്റലും, വവ്വാലുകളുടെ ചിറകടിയും, മൂങ്ങകളുടെ മൂളലും നിങ്ങളെയടിമുടി വിറപ്പിക്കും!
വെള്ളച്ചാട്ടത്താലും കനത്ത വള്ളിപ്പടർപ്പുകളാലും മറയ്ക്കപ്പെട്ട ഒരു നെടുംപാറയുടെ പാർശ്വം ഒരു ഗുഹയിലേക്ക് തുറന്നിറങ്ങുന്നു.
അവിടെയേറ്റം ഭീതിദവും നിരന്നുകിടക്കുന്നതുമെന്തെന്നാൽ നടുക്കല്ലുകളും ശിലാഫലകങ്ങളുമുള്ള ആ പുരാതന കുഴിമാടങ്ങളത്രേ!

അവിടമാകെ ധാരാളം തത്തകളാലും വാൽക്കുരങ്ങുകളാലും കറകറ ശബ്ദമുയർത്തും നരിച്ചീറുകളാലും, മണംപിടിച്ചു നടക്കും
കരടികൾ, പോത്തുകൾ, കാട്ടുപൂച്ചകളുടെ തിളങ്ങും കണ്ണുകൾ, കാക്കകൾ, കാട്ടെലികൾ, മുയലുകൾ, പെരുച്ചാഴികൾ, ചെന്നായകൾ,
കുറുനരികൾ, കുറുക്കന്മാർ, പന്നികൾ, മുള്ളൻ പന്നികൾ, മൂങ്ങകൾ, പരുന്തുകൾ, ഗരുഡന്മാർ, കീരികൾ, മയിലുകൾ, തത്തകൾ,
കാട്ടുകോഴികൾ, നാനാവിധ നാഗങ്ങൾ - അണലികൾ, മൂർഖൻ, പെരുമ്പാമ്പ്, വെള്ളിക്കെട്ടൻ - എന്നിവയാൽ നിറഞ്ഞിരിക്കുന്നു.

എണ്ണമറ്റ തത്തകളുടെ നിരന്തര കളകൂജനങ്ങൾ നൽകിയതാണ് ആയിടത്തിന് 'പാരറ്റ് ഹിൽ' എന്ന പേർ,
അത്യധികമായി ആദരിക്കയും വിശ്വസിക്കയും ചെയ്തുപോന്ന ഗോത്രവർഗ്ഗക്കാർക്കതൊരു നിഗൂഢത നിറഞ്ഞ കുന്ന്,
പൂർവ്വികരുടെ നിഴലുകളവിടെയാണ് പാർക്കുന്നതെന്നവർ വിശ്വസിച്ചു, മോശസമയങ്ങളിലിവിടെവന്നവർ നിർദ്ദേശങ്ങൾ തേടുന്നു;
മാന്ത്രിക മനുഷ്യൻ പറഞ്ഞു, 'ഇവിടെവരെയേ എനിക്ക് വരാനാകൂ! ജ്ഞാനികളെ തേടിയുള്ള യാത്ര നിങ്ങൾ സ്വയം ചെയ്യണം.'

അവരെയദ്ദേഹം കള്ള് പാനം ചെയ്യിച്ചു, കൂടെ ഏതോ ചില വിശിഷ്ട വേരുകളും കുരുക്കളും കിഴങ്ങുകളും ചേർത്ത മാഹുലയും,
പെട്ടെന്നവരുടെ കണ്ണുകൾ കറങ്ങുന്നപോലെ തോന്നി; പക്ഷേ അക്ഷണം അവിടെമാകെ ശോഭയേറും പ്രകാശരശ്മികളാൽ നിറഞ്ഞു,
കൈയോട് കൈ ചേർത്ത്, മിന്നാമിന്നികളാലും ചന്ദ്രകാന്തക്കല്ലുകളാലും മിന്നിത്തിളങ്ങുന്ന ആ നിഗൂഢലോകത്തേക്കവർ പ്രവേശിച്ചു,
വഴുക്കുന്ന പുല്ലുകളും കൂർത്ത പാറകളും നിറഞ്ഞ ഇരുണ്ടിടുങ്ങിയ പാതകളിലൂടെയവർ ഗുഹക്കകത്തേക്ക് നീങ്ങി.

പഴുതാരകളും പാമ്പുകളുമവരുടെ വഴിയിൽ കുറുകെച്ചാടുകയും, അലക്ഷ്യ വവ്വാലുകൾ വന്നിടിച്ച് കണ്ണടപ്പിക്കുകയും ചെയ്തിരുന്നു,
ഓരോ അടിയും നിലനിൽപ്പിന്റെ പരീക്ഷണം, ഓരോ അടിതെറ്റലും മരണവിധി, ഉച്ചത്തിലിടിക്കും നെഞ്ചുകളോടെ
അവർ ശ്രദ്ധയോടെ നടന്നു. അവിടെയവർ ശുദ്ധമായ മഞ്ഞളും കുങ്കുമവുമണിഞ്ഞിരിക്കുന്ന കല്ലുകൾകൊണ്ടൊരു വൃത്തം കണ്ടു.
പുകപടർത്തുന്നൊരു എണ്ണവിളക്ക് കൺചിമ്മുന്നു, നെടുകെ പൊട്ടിച്ച തേങ്ങകൾ, ചോരയൊലിക്കുമൊരു കറുത്തകോഴിയുടെ തല,

അസഹ്യമായ ചോരമണം. കുന്തിരിക്കത്തിന്റെ തുളച്ചുകയറുന്ന ഗന്ധം, ചെമ്പരത്തിയുടെയും അരളിപ്പൂക്കളുടെയും സുഗന്ധം,
ഈർപ്പംനിറഞ്ഞിരുണ്ട ആ നടുക്കും ദൃശ്യം ഭീഭത്സമായിരുന്നു, കൊടുങ്കാറ്റും ഇടിവെട്ടുംപോലെ നടുക്കമുണ്ടാക്കുന്നവ,
ഒരു കൊടിമരത്തിൽ ഗോത്രക്കൊടി പാറിയിരുന്നു. അതിനടുത്ത് തടികൊണ്ടുള്ള സ്റ്റൂളിൽ ഒരു വലിയവില്ലും
രണ്ടമ്പുകളുള്ള ഒരാവനാഴിയും വച്ചിരുന്നു. അവരതിനടുത്തേക്ക് നീങ്ങവേ മിന്നൽപിണർപോലൊരു ശബ്ദം മുഴങ്ങി!

പുകമറയെ കീറിമുറിച്ചുകൊണ്ടൊരു വൃദ്ധ പ്രത്യക്ഷപ്പെട്ടു. കറുത്തിരുണ്ട്, മഞ്ഞൾ ലേപനത്താൽ മഞ്ഞനിറംപൂണ്ട
അവരുടെ മുഖത്ത് വലിയൊരു കുങ്കുമപ്പൊട്ട് തിളങ്ങിയിരുന്നു, അലങ്കോലപ്പെട്ട മുടി, നെഞ്ച് തിടുക്കത്തിൽ ഉയർന്ന് താഴ്ന്നിരുന്നു.
അവരുടെ താങ്ങുവടിയും അവരുടെ വളഞ്ഞ മുതുകും വിറച്ചിരുന്നു. മനുഷ്യശ്ശബ്ദത്തിനുമപ്പുറമായിരുന്നു ആ ശബ്ദം, ദൈവീകം.
'അനുഷ്ഠാനങ്ങൾ ചെയ്യാനും പ്രാർത്ഥിക്കുവാനും നിങ്ങൾക്ക് മടിയുണ്ടോ കാടിന്റെ മക്കളേ? ഈ ആത്മാക്കളുടെ ലോകത്തെന്തിന്
നിങ്ങളുടെ നശ്വര(മനുഷ്യ)പാദങ്ങൾ കുത്തി? അത്ഭുതകാഴ്ചകളിൽ തുറിച്ചുനോക്കാനുള്ള നേരമല്ലിത്, കഴിവ് തെളിയിക്കുക.'

## –10–
## അശരീരിയും അത്ഭുതവും



‘നിങ്ങളുടെ പാടവം തെളിയിക്കുന്നതിന്, ഓ കുട്ടികളേ! ആ കവാടത്തിനായി ഈ കാണും കൽച്ചുവരുകളിൽ തിരയുക,
അതൊരു താക്കോലില്ലാ കവാടം, പക്ഷേ താക്കോലിട്ട് പൂട്ടിയത്, വെറും താക്കോലല്ല, അമ്പിൻമുനകളിൽ കോർത്തൊരു താക്കോൽ,
വാക്കുകളില്ലാത്ത അമ്പുകൾ, എന്നാൽ നിശ്ശബ്ദ മണികളിൽ കൊത്തിയവ, വെറും മണികളല്ല പക്ഷേ രഹസ്യനിരകളിൽ തൂക്കിയത്,
ഈ നിരകളിൽ, ആ മനുഷ്യനില്ലാ പ്രദേശത്ത്, ആ താക്കോൽ കൃത്യമായി ചേർക്കുക, വേഗം, ഓ ഇണമാനുകളെ, താമസമരുത്!’

ആ വൃദ്ധയതോടെ പുകമറയ്ക്കുള്ളിൽ മറഞ്ഞു. ആ ഗുഹ വീണ്ടും വിജനമായി,
അവർ ആ ഗുഹാചുമരിലാകമാനം പരതി, ശക്തിയിൽ തള്ളി നോക്കി, ഒരു അടയാളം പോലുമില്ല.
സമ്മക്ക ഭർത്താവിനോടു പറഞ്ഞു - ‘പ്രിയനേ, താക്കോൽ മുകളിൽ വായുവിൽ തൂങ്ങിക്കിടക്കുകയാവണം.
അതാണ് മനുഷ്യനില്ലാ പ്രദേശം, എന്നെ ആ തോളത്ത് കയറ്റി നിർത്തൂ, മുകളിലെ നിലയിലെന്തെന്ന് ഞാനൊന്നു നോക്കട്ടെ.’

പവിത്ര ദേവസ്തുതികൾ പാടിക്കൊണ്ട് അവർ ദേവതകളോട് പ്രാർത്ഥിച്ചു. സമ്മക്ക അവിടെ വൻപാറകൾ കണ്ടു,
അവൾ ആ ശ്രേഷ്ഠമായ വില്ലും അമ്പുകളുള്ള ആവനാഴിയുമെടുത്തു, അവന്റെ തോളിൽക്കയറി നിന്നു.
അവളെ ശക്തിയേറും തൻകരങ്ങളാൽ താങ്ങിക്കൊണ്ട് അവൻ ആ കനത്ത പാറമേൽക്കൂര മുഴുവൻ ഒരടയാളത്തിനായി തിരഞ്ഞു,
അന്നേരം സമ്മക്ക ഉയരെ, തലയ്ക്കു മുകളിൽ, ഭീകരനാഗങ്ങൾ ഇഴഞ്ഞുകൊണ്ടിരിക്കുന്ന ഒരു അഴിക്കൂട് കണ്ടു.

ഒരു ക്ഷണം, ഭയത്തിന്റെ ഒരു മിന്നൽപ്പിണർ അവളുടെ നട്ടെല്ലിലൂടെയിറങ്ങി, എങ്കിലുമവൾ സ്വയം നന്നായി നിയന്ത്രിച്ചു.
നാഗങ്ങളിഴയുമാ അഴികൾക്ക് മുകളിലൊരു കൽമേലാപ്പ്, അതിനുള്ളിൽ കൊത്തിവച്ച കല്ലിലുള്ള ഒരു വലിയ മണി,
രണ്ടു കയറുകളിൽ ചേങ്ങില മണിമദ്ധ്യത്തിൽ തൂങ്ങിയിരുന്നു, അതിനു താഴെ ഒരു സ്പൂണിൽ കിരീടവും,
സമ്മക്കയിതെല്ലാം പതിയോടുണർത്തി, ഉന്നംവച്ച് രണ്ടുകയറുകളുടെ നിരയെ ലക്ഷ്യമാക്കി അമ്പെയ്തു, ഒന്നിനു പിറകെയൊന്നായി.

പഗിഡിഡ്ഡ രാജു അനക്കമില്ലാതെ ഒരു വൻപാറപോലെ ഉറച്ചുനിന്ന് അവളെ താങ്ങി; അവളുടെയമ്പുകൾ ആ കയറുകൾ മുറിച്ചു.
ആ വലിയ ചേങ്ങില സ്പൂണിലേക്കൂർന്നിറങ്ങി, ചെരിഞ്ഞ ഒരു വിജാഗിരിയിൽക്കൂടി സ്പൂൺ നീങ്ങി.
അത് താഴത്തു വന്നലച്ച ഒരു വൻശബ്ദം അവിടെ ഉയർന്നു, കാൽക്കീഴിലെ ഭൂമി കിടുങ്ങി, പുകപടലമുയർന്നു,
നാഗങ്ങളും സർപ്പങ്ങളും ഇഴഞ്ഞു താഴെയിറങ്ങി. കൃത്യസമയത്തവൻ അവളെ താഴെവീഴാതെ കാത്തു.

അപ്പോഴവർ കണ്ടു, ഒരു പുരാതന മാഹുവ മരം, അതിന്റെ ഇലകളും ചില്ലകളും സ്വർണ്ണ നിറമാർന്നിരുന്നു.
ചെമ്പ്-തങ്കയിലകൾ, ശോഭയെഴും മഞ്ഞപ്പൂക്കൾ, വെള്ളി നിറമാർന്ന ശാഖകൾ; ഒരു ഓർമ്മയ്ക്കായി
വീട്ടിൽ കൊണ്ടുപോകുവാൻ അവനൊരു ചില്ലയടർത്തിയെടുത്തു. എന്തൊരതിശയം! അക്ഷണം വേറൊന്നവിടെ വീണ്ടും വളർന്നു.
അത് എല്ലാ മാഹുവ-മധുലിക മരങ്ങളുടേയും അമ്മയാണ് - പ്രശസ്തമായ ഒരു ഐതിഹ്യകഥ.

ആ മരത്തിൻ തണലിലവർ ചന്ദ്രകാന്തക്കല്ലിലുള്ളൊരു ശിലാഫലകത്തിൽ കൊത്തിവെച്ചിരിക്കുന്ന താക്കോൽ കണ്ടു,
അവരാ താക്കോൽ സ്പർശിച്ചമാത്രയിൽ, ഒരു രഹസ്യവാതിൽ തുറന്നു; ആഴമുള്ളൊരു കിണറിൻകരയിൽ അവരാ വൃദ്ധയെ കണ്ടു.
വൃദ്ധ പതുക്കെപ്പറഞ്ഞു: ‘ഇത് ഭൂതകാലത്തിന്റെ കിണർ, അത് ഭാവികാലത്തിന്റെ കുന്നും, രണ്ടിനുമിടയ്ക്ക് വർത്തമാനകാലം!
ആ സ്വർണ്ണച്ചില്ലയും ശ്രേഷ്ഠവില്ലും കയറ്റയിറക്കങ്ങളുടെ അമ്പരപ്പിക്കുന്ന ആ ലോകങ്ങളിലേക്കുള്ള പ്രവേശനാനുമതി പത്രങ്ങളും.’

‘ഇപ്പോൾ ഓ കുട്ടികളേ, നിങ്ങൾ തെരഞ്ഞെടുക്കുക! സ്വർണ്ണ മരച്ചില്ലയുള്ളയാൾക്ക് ഭൂതകാലത്തിന്റെ കിണറിലേക്കിറങ്ങുവാനാകും,
ശ്രേഷ്ഠവില്ലുള്ളയാൾക്ക് ഭാവികാലത്തിന്റെ കുന്നും കയറാനാകും. രണ്ടാൾക്കും വർത്തമാനകാലത്തിലൂടെ വേഗം നടക്കാനാകും.
നിങ്ങൾ രണ്ടുപേരും ഈ രഹസ്യങ്ങൾ മറ്റൊരാളോട്, തമ്മിൽത്തമ്മിൽ പോലും, പറയരുത്. അത് നിർഭാഗ്യത്തെ കൊണ്ടുവരും.’
പെട്ടെന്നവിടൊരു വലിയ പൊട്ടിത്തെറിയുണ്ടായി. അവിടമാകെ കനത്ത പുക നിറഞ്ഞു. ശോകസാന്ദ്രമായ ഒരീണം അവർ കേട്ടു.

## –11–
## കയറ്റത്തിന്റേയും ഇറക്കത്തിന്റേയും ഗന്ധങ്ങൾ



ആ ശോകാർദ്രഗാനമുയർന്നത് കറുത്ത മഞ്ഞുകൊണ്ടു മൂടപ്പെട്ട, നടക്കല്ലുകളുള്ള ആ കിണറ്റിന്റെയടിത്തട്ടിൽ നിന്നായിരുന്നു.
ആരോ അവരോടു പറഞ്ഞു – 'നിങ്ങളുടെ സമയം ഇപ്പോൾ തുടങ്ങുന്നു. സൂര്യോദയത്തിനു മുൻപേ തിരികെയെത്തണം.'
പ്രകാശത്തിലും ഇരുട്ടിലുമുള്ള അവരവരുടെ അന്വേഷണങ്ങൾ തുടങ്ങും മുൻപേ,
ആദ്യത്തെ ഏതാനും ചുവടുകൾ, വർത്തമാനത്തിലൂടെ,യവർ പരസ്പരം കൈകോർത്തു നടന്നു.
സ്വർണ്ണമരച്ചില്ല പിടിച്ചുകൊണ്ട് താഴേക്കവനിറങ്ങി നിഴലുകളുടെ വെളിച്ചത്തിൽ; ശ്രേഷ്ഠവില്ലുമേന്തി മുകളിലേക്കവൾ കയറി,
വെളിച്ചത്തിന്റെ തണലിൽ, കാലത്തിൻ നിഗൂഢതകൾ തേടിക്കൊണ്ട്, വർണ്ണാഞ്ചിതമായ, അമ്പരപ്പിക്കും അനുഭവങ്ങളിലൂടെ.

ഭൂതകാലക്കിണറിന്റെ വളഞ്ഞുപുളഞ്ഞ പടികൾ വീരയോദ്ധാവാം രാജകുമാരൻ ഒന്നൊന്നായി ഇറങ്ങാൻ തുടങ്ങി,
ഭിത്തിയിൽ അനാഥമായി കത്തുന്ന ഒരേയൊരു വിളക്കിന്നടിയിൽ ഇരുട്ടിലൂടെ പതിയെ നീങ്ങി അവൻ, നിഴലുകളിലൂടെ,
ആ പ്രേതലോകത്താദ്യം അവനുണർത്തിയതവന്റെ മാതാപിതാക്കളുടെ ആത്മാക്കളെയാണ്, ഒരു നീചയുദ്ധത്തിൽ മരണപ്പെട്ടവർ,
ബാല്യകാലത്തിന്നോർമ്മകളൊന്നുമവനിലുണർന്നില്ല, കാരണം അവനെ വളർത്തിയത്
അപ്പൂപ്പനും അമ്മൂമ്മയുമായിരുന്നുവല്ലോ, ഒരുതരി സ്നേഹക്കുറവറിയിക്കാതെ.
അവൻ അവിടെ താഴെ തണുത്തുറഞ്ഞ, നീലനിറമാർന്നിരുണ്ട, ആ ജലം കണ്ടു;
പതിന്മടങ്ങ് നിഴലുകൾ പൊട്ടിത്തെറികളിലെ തീപ്പൊരികൾ കണക്കെ പാഞ്ഞുകൊണ്ടിരുന്നു.

പഗിഡിദ്ധ രാജു തന്റെ മാതാപിതാക്കളെ സന്ദർശിച്ചു. അവനാ സ്വർണ്ണമരച്ചില്ല ചുമരിലെ ഒരു പൊത്തിൽ വച്ചു,
ഭൂതകാലത്തിലേക്കൊരു വാതിൽ തുറന്നു, ഒരു പൈൻ മരച്ചുവട്ടിലവൻ കണ്ടു പേടിച്ചലറി കരയുന്ന ഒരു ജോടി നിഴലുകൾ,
അവരവനെ തിരിച്ചറിഞ്ഞു, ഒപ്പം ഉറക്കെ കരഞ്ഞു – 'ഓ എന്റെ മകനേ! വരൂ! ഞങ്ങളെയീ നരകപ്പുഴ കടക്കുവാൻ സഹായിക്കൂ.'
നിറഞ്ഞ കണ്ണുകളോടെയവരെ പുൽകാനവൻ ശ്രമിച്ചു – അതിശൈത്യമേറും വായുവിലൂടെയവന്റെ കൈകൾ മുറിച്ചുകയറി!
ഉറക്കെയുള്ള പരിദേവനങ്ങൾക്കിടയിലവർ പറഞ്ഞു – 'ഞങ്ങളെ ശരിയാംവണ്ണം വെള്ളിനാണയങ്ങളോടു കൂടി ദഹിപ്പിച്ചില്ല.

നീ വീട്ടിൽ പോകുമ്പോൾ ചമ്പക് അരുവിക്കടുത്ത മുളങ്കാടിനുള്ളിൽ ഞങ്ങളുടെ അസ്ഥികൾ കുടുങ്ങിക്കിടക്കുന്നത് കണ്ടെടുക്കുക.
ഓ മകനേ! ആ ചതിയൻ, പിറകിൽ നിന്നു കുത്തിയവൻ, ഇന്ന് രാജസേനയിലെ വലിയൊരു ഉദ്യോഗസ്ഥനാണ്.
മോശം ദിനങ്ങളാണ് വരുന്നത്! നീ കാണുന്ന നിഴലുകളെല്ലാം അവരവരുടെയവസാന സ്വപ്നത്തിലുറങ്ങുന്ന നിന്റെ പൂർവ്വികരാണ്.
ഇപ്പോൾ നിനക്ക് ആ വയോധികയെ കാണാം, നിന്റെ ഭാര്യയുടെ മാതാവ്, ഒരു വലിയ രഹസ്യവും വെളിപ്പെടുത്തും.'
ഘനമെഴും നെഞ്ചോടെ അവരോട് യാത്ര പറഞ്ഞ് അവൻ മുന്നോട്ട് നടന്നു, ഒരു മങ്ങിയ പ്രകാശരശ്മിക്കു നേരെ.

സമ്മക്കയുടെ മാതാവവനെയനുഗ്രഹിച്ചു, അവർ അതിവേഗതയേറിയ തന്റെ അവസാന യാത്രയിലായിരുന്നു!
പിന്നീടവൻ ഒരു ലാവണ്യവതിയായ സ്ത്രീയെ കണ്ടു, സമ്മക്കയുടെ തനിരൂപം, ഒരു ഭയം പെടുന്നനെയവനെയൊന്നുലച്ചു!
ഒരു മൃദു ശബ്ദത്തിൽ അവൾ പറഞ്ഞു – 'ഞാൻ സമ്മക്കയുടെ യഥാർത്ഥ മാതാവാകുന്നു, അതേ മനുഷ്യനാൽ ചതിക്കപ്പെട്ടവൾ!
കാടിന്റെ പുത്രൻ പക്ഷേ സ്ഥാനമാന അത്യാഗ്രഹി; ശത്രു ഗോത്രക്കാരുടെ സഹായത്തോടെയവൻ നിന്റെ കൂട്ടരെ കീഴ്പ്പെടുത്തി.
മുഴുവൻ കഥകളും നിന്നോട് പറയാനെനിക്കനുവാദമില്ല, പക്ഷേ വഴിയേ നീയറിയും', – പിന്നീടവൾ പ്രഭാതത്തിലലിഞ്ഞുപോയി.

സമ്മക്ക കുത്തനെയുള്ള കുന്നിൻ മുകളിലേക്ക് കയറി, ഭാവിയിലേക്ക് നോക്കിക്കൊണ്ട്;
ഒരു വൻസൈന്യം ഭീതിയുണർത്തുംവിധം മാർച്ചു ചെയ്യുന്നതവൾ കണ്ടു!
ഗോത്രഗ്രാമങ്ങളെ മുഴുവൻ തീ പൊതിയുന്നത് കണ്ടു; ചമ്പക് അരുവി രക്തനിറമാർന്നത് കണ്ടു!
അവളവളുടെ സ്വന്തം നിഴൽ കണ്ടു, അടയാളക്കൊടിമരവും; മുമ്പിൽ ഒരു കുങ്കുമഭരണിയും കണ്ടു!
രക്തംകൊണ്ട് നനഞ്ഞ ആ മണ്ണിൽ ലോകം കണ്ട ഏറ്റവും വലിയ ജനക്കൂട്ടം അവിടെയാകെ ആദരമർപ്പിക്കുന്നതു കണ്ടു!
അവൾ പ്രഭാതരശ്മി കണ്ടു, അങ്ങനെയവൾ താഴെ വന്നു, സ്വഭർത്താവിനെ കണ്ടുമുട്ടി, വർത്തമാനത്തിന്റെ തറയിൽ.

## –12–

## മടക്കയാത്ര



വർത്തമാനത്തറയിൽ അവൻ ഒരു കിണറും ഉള്ളതായി കണ്ടതില്ല. സമ്മക്കയും ഒരു കുന്നിനെയും കണ്ടതില്ല.
ശീഘ്രം നീങ്ങുന്നൊരു രഹസ്യവാതിലവരെ സ്വർണ്ണച്ചില്ലകളുള്ള മരത്തിൽനിന്നും ദൂരേയ്ക്ക് മാറുവാൻ നിർബന്ധിച്ചു.
ആ വൃദ്ധ പുരോഹിതയവിടെയെങ്ങും കാണപ്പെട്ടില്ല, കുറച്ചു കല്ലുകൾ നിരങ്ങിനീങ്ങി, പുകയും പൊടിയുമുയർന്നു, വീണ്ടും.
ഒരേയൊരു ദ്വാരംമാത്രം അവർ കണ്ടു; അവരതിലൂടെ പുറത്തേക്ക് ചാടി, ഈർപ്പമുള്ള വായുവിൽ, പുൽത്തട്ടിൽ വന്നുപതിച്ചു!

പുറത്ത് കാത്തുനിൽക്കുന്ന നാട്ടുവൈദ്യനെയവർ കണ്ടു – നിങ്ങൾ നല്ലതിനും ചീത്തയായതിനും സാക്ഷികളായി,
എല്ലാം നിങ്ങൾ സ്വകാര്യമായി സൂക്ഷിക്കുക, ഇപ്പോൾ പകലിന്റെ വിളക്കിന് പിങ്ക്നിറമാണ്, പതുക്കെ മഞ്ഞച്ച ചുമപ്പായിത്തീരുന്നു.
അപകടസൂചന ഓർക്കുക! ഒന്നുംതന്നെ വെളിപ്പെടുത്തരുത്. നിങ്ങൾ അസാധ്യമായ സമയരേഖയിലൂടെയാണ് നടന്നത്.
അനുഗ്രഹിക്കപ്പെട്ടവരാണ് നിങ്ങൾ. നമുക്കിനിയങ്ങോട്ട് ഭയത്തിന്റെയും കണ്ണുനീരിന്റെയും ചാലുകളിൽ സമയം പാഴാക്കാനാകില്ല.

അവരെയനുഗ്രഹിച്ചശേഷം ആ വൃദ്ധൻ മുളങ്കൂട്ടങ്ങളാൽ സമ്പുഷ്ടമായ കാടിന്റെ നിബിഡതയിലേക്ക് അപ്രത്യക്ഷമായി.
വല്ലാതെ വിഷമംപിടിച്ച ഘട്ടം. അവർക്കിടയിലൊരു രഹസ്യവും ഉണ്ടായിരുന്നില്ല; ശരിക്കും ഹൃദയം നുറുങ്ങുന്ന അവസ്ഥ.
കുറച്ചു നേരത്ത് അവരുടെ നടപ്പിനെ നിശ്ശബ്ദത ഭരിച്ചു, പിന്നീട് പഗിഡിഡ്ഡ രാജു ഘനമെഴും താഴ്ന്ന ശബ്ദത്തിൽ പറഞ്ഞു. –
'എന്തൊരു വിശിഷ്ടസ്ഥിതി! പക്ഷേ പ്രിയപ്പെട്ടവളേ! നാം ഈ രഹസ്യങ്ങൾ മറ്റെല്ലാവരുടെയും നന്മക്കുവേണ്ടി സൂക്ഷിക്കണം.'

പിന്നീടവർ ചമ്പക് അരുവിയിലെ ശുദ്ധജലത്തിൽ പുണ്യസ്നാനം ചെയ്തതിൻശേഷം വീട്ടിലെത്തി.
സ്വന്തം മാതാപിതാക്കളുടെ നിഴലുകൾ പറഞ്ഞ വാക്കുകളോർത്ത് ആ യോദ്ധാവ് അസ്വസ്ഥനായിരുന്നു,
വീണ്ടുംവീണ്ടുമവ മനസ്സിൽ മണിമുഴക്കിക്കൊണ്ടിരുന്നു.
ആ കൊലപാതകിയിന്ന് ഉയർന്ന രാജപദവിയലങ്കരിക്കുന്ന പ്രമാണിയും–
ഏറ്റവും വലുതും ശക്തവുമായ രാജ്യത്തിന്റെ പ്രധാനിയുമാണ്!
നിഴലുകളുടെ വാക്കുകളാരു വിശ്വസിക്കും, അതും ശക്തിക്കും ബുദ്ധിയ്ക്കും പേർകേട്ട ഒരു സേനാധിപതിക്കെതിരെ?

പിന്നീടവർ മുളങ്കാട് തേടിയിറങ്ങി, നദീസംഗമത്തിനരികെയവർ അത് കണ്ടെത്തി.
അവിടെ, ഗോദാവരിയുടെ മറ്റൊരു കൈവഴി വന്നു ചേരുന്നിടത്ത്, തിങ്ങിനിറഞ്ഞ മുളങ്കാടുകൾക്കിടയിൽ,
അവർ തുരന്നെടുത്തു, രണ്ടു ശരീരാവശിഷ്ടങ്ങൾ; പിന്നീട് യുവയോദ്ധാവ് അവയെ ശരിയാംവണ്ണം അഗ്നിയിൽ ദഹിപ്പിച്ചു,
ഗ്രാമത്തിലെ മുതിർന്നവർ സംഭവം വിശദീകരിച്ചു – 'പലപല പൂർണ്ണചന്ദ്രന്മാർക്കു മുമ്പേ അത് ഞങ്ങളെ വല്ലാതെയുലച്ചു!

അയാൾ ഏറ്റവും ശക്തനായ കാളക്കൂറ്റനായിരുന്നു അക്കാലത്ത്, നദിക്കക്കരെയുള്ള എതിർഗോത്രത്തിൽ പെട്ടയാൾ,
ഗോത്രങ്ങളുടെയെല്ലാം നേതാവാകാനയാളാഗ്രഹിച്ചു, പക്ഷേ നിന്റെ അച്ഛനായിരുന്നു അന്ന് ഗോത്രത്തലവൻ, സമർത്ഥനായ പോരാളി!
അതുകൊണ്ടവൻ ഞങ്ങളുടെ കന്നുകാലികളെ ആക്രമിക്കാൻ തുടങ്ങി, ഞങ്ങളത് പലതവണ വീരോചിതമായി ചെറുത്തു.
വേട്ടയാടൽ ഉത്സവം ആഘോഷിച്ചുകൊണ്ടിരുന്ന ആ ശപിക്കപ്പെട്ട ദിനത്തിൽ, ആ ദിനത്തിൽ ഒളിച്ചുപാത്ത് അയാൾ,

പതിയിരുന്ന് നിന്റെയച്ഛനെ ആക്രമിച്ചു, മാരകമായി മുറിപ്പെടുത്തി, ഭയങ്കരമായി ചോരയൊലിപ്പിച്ച് നിന്റെയച്ഛൻ വീട്ടിലെത്തി.
അവർ അദ്ദേഹത്തെ പിൻതുടർന്ന് ഗ്രാമത്തിലെത്തി, ഞങ്ങളുടെയെളിയ ഓലക്കുടിലുകൾക്കു മുകളിലേക്ക് തീപ്പന്തങ്ങളെറിഞ്ഞു.
ആ രാത്രി നിന്റെ മാതാപിതാക്കൾ രക്ഷപ്പെട്ടു, പക്ഷെ അവർ കണ്ടെത്തി വഴിമുടക്കി, അമ്പുകളെയ്തു വീഴ്ത്തി.
അവർ ശക്തിയായൊഴുക്കുണ്ടായിരുന്ന അരുവിയിലേക്ക് വീണിരിക്കാം. സംഭവശേഷമുള്ള തിരച്ചിലുകളെല്ലാം വൃഥാവിലായി.

ആരോട് പരാതിപ്പെടാൻ? ആരെ കുറ്റപ്പെടുത്താൻ? ഒരു വയസ്സുകാരനായിരുന്ന നിന്നെ അപ്പൂപ്പനുമമ്മൂമ്മയുംകൂടി നോക്കി വളർത്തി.
നമ്മുടെ ശത്രു പിന്നീട് ഗോത്രത്തലവനായി, എല്ലാ ഗോത്രവർഗ്ഗരീതികളും തെറ്റിച്ചുകൊണ്ട്, നിഷ്കളങ്കരെ ഇല്ലാതാക്കികൊണ്ട്;
പ്രതിരോധം മാനംമുട്ടെ ശക്തമായപ്പോൾ അപകടം മണത്ത അയാൾ തന്റെ കൂറ് രാജാക്കന്മാരുടെ കൂടെയാക്കി,
ഒരു സൂത്രശാലിയായ കമാൻഡർ, ഇപ്പോൾ രാജപാതകളിൽ മേയുന്നു, പലപ്പോഴും നാട്ടുകാരിൽ നിന്നും രക്ഷപ്പെട്ടുകൊണ്ട്.'

## –13–
## നിദ്രയുടെ വാതായനങ്ങൾ



പെട്ടെന്ന് മനസ്സിലൊരു പറച്ചിൽ പൊങ്ങിവന്നു. - 'നിദ്രയ്ക്ക് രണ്ടു പ്രവേശനകവാടങ്ങളുണ്ട്.
ഒന്നു ആനക്കൊമ്പ് കൊണ്ടുണ്ടാക്കിയത് - ഉത്തമമായത്, തിളങ്ങുന്നത്,
അർദ്ധരാത്രിയുടെ പരമാനന്ദകരമായ അനുഭൂതിയിൽ ഭാവിസൂചകമായ സ്വപ്നദർശനങ്ങൾ കൊണ്ടുവരുന്നത്.
മറ്റേത് കറുത്ത കൊമ്പുകൊണ്ടുണ്ടാക്കിയത്, അതു ശത്രുതയുടെ പേക്കിനാവുകളിലേക്കുള്ള ഒരു വഴി.'
സമ്മക്ക ഇരുണ്ട ചിത്രഗാലറിയിലൂടെ ഇഴഞ്ഞ അവളുടെ അലോസരപ്പെടുത്തും നിദ്രയിൽനിന്നും ഞെട്ടിയുണർന്നു.

അശരീരി കേട്ടനാൾ മുതൽ, പലതരം സംശയങ്ങൾ അവളെ വേട്ടയാടിക്കൊണ്ടിരുന്നു. ഭയമുണർത്തും നിഴലുകൾ പോലെ.
എന്തിന് രാജാവിന്റെ പടയാളികൾ അവരുടെ സ്വന്തം ജനങ്ങൾക്ക് നേരെ കുന്തങ്ങളും വാളുകളുമായി പാഞ്ഞടുക്കണം?
എന്തുകൊണ്ട് സുഗന്ധപൂരിതവും മധുരതരവുമായ ചമ്പക് അരുവി അതിന്റെ ഒഴുക്കിൽ രക്തവർണ്ണമായി മാറണം?
ആ കൂങ്കുമ ഭരണി എന്താണ്? എന്തിന് ഒരു നഗരം കയ്യേറി ഗ്രാമം ഇല്ലാതാവണം?

അവരുടെയിടയിൽ വളർന്നുകൊണ്ടിരുന്ന നിശബ്ദനിമിഷങ്ങൾ അവളുടെ ശ്രദ്ധയിൽപ്പെട്ടു.
ഓരോരുത്തരും, അവരവരുടെ ചിന്തകളിൽ താൻ സമയരേഖയിൽ നേരിട്ട സംഭവങ്ങളെ വിശകലനം ചെയ്തുകൊണ്ടിരുന്നു.
ആരാണ് തന്റെ യഥാർത്ഥ മാതാപിതാക്കളെന്നറിയാൻ അവളാഗ്രഹിച്ചു, എന്തിനവർ അവളെയുപേക്ഷിച്ചുവെന്നറിയാനും.
മുറിവുകളും പാടുകളും അവൾ ഏറ്റുവാങ്ങും മുൻപേ ഇനിയെന്തൊക്കെ രഹസ്യങ്ങളുണ്ട് വെളിപ്പെടുവാൻ!

ദുർഘടവും കല്ലും പൊടിയും നിറഞ്ഞ മുൾവഴികളിലൂടെയാണ് ഇപ്പോൾ കാലചക്രം കടന്നുപോകുന്നത്.
മൂന്നാണ്ട് തുടർച്ചയായി മഴദേവത ഈ പ്രശസ്തമായ ദണ്ഡകാരണ്യം സന്ദർശിച്ചില്ല.
എന്നും നീരൊഴുക്കുണ്ടായിരുന്ന ചമ്പക് നദി വറ്റി വരണ്ടു, അനേകം പക്ഷികളും മൃഗങ്ങളും ദാഹിച്ചുവലഞ്ഞു ചത്തുവീണു.
ഉഗ്രപ്രതാപിയായ ഗോദാവരി സർവ്വനാശം ഭവിച്ച് രോഗാതുരയായി കാണപ്പെട്ടു.

വാവിട്ടലറുന്ന കന്നുകാലികൾ, അർദ്ധരാത്രികളിൽ ഭയചകിതരായി അവർ അലറുന്നു.
ഉദ്വോഗംപൂണ്ട പന്നികളുടേയും പേടിച്ചരണ്ട ആടുകളുടേയും കരച്ചിലുകൾ, സ്വമാളങ്ങളിൽ ഒളിച്ചിരുന്ന കരടികളുടെ ഓരികൾ,
ശല്യപ്പെടുത്തുന്ന കൊതുകുകൾ, പഴുതാരകളുടെ പുനഃപ്രവേശനവും അവയുടെ മാരകകടികളും,
ദൈനംദിന ജീവിതത്തെ അസ്വസ്ഥപ്പെടുത്തിക്കൊണ്ട് മാഹുലയും പനകളുംപോലും വളരെ തുച്ഛഫലങ്ങളോടുകൂടി നില്ക്കുന്നു.

കീഴ്പ്പെടുത്തലിന്റെ നാൾമുതൽ, ഗോത്രവർഗ്ഗക്കാർ വാർഷിക കരം കൊടുത്തുവന്നിരുന്നു.
ഉൽപ്പന്നങ്ങളായി - ഒരുഗല്ലു ഭരണാധികാരികൾക്ക് - മുളയരി, പുളി, മൃഗത്തോലുകൾ, മാഹുലയുടെ ഉണങ്ങിയ പൂക്കൾ,
ചുമന്ന പരിപ്പ്, മയിൽപ്പീലികൾ, കിഴങ്ങുകളും വേരുകളും, അരിവാളുകൾ, കുന്തങ്ങൾ, അമ്പുകൾ, പക്ഷികൾ, മൃഗങ്ങൾ, തടി,
ടെണ്ടു ഇലകൾ എന്നിവയും കൂടാതെ യുദ്ധം ചെയ്യാൻ പോരാളികളേയും!

അകത്തുനിന്നും പുറത്തുനിന്നും വിരോധികൾ അദ്ദേഹത്തിന്റെ വിശാലരാജ്യത്തിന്റെ അതിർത്തികൾ കാർന്നുതിന്നുകൊണ്ടിരിക്കേ,
സിംഹാസനത്തിൽ രാജാവ് വളരെ അക്ഷമനായിരുന്നു, ഏതുനിമിഷവും ഉയർന്നേക്കാവുന്ന
യുദ്ധകാഹളത്തിന് ചെവിയോർത്തുകൊണ്ട്,
കുടിശ്ശികക്കാരിൽ നിന്ന് നികുതി നിർബന്ധമായും പിരിക്കണം, നല്ലവാക്ക് പറഞ്ഞോ ബലം പ്രയോഗിച്ചോ,
ഗോത്രമേഖലാ ചുമതലയുള്ള മന്ത്രിവര്യൻ വരൾച്ച കാരണം ഇവർ നികുതിയടച്ചിട്ടില്ലെന്ന് കണ്ടെത്തി.

അതിനാൽ അയാളുടെ വിശ്വസ്ഥനായ ഗോത്രസൈന്യവിഭാഗം കമാൻഡർക്ക് നികുതി പിരിക്കുവാൻ അയാൾ അധികാരം നൽകി.
പെഡ്ഡപുലി രാജു, ഒരിക്കൽ ഗോത്രത്തലവനായിരുന്നയാൾ, സമർത്ഥനാം വില്ലാളി, അതിമോഹം നിറഞ്ഞ കാഴ്ചപ്പാടുള്ളവൻ,
ഗോദാവരിതടത്തിലെ തലമുതിർന്നവരും നേതാക്കളുമായി ഒരു അടിയന്തിര കൂടിക്കാഴ്ച വിളിച്ചുചേർത്തു.
രണ്ടു വർഷം ഞാൻ ക്ഷമിച്ചു, പക്ഷേ ഈ വർഷം നിങ്ങൾ ഇതുവരെയുള്ള കുടിശ്ശിക മുഴുവൻ തീർക്കണം,
യാതൊരു ഒഴിവുകഴിവുമില്ല.

## –14–

# വിഷവും അഗ്നിയും



കുടിശ്ശിക! നമുക്കതിനെക്കുറിച്ച് ചിന്തിക്കാൻപോലുമെങ്ങിനെ സാധിക്കും?
നമ്മുടെ വെള്ളപ്പാത്രങ്ങളെല്ലാം ഒഴിഞ്ഞിരിക്കുന്നു. പക്ഷികളും മൃഗങ്ങളും ചാവുന്നു.
നോക്കുക! സൂര്യന്റെ ആയിരം അമ്പുകൾ അമ്മമാരുടെ കണ്ണുനീർക്കണങ്ങളെപ്പോലും വറ്റിക്കുംവിധം ചുട്ടുപൊള്ളിക്കുന്നു.
അവന്റെ ഭയാനക ദണ്ഡ് പക്ഷികളേയും കന്നുകാലികളേയും മനുഷ്യരേയുമൊരുപോലെ ദണ്ഡിക്കുന്നു.
ഭൂഗോള മാതാവ് ക്ഷയിച്ചിരിക്കുന്നു. പനിയും പകർച്ചവ്യാധികളും മനുഷ്യരെ തളർത്തിയിരിക്കുന്നു. കരച്ചിലുകൾക്കും ആർത്തനാദങ്ങൾക്കുമിടയിൽ അവസാനമില്ലാത്ത ശവദാഹപ്രക്രിയ തുടർന്നുകൊണ്ടേയിരിക്കുന്നു.

വിഷം എല്ലായിടത്തുമായി. ഞങ്ങൾ സ്വന്തം കുടിലുകൾ കത്തിച്ച് ശുദ്ധീകരണം നടത്തി, ഇത് ദൈവസഹായത്തിനുള്ള സമയമാണ്.
തലമുതിർന്നവരും, ഗോത്രത്തലവരും, നാട്ടുവൈദ്യരും മേദാരത്ത് ഒത്തുകൂടി, ഒരു പുനർചിന്തനത്തിന്;
ഗോദാവരിയുടെ മറുകരയിൽ നിന്ന് പ്രസിദ്ധനായ ഒരു പുരോഹിതനും പല തലമുതിർന്നവരും ക്ഷണപ്രകാരമെത്തിയിരുന്നു.
വാർത്തയെല്ലായിടത്തും പടർന്നു, എണ്ണമറ്റയാളുകൾ കൂട്ടപ്രാർത്ഥന വേദിയിൽ കൂട്ടത്തോടെ വന്നുചേർന്നു.

ഗോദാവരിയുടെ ഇക്കരയിലെ ഗോത്രത്തലവനായി പഗിഡിഡ്ഡ രാജു തലമുതിർന്നവരുടെയിടയിൽ ഇരുന്നു.
മുഖ്യകാർമ്മികൻ ദേവതകളെ വാഴ്ത്തി, പക്ഷികളുടെ പറക്കലിന്റെ ദിശ നിരീക്ഷിച്ചു, കല്ലുകളും അരിയും പീഠകല്ലുകളിലെറിഞ്ഞു.
ആത്മാക്കളെ ആവാഹിച്ചു, പക്ഷിമൃഗാദികളെ ബലികഴിച്ചു, രക്തത്തിന്റെ ഒഴുക്കും ചാലുകളും എല്ലുകളും സൂക്ഷ്മം പഠിച്ചു.
ദുഷ്ടശക്തികളുള്ള ദുർദേവതകളെ ശപിച്ചു. കൈനിറയെ മഞ്ഞളും സിന്ദൂരവും വിതറി, ഉയർന്ന ശബ്ദത്തിൽ മുരണ്ടു.

ഭൂദേവതാ ബിംബത്തിന്റെ മുമ്പിൽ അഗ്നിനാളങ്ങളുയർന്നിരുന്നു. അതിലേക്ക് പലവിധം കുന്തിരിക്കങ്ങളെറിയുന്നു.
സുഗന്ധം നിറഞ്ഞ പുകയും ബലിമൃഗങ്ങളുടെ രക്തഗന്ധവും കനത്തിരുന്നു, നനഞ്ഞ ഓക്കുമരത്തടിയുടേതു പോലെ.
– 'ഓ കാട്ടിലെ തല മുതിർന്നവരേ! നിങ്ങളെന്നോടു കൽപ്പിക്കൂ സൂര്യദേവതാകോപം വിവരിക്കാൻ, വിദൂരത്തെ മാരകവില്ലാളി.'
സൂര്യദേവത ആവേശിക്കപ്പെട്ടയാളെപ്പോലെ പുരോഹിതൻ ശബ്ദമുയർത്തിക്കൊണ്ടേയിരുന്നു. 'ഇത് യഥാർത്ഥ പീഢനമാണ്,

എന്തുകൊണ്ടെന്നാൽ, ഞാൻ കോപിപ്പിക്കുവാൻ പോകുന്ന ഒരാളുണ്ട് – ഞാനത് ഇപ്പോൾ കാണുന്നു –
ഒരു ശക്തനായ മനുഷ്യൻ, അയാളുടെ കോപം മുഴുവൻ നാമെല്ലാവരുടേയുംമേൽ പ്രയോഗിക്കുന്നു.
ഇന്നയാൾ അയാളുടെ കോപം വിഴുങ്ങിയാലും അയാൾ തന്റെ നെഞ്ചിലെ നെരിപ്പോടിലെ നീറ്റലിനെ പരിപാലിക്കും.'
പൊടുന്നനെ കാതടപ്പിക്കുമൊരു ശബ്ദമുയർന്നു. കുതിരപ്പടയുടെ കുളമ്പടികൾക്കടിയിൽ ഭൂമി കുലുങ്ങി,
മാനംമുട്ടെ പൊടി ഉയർന്നു. പക്ഷികൾ നാനാദിശകളിലേക്ക് പറന്നു.
വേട്ടനായ്ക്കളുടെ ശബ്ദം അവർ കേട്ടു. അരികെ വാളുകൾ തിളങ്ങുന്നതും കണ്ടു.

പടയാളികൾ ജനക്കൂട്ടത്തെ വളഞ്ഞു. വിശന്നു വലഞ്ഞ ഒരു പുലിയെ കണക്ക് അവരുടെ കമാൻഡർ വേദിയിലെത്തി.
അയാൾ ദേവതകളെ നമസ്ക്കരിച്ചു, പുരോഹിതന്മാരേയും മുതിർന്നവരേയും വണങ്ങി. അവരെല്ലാം വിനയത്തോടെ നിലകൊണ്ടു.
പെഡ്ഡപുലി രാജു! പെഡ്ഡപുലി രാജു! പെഡ്ഡപുലി രാജു നീണാൾ വാഴട്ടെ! ഒരു പടയാളിയലറി, യുവ യോദ്ധാവ് നീണാൾ വാഴട്ടെ!
രാജാവിന്റെ സൈനാധിപൻ പുലിത്തോലു വിരിച്ച മുളയുടെ കസേരയിൽ ഉപവിഷ്ടനായി, ഗൗരവത്തോടെ ചുറ്റും നോക്കി.

അയാൾ അലറി – പല പൂർണ്ണചന്ദ്രന്മാർക്ക് ശേഷമാണ് ദൈവകോപത്താൽ കരിഞ്ഞുപോയ ഈ പരിസരത്ത് ഞാനെത്തിയത്.
നിങ്ങളുടെ മേൽ ഒരു ശാപമുണ്ട്. രാജാവിന് കരമൊടുക്കുന്നതിൽ നിങ്ങൾ വീഴ്ചവരുത്തി, രാജാവ് നമ്മുടെ ഭൂമിയിലെ ദൈവമാണ്.
ഇപ്പോൾ ഓ പുരോഹിത! നിങ്ങളുടെ പ്രവചനങ്ങൾ തുടരുക, എന്താണ് നമുക്കായി കാത്തുവെച്ചിരിക്കുന്നത്?
എന്താണ് അവരുടെ മഹത് മനസ്സുകളിൽ?
മുഖ്യപുരോഹിതൻ അയാളെ രക്തനിറമാർന്ന കണ്ണുകളാൽ നോക്കി! 'ഓ ഈ മണ്ണിൻ പുത്രാ! ഒരു വിപത്ത് വന്നടുക്കുന്നു!

അത് കുഞ്ഞുങ്ങളെ ഭീമാകാരനായ ഒരു പാറയുടെ ശൗര്യത്തിന്നടിയിൽ ചവുട്ടി ഞെരിക്കുന്നു. രക്തം ഈ മണ്ണിനെ ചുമപ്പിക്കും.
ആ വലിയ കല്ല് വടക്കുനിന്നുള്ള ഇടിവെട്ടുകളാൽ ശിഥിലീകരിക്കപ്പെടും! മുന്നിലുള്ള ചതി കാണുക.
ഒരു നിർദ്ദയ പോരാളിയുടെ പട ഒരു മാൻപേടയ്ക്ക് നേരേ, സ്വപുത്രിക്ക് നേരേ, അമ്പുതിർക്കുന്നു. ദൈവമേ, എന്റെ ജീവനങ്ങെടുക്കൂ.'
പരസ്പരപ്പൊരുത്തമില്ലാതെ പിറുപിറുത്തുകൊണ്ട് ഉന്മാദാവസ്ഥയിൽ മുഖ്യപുരോഹിതൻ ആചാരക്കത്തികൊണ്ട് സ്വയം കുത്തി.

–15–

# ആദ്യ ഏറ്റുമുട്ടൽ



ആചാരക്കത്തി മുഖ്യപുരോഹിതന്റെ മാറു പിളർത്തി - രണ്ടാം ഘട്ടം അദ്ദേഹം സ്വന്തം കണ്ഠവും മുറിച്ചു.
പഗിഡിഡ്ഡ രാജു മുഖ്യപുരോഹിതന്റെ നേർക്കോടി, കത്തി പിടിച്ചുവാങ്ങി, മുറിവ് തുണി വെച്ചുകെട്ടി.
അവിടമാകെ ബഹളമയമായി, പെഡ്ഡപുലി രാജുവിന്റെ പടയാളികൾ അത് നിയന്ത്രിച്ചു നിർത്തി.
മുഖ്യപുരോഹിതനും പഗിഡിഡ്ഡ രാജുവും ആ രഹസ്യമറിയുന്നവരായിരുന്നു. എന്നാൽ അവർക്ക് ശബ്ദം നഷ്ടമായി.
ഒരാൾക്ക് മുറിവു കാരണവും മറ്റെയാൾക്ക് പ്രതിജ്ഞ കാരണവും!

'ഈ പൂങ്കോഴി ആരാണ്?' - കമാൻഡർ അടുത്തു നിന്ന ഒരു പുരോഹിതനോട് ചോദിച്ചു. - നല്ല മുഖപരിചയം പോലെ!
'അത് പഗിഡിഡ്ഡ രാജുവാണ്. പൂനുഗൊണ്ടുലു ഗ്രാമത്തിലെ നാഗരാജുവിന്റെ പുത്രൻ, സമർത്ഥനായ ഒരു യുവപോരാളി.'
'ഓ! ഞാനോർക്കുന്നു! വളരെക്കാലം മുമ്പ് അയാൾ ശത്രുക്കളാൽ വധിക്കപ്പെട്ടു, അത് അക്രമങ്ങളുടെ കാലമായിരുന്നു.'
അയാൾ ഒരു ഔപചാരിക സ്വരത്തിൽ പറഞ്ഞു, 'ഇന്ന് രാജാവ് തിരുമനസ്സിന്റെ ഭരണത്തിൻ കീഴിൽ
ഞങ്ങൾ അത്തരം അക്രമരീതികൾ അനുവദിക്കുന്നില്ല!'

പഗിഡിഡ്ഡ രാജു വളരെ പണിപ്പെട്ട് സ്വന്തം കോപം നിയന്ത്രിച്ച് അയാളെ രൂക്ഷമായി നോക്കി.
അവൻ മുറിവേറ്റയാളെ നാട്ടുവൈദ്യന്റെ ശുശ്രൂഷയിലേൽപ്പിച്ചു. എന്നിട്ട് മുന്നറിയിപ്പിന്റെ ഒരു നോട്ടമെറിഞ്ഞു.
ആ ശത്രുവേട്ടക്കാരൻ എതിരാളിയുടെ ശാരീരികനീക്കങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചു. എന്നിട്ട് വിഷംനിറഞ്ഞ ഒരു പുഞ്ചിരിപൊഴിച്ചു.
'എന്റെ അനുഗ്രഹങ്ങൾ, ഓ കാളക്കൂറ്റാ! വരൂ, വന്ന് രാജാവിന്റെ സേനയിൽ ചേർന്ന് നല്ലൊരു സ്ഥാനംവഹിക്കൂ.
അതാണ് നിന്റെ ശരിയായ സ്ഥാനം മകനേ!
നീ ഇവിടുത്തെ മുഖ്യനാണ്! കുടിശ്ശിക മുഴുവൻ തന്നുവെന്നുറപ്പാക്കുക, അല്ലെങ്കിൽ അഴിക്കുള്ളിൽ കിടക്കാൻ തയ്യാറാകുക.'

പഗിഡിഡ്ഡ രാജു കോപംകൊണ്ടു ചുമന്നു. 'നാണമില്ലായ്മയാൽ സായുധനായ നാണംകെട്ടവൻ - നിങ്ങളുടെ തിളക്കം നഷ്ടപ്പെട്ടു.
ഞങ്ങൾ മറ്റുള്ളവരുടെ കന്നുകാലികളെ മോഷ്ടിക്കാറില്ല, കുടിലുകൾ കത്തിക്കാറില്ല.
ഇപ്പോൾ നിങ്ങൾ വമ്പന്മാർ കഴിയുമെങ്കിൽ പാവങ്ങളെ സഹായിക്ക്.
കുഴിച്ചുമൂടിയ അസ്ഥിപഞ്ചരങ്ങളെ ഞങ്ങളെക്കൊണ്ട് പുറത്തെടുപ്പിച്ച് ഇരുട്ടിലേക്ക് അമ്പുകളയപ്പിക്കരുത്.
കാടിന്റെ മക്കൾ സൂര്യന്റെ തീനാളത്തിൽ പെട്ടിരിക്കയാണ്. ഇവിടെ നിങ്ങൾ കുടിശ്ശിക ചോദിക്കുന്നു, പ്രസംഗിക്കുന്നു.'

ആദ്യമായി അയാൾ സ്വന്തം ശത്രുവിന്റെ കുട്ടിയെ കണ്ടു!
ആദ്യമായി ഒരു ഗോത്രപോരാളി തന്റെ വടിയുയർത്താനും ശബ്ദമുയർത്താനും ധൈര്യപ്പെട്ടിരിക്കുന്നു.
അയാളുടെ പിടുത്തം തന്റെ വാളിന്റെ പിടിയിൽ മുറുകി. പക്ഷെ ചതിയനായ കുറുക്കൻ ശബ്ദമുണ്ടാക്കില്ല.
അയാളുടെ ഇരുണ്ടനെഞ്ച് തിങ്ങിനിറഞ്ഞു, കോപംകൊണ്ട് അയാൾ ജ്വലിച്ചു, കണ്ണുകൾ കാട്ടുതീയാളുന്നപോലെ എരിഞ്ഞു.
പെട്ടെന്നയാൾ കൊല്ലാൻവരുന്ന ഭാവത്തോടെ പുരോഹിതരുടേയും ആൾക്കൂട്ടത്തിന്റേയും നേരെനീങ്ങി അലറി, - 'ജാഗ്രത! -

നിന്റെ കോപം നിന്നെമാത്രം ചുട്ടെരിക്കുന്ന അഗ്നിയാണ്. കാലത്തിനൊപ്പം മാറുക, അല്ലെങ്കിൽ നാമാവശിഷ്ടമാവുക.
തടികൊണ്ടും മണ്ണുകൊണ്ടുമുള്ള ആയുധങ്ങൾ ഉരുക്കിന്റെ തിളക്കത്തിനും തീനാളങ്ങൾക്കും മുമ്പിൽ തലകുനിക്കേണ്ടി വരും.
മണ്ണിരകൾ പുഴുക്കളാണ്, എന്നാൽ സർപ്പങ്ങളല്ല, അവ തീകൊണ്ട് വേട്ടയാടും കത്തുന്ന പ്രതികാരത്തോടെ.
മഹാരാജാവ് തിരുമനസ്സിന്റെ കൽപനയാൽ ഞാൻ വന്നു, നിങ്ങളുടെയുത്തരവാദിത്തം ഓർമ്മിപ്പിക്കാൻ അവസാന ശ്രമവും നടത്തി.'

തന്റെ രാജകീയവേഷത്തിൽ, പെഡ്ഡപുലി രാജു കൊല്ലാൻ തയ്യാറെടുത്ത ഒരു പുലി കണക്കെ നടന്ന്, കുതിരപ്പുറത്തു കയറി,
അയാളുടെ പടയാളികൾ ചുറ്റും ഒരു വലയം കണക്കെ നീങ്ങി, എങ്ങാനും ഒരാക്രമണം ഉണ്ടായാലോയെന്ന് ഭയന്ന്.
നിഷ്കളങ്കതയുടെ മിഴിച്ച കണ്ണുകളിൽ ഭയം കുത്തിനിറച്ചുകൊണ്ട്
ആ ശക്തമായ സേനാവിഭാഗം വാളുകളുടെയും കുന്തങ്ങളുടെയും തിളക്കം വീശിക്കാണിച്ചു.
വെല്ലുവിളി ഭാവംപൂണ്ട് എതിരാളികളുടെ കണ്ണുകൾ തമ്മിൽ കൂട്ടിമുട്ടി; പഗിഡിഡ്ഡ രാജു ഒരു വലിയ കാവൽക്കോട്ട കണക്കെ
ശക്തമായി നിലകൊണ്ടു. കാടിന്റെ മക്കൾ അവനിൽ ചെറുത്തുനിൽപ്പിന്റെ അടയാളം കണ്ടു.

## –16–

## യുദ്ധത്തിന്റെ രോഗലക്ഷണ ശാസ്ത്രം



പ്രതിരോധത്തിന്റെ പ്രതീകം, അതെത്രതന്നെ വജ്രകഠിനതരമായിരുന്നാലും, അത് യുദ്ധത്തെ വർജ്ജിക്കുവാൻ ശ്രമിക്കുന്നു,
കാരണം യുദ്ധമൊരു കായികവിനോദമല്ല, അത് മനുഷ്യരുടെ, ചോരയുടെ, മാംസത്തിന്റെ, ചാരത്തിന്റെ, കറകളുടെയെല്ലാം കശാപ്പാണ്;
വലത്തുമാറി, ഇടത്തുമാറി, കത്തിക്കരിഞ്ഞെരിഞ്ഞുകൊണ്ടിരിക്കുന്ന മുറിവേറ്റ ചതുപ്പുകളിൽ കൂടി മാർച്ച് ചെയ്യുന്നത്,
മഞ്ഞുമൂടിയ കണ്ണുകളോടെയും മനസ്സോടെയും അവസാനംവരെയുള്ള പോരാട്ടം, മരണവാഹനത്തിൽ കറക്കിയെറിഞ്ഞുകൊണ്ടുള്ളത്.

കഴുകന്മാർക്കവരുടെ സ്വന്തം ദൂതന്മാരുണ്ട്. കുറുക്കന്മാരും കാട്ടുനായകളും മൂക്കുകൾ കമ്പിവേലികളിൽവച്ച് കാത്തിരിക്കുന്നു,
രാക്ഷസന്മാരും, രക്തദാഹികളും യുദ്ധനിരകളിലേക്കുള്ള പ്രവേശന പാതകളിൽ നിലയുറപ്പിച്ചിരിക്കുന്നു,
മരണം നൃത്തമാടുമ്പോൾ ഞരക്കങ്ങളുടെ ഡ്രമ്മടിച്ചുകൊണ്ടും, നിലവിളികളുടെ കുഴലൂതിയും അവർ യുദ്ധക്കളത്തിലെത്തുന്നു,
കറുത്തകഴുകന്മാർ ചത്തുമലച്ച കണ്ണുകളും, ഈച്ചകൾ ചീഞ്ഞഴുകിയ മാംസവും, കുറുക്കന്മാർ ഒരു നേരത്തേക്കുള്ള വകയും തേടുന്നു.

യുദ്ധത്തിന്റെ മാർച്ചിന് ശേഷം, രക്ഷപ്പെട്ട കണ്ണുനീർത്തുള്ളികൾ പുഴകളായിത്തീരുന്നു, ശ്മശാനത്തിലൂടെ വേഗതയാർന്നൊഴുകുന്നു;
ശിലാഫലകങ്ങളും കുടങ്ങളും മരിച്ചവരുടെ പേരുകൾ വഹിക്കുന്നു; മരക്കഷണങ്ങളും, ബാൻഡേജുകളും യുദ്ധശങ്കകളുരുവിടുന്നു;
വേതാളങ്ങൾ കത്തിക്കരിഞ്ഞ വീടുകളിലും, കോട്ടകളിലും കുറച്ചുനേരം ചുറ്റി നടക്കുന്നു; ഘോരാവശിഷ്ടങ്ങൾക്കിടയിൽ
മൂങ്ങകൾ കൂവുന്നു; അനാഥക്കുട്ടികളും, വിധവകളും വിശപ്പിന്റെ വേദനകളുടെ മറവിൽ കരയുന്നു;
ശരീരങ്ങൾ ചന്തയുടെ ഇടനാഴികളിൽ വിൽക്കപ്പെടുന്നു!

എല്ലാ നിത്യഹരിത പാടങ്ങളും തടാകങ്ങളും മനുഷ്യാവശിഷ്ടങ്ങൾ ചുമക്കുന്നു.
പൂന്തോട്ടങ്ങൾ മനുഷ്യനാറ്റം സഹിക്കുന്നു, കുട്ടികൾ പേടിസ്വപ്നങ്ങൾ കണ്ട് ഞെട്ടിയുണരുന്നു,
വിധവകൾ മെരുങ്ങാത്ത ആചാരക്കുതിരകളുടെ പുറത്ത് സവാരി നടത്തുന്നു!
കാർന്നുതിന്നുന്ന വിശപ്പിൽ വളർത്തുമൃഗങ്ങളും, കന്നുകാലികളും കരയുന്നു,
കാട്ടെലികളും, തെരുവുനായ്ക്കളും ചീഞ്ഞളിഞ്ഞ ഉച്ചഭക്ഷണത്തിനായി കലഹിക്കുന്നു,
പ്ലേഗും പനികളും മൺമറഞ്ഞ നഗരങ്ങളുടേയും ഗ്രാമങ്ങളുടേയും പാതകളിൽ പതുങ്ങി നടക്കുന്നു, കൂട്ടംകൂട്ടമായി.

വിജയികൾ താന്താങ്ങളുടെ രാജ്യപതാകകൾ പാറിക്കുന്നു, ആരാധനാലയങ്ങൾ തകർക്കുന്നു, പങ്കിലമാക്കുന്നു,
ക്രൂരത മുഖങ്ങളിൽ തലപൊക്കുന്നു, ശത്രുപടയാളികൾ ബലിപീഠങ്ങളിൽ കുരുതികഴിക്കപ്പെടുന്നു, ഭയംജനിപ്പിക്കുന്നവയാണ്
എവിടെയും; രാജപദവി ശിരച്ഛേദം ചെയ്യപ്പെടുന്നു, അല്ലെങ്കിൽ അധീനതയിൽ വരുത്തിയ സാമന്തനാക്കപ്പെടുന്നു,
ബലവാന്മാരായ പുരുഷജനങ്ങൾ അടിമകളാക്കപ്പെടുന്നു;
സ്ത്രീജനങ്ങൾ ദുരിതം മുഴുവൻ സഹിക്കുന്നു, മലിനമാക്കപ്പെടുന്നു, നശിപ്പിക്കപ്പെടുന്നു,
അവഹേളിക്കപ്പെട്ട അവർ ഗതിയില്ലാതെ അടിച്ചേൽപ്പിച്ച നിബന്ധനകൾക്കനുസൃതമായി കഴിയാൻ നിർബന്ധിതരാകുന്നു.

അടുത്താക്രമണത്തെക്കുറിച്ചുള്ള ആശയം ഉള്ളിൽ കരുതിക്കൊണ്ട് പിടിച്ചുപറിക്കാരൻ തൻകൂട്ടിലെത്തി വിശ്രമിക്കുന്നു,
കൊള്ളക്കാരൻ വിശ്രമത്തിനായി സ്വന്തം കൂട്ടിൽ പോകുന്നു.
പ്രമാണിമാർ അവരുടെ തന്ത്രങ്ങൾ പുനഃക്രമീകരിക്കുന്നു, കാലത്തിന്റെ ആവശ്യാനുസരണം കൊടിനിറങ്ങൾ മാറ്റുന്നു.
വിപ്ലവങ്ങൾ തലപ്പൊക്കുന്നു, രാജ്യങ്ങൾ കഷണങ്ങളായി മരിക്കുന്നു, സമാധനത്തിന്റെ ഗുണപാഠങ്ങൾ ഉയർന്നു പറക്കുന്നു.
എന്നാലും മുറിവുകൾ അവശേഷിക്കുന്നു, ചരിത്രം യഥാർത്ഥ നുണകളായി ശിലാഫലകങ്ങളിലും,
ഓലകളിലും കൊത്തിവയ്ക്കപ്പെടുന്നു.

ദശകങ്ങളും, ശതകങ്ങളും മണൽത്തരികളിലെ പൊടിയായിത്തീരുന്നു;
നായകന്മാരും നേതാക്കളും അടയാളചിഹ്നങ്ങളും, ചിത്രങ്ങളുമാകുന്നു.
ചിലയിടങ്ങളിൽ തദ്ദേശധീരന്മാർ ദൈവരൂപം കൈക്കൊള്ളുന്നു,
സംസ്കാരങ്ങൾ അവരെ സ്വന്തമാക്കാൻ തമ്മിലടിക്കുന്നു, അവരവരുടെ സ്വന്തം ഋഷിവര്യന്മാരാക്കുവാൻ,
മറ്റുസ്ഥലങ്ങളിൽ ഹത്യകൾ വാഴ്ത്തപ്പെടുന്നു, ദേവാവതാരങ്ങളായി, പ്രശോഭിതമായ മുഖലക്ഷണങ്ങളോടെ;
ഈ മാതൃകകൾ നമ്മൾ ലോകത്തിവിടെ മാത്രം കാണുന്നു, മൺമറഞ്ഞവരെല്ലാം തലമുറകളായി ജനങ്ങളാൽ ആദരിക്കപ്പെടുന്നു.

## –17–
# പ്രതിനിധി സംഘം ഒരുഗല്ലുവിലേക്ക്



മുതിർന്നവർക്ക് ഓർമ്മയിലിന്നോളം ഇത്ര രൂക്ഷവും നിഷ്ഠൂരവുമായ ഒരു ക്ഷാമം ഉണ്ടായിട്ടുള്ളതായിട്ടറിവില്ല.
ദൈനംദിന നിലനിൽപ്പ് തന്നെ ഒരു ചോദ്യചിഹ്നമായിരിക്കെ എവിടന്നവർ നികുതി സംഭരിക്കും?
കാടിന്റെ മക്കൾ കുന്നുകൂട്ടി സംഭരിച്ചുവയ്ക്കുന്നവരല്ല, അന്നന്നത്തേയ്ക്ക് മാത്രം കരുതുന്നവരാണ്.
ഒരു ചെറിയ ശേഖരം ഉണ്ടായിരുന്നത് അവർ ഇപ്പോൾ തന്നെ ചെലവഴിച്ചു കഴിഞ്ഞു; അപ്പോഴാണ് ഈ നിർദ്ദയരാജകോപം.

ഗോദാവരിയുടെ ഇരുകരകളിലേയും ഗോത്രത്തലവന്മാർ പ്രതിഷേധിക്കുന്നതിനായി അവിടെയൊരുമിച്ച് കൂടി,
അന്നാദ്യമായി അവരെല്ലാം കുടിശ്ശികയടവിനുള്ള രാജനിർബന്ധത്തിനെതിരെ ഒന്നായി സ്വരമുയർത്തി. ദാരിദ്ര്യം അത്തരമൊരു
അടിസ്ഥാന വിശിഷ്ടതയാണ്; അത് നാനാതരക്കാരെ കണ്ണുനീരിന്റേയും, വിയർപ്പിന്റേയും തുറമുഖത്ത് ഒരുമിപ്പിക്കുന്നു.
പെഡ്ഡപുലി രാജുവിന്റെ ഗ്രാമത്തിന്റെ തലവൻ നേല രാജു രാജസമക്ഷം കാര്യങ്ങൾ ബോധിപ്പിക്കുവാനുള്ള നിർദ്ദേശം വച്ചു.

അഞ്ച് ഗോത്രത്തലവർ, അഞ്ച് തലമുതിർന്നവർ, അഞ്ച് നാട്ടുവൈദ്യന്മാരെന്നിങ്ങനെ,
കാടിനെ പ്രതിനിധീകരിക്കുന്നതിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.
ഒരു തലവൻ പറഞ്ഞു – 'നമ്മുടെ കുഞ്ഞുങ്ങൾ രാജസേനയിൽ സേവനം ചെയ്യുന്നുണ്ടെങ്കിലും അവർ പരിഹസിക്കുന്നു.
അവരുടെ ദൃഷ്ടിയിൽ നമ്മൾ അപരിഷ്കൃതരായ മ്ലേച്ഛർ, ഇപ്പോഴത്തെ അസ്വസ്ഥതയിൽ അവർ നമ്മളെ സ്വാഗതം ചെയ്യാനിടയില്ല.
നമ്മളവിടെ പോകും, ദേവതകൾ നമ്മെ ഈ ക്ഷാമത്തിൽ നിന്നും രോഗബാധകളിൽ നിന്നും മോചിപ്പിക്കുംവരെ
നമ്മളെയൊഴിവാക്കാൻ രാജാവ് തിരുമനസ്സിനോട് അഭ്യർത്ഥിയ്ക്കും'.

രാജപ്രീതിക്കായി അവരാലൊക്കുംവിധം കുറച്ച് സമ്മാനങ്ങൾ അവർ ശേഖരിച്ചു, അവരുടെ പരമ്പരാഗത ശേഖരങ്ങളുൾപ്പെടെ;
പഗിഡിഡ്ഡ രാജു ആ കൂട്ടത്തെ നയിച്ചു, തലവൻ നേല രാജു ആ ജനക്കൂട്ടത്തിന്റെ വക്താവും,
നാട്ടുവൈദ്യന്മാർ ദേവതകളെ പ്രാർത്ഥിച്ചു, അവർ യാത്രതിരിച്ചു കോട്ടനഗരമായ ഒരുഗല്ലുവിലേക്ക്, പ്രതീക്ഷയോടെ!
കോട്ടവാതിലിൽ കാവൽക്കാർ അവരെ തടഞ്ഞു! അകത്തേക്ക് പിന്നീട് കടത്തിവിട്ടെങ്കിലും പ്രതീക്ഷതെല്ലും ബാക്കിയില്ല.

ഇപ്പോൾ രാജാവ് തിരുമനസ്സിനെ കാണുകയസാധ്യം; അദ്ദേഹമിപ്പോൾ ശത്രുക്കൂട്ടത്തെ ശിക്ഷിക്കുന്ന പ്രവർത്തിയിൽ തിരക്കിലാണ്.
എന്തെങ്കിലും പരാതിയുണ്ടെങ്കിൽ നിങ്ങളുടെ ചുമതലയുള്ള നിങ്ങളുടെ സ്വന്തം പെഡ്ഡപുലി രാജുവിനോട് ബോധിപ്പിക്കാം. നേല
രാജ പറഞ്ഞു, സന്തോഷത്തോടെ – 'നമ്മുടെ പ്രശ്നങ്ങളവാസിച്ചു!
അവൻ നമ്മുടെ കുട്ടിയാണ്, പുലിയാണ്, അവൻ നമ്മൾ പറയുന്നതംഗീകരിക്കും!'
ദിവസങ്ങൾ കഴിഞ്ഞിട്ടും കമാൻഡറിൽനിന്നും വിളിയുണ്ടായില്ല, അവർ കരുതിയ ആഹാരമെല്ലാം തീർന്നു, ഒന്നും ബാക്കിയില്ല.

പിന്നീടവർ പെഡ്ഡപുലി രാജുവിന്റെ വീട്ടിലേക്ക് പോയി, മണിക്കൂറുകൾ പുറത്ത് കാത്തുനിന്നു, അയാളുടെ വരവിനുവേണ്ടി,
കനത്ത സുരക്ഷയുള്ള ആ പരിസരത്ത് അവരുടെ യാചനയാരും ചെവിക്കൊണ്ടില്ല, അനുവാദം കിട്ടിയില്ല.
വളരെ വൈകിയ ആ സായഹ്നത്തിൽ അവരയാളെ ഒരു നോട്ടം കണ്ടു; അയാൾ കാവൽക്കാരോടവരെ കടത്തിവിടാൻ ആംഗ്യംകാണിച്ചു!
ആദ്യം നേല രാജു സംസാരിച്ചു, 'ഓ പുലിക്കുട്ടി! ഓ സമർത്ഥനായ പോരാളി! കരുണകാട്ടുക! ഞങ്ങളുടെ അപരാധം പൊറുക്കുക!

നമ്മുടെ പ്രിയപ്പെട്ട കാടും ഭൂമിയും വരണ്ടുപോയി, ക്ഷാമവും രോഗബാധയും കഠിനമാണ്, നീ ഞങ്ങളുടെ ഏക പ്രതീക്ഷയാണ്.
മഴ ദൈവങ്ങളും, ഭൂമി മാതാവും കനിയുംവരെ ഞങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കാൻ കരുണയുണ്ടാകണം!
കുടിശ്ശിക തീർക്കാൻ ഒരു നിവൃത്തിയുമില്ല.' പെഡ്ഡപുലി രാജു മുരണ്ടു – 'ഇത് നിങ്ങൾക്ക് ബുദ്ധിമുട്ട് നിറഞ്ഞ സമയമാവാം.
നമ്മുടെ രാജ്യവും യുദ്ധക്കെടുതിയിലാണ്. നിങ്ങൾക്ക് കുടിശ്ശികയടക്കാൻ നിവൃത്തിയില്ലെന്നാൽ
നിങ്ങൾ നിങ്ങളുടെ വസ്തുവകകൾ, ആളുകൾ, ഉൽപന്നങ്ങളെന്നിവ ഇവിടെ വിൽക്കുക, ഈ നഗരം നിങ്ങളെയേറ്റെടുക്കും.

ചക്രവർത്തി നിങ്ങളുടെ ഒഴിവുകഴിവുകൾ കേൾക്കാൻ തയ്യാറല്ല. ഒന്നുകിൽ എല്ലാ ആരോഗ്യഗാത്രരായവരേയും ഇങ്ങോട്ടയക്കുക,
സൈന്യത്തിന് വേണ്ടി ആയുധമെടുക്കാനും സേവനങ്ങൾ ചെയ്യാനും. അല്ലെങ്കിൽ പാപങ്ങൾക്കുള്ള ഉഗ്രശിക്ഷകൾ നേരിടുക!'
പഗിഡിഡ്ഡ രാജു ഇടപെട്ടു – 'താങ്കളുടെ സമ്മതത്തോടെ പറയട്ടെ ഞാൻ, ഞങ്ങൾ കാടിന്റെ മക്കളാണ്,
ഞങ്ങൾ സ്വാതന്ത്ര്യം കാംക്ഷിക്കുന്നു. രാജാവിനെപോലെ ജനിച്ച് ഞങ്ങൾ രാജാവിനെപോലെ മരിക്കുന്നു.
ഞങ്ങൾ ഏത് ഉപായത്തിന്റെ പേരിലായാലും അടിമത്തത്തെ വെറുക്കുന്നു!'

## –18–
# ഒരു പുലിയുടെ ബന്ധനം



‘ഏത് ഉപായത്തിന്റെ പേരിലായാലും! ആഹാ! എന്നോടിങ്ങനെ സംസാരിക്കാൻ നിനക്കെങ്ങനെ ധൈര്യം വന്നു! അഹങ്കാരി!
കഴിഞ്ഞ തവണ ഞാൻ നിന്നെ വെറുതെ വിട്ടു, ഇത്തവണ ഇല്ല! ഇവിടെ നീ അനുസരിക്കുക, ശബ്ദമുയർത്തരുത്!’
കമാൻഡർ അലറി, പഗിഡിഡ്ഡ രാജുവിന് പ്രതികരിക്കാനാവും മുൻപേ വാളുകൾ തിളങ്ങി,
അവന്റെ നെഞ്ചിലേക്ക് കുന്തങ്ങൾ നീണ്ടു. ഡസൻകണക്കിന് പടയാളികൾ അവനെ വളഞ്ഞു, അവനെ മർദ്ദിക്കുകയും ചെയ്തു.

‘ഇത് കാടല്ല, മകനേ! ഇവിടെ തീ പടർന്ന് പിടിക്കും മുൻപേ ഞങ്ങളതണയ്ക്കുന്നു! വെറുതെ പ്രശ്നക്കാരനാകണ്ട!
ഇപ്പോൾ തലമുതിർന്നവരേ! വീടുകളിലേക്ക് മടങ്ങുക, പറഞ്ഞപോലെ കുടിശ്ശികയുമായി വരിക, അവനെ മോചനദ്രവ്യമായി കരുതുക!’
കാടിന്റെ പ്രതിനിധികൾക്ക് ആ ഏകദിശ കെണി പിടികിട്ടി, അകത്തേയ്ക്ക് പോകാനേ കഴിയൂ;
പുറത്തുകടക്കാനാകില്ല; ആ കെണിയുടെ വാതിൽ അടച്ചിരിക്കുന്നു. ഇത് പുലികളുടെ യുദ്ധമാണ്, ഒരാൾക്ക് വിജയിച്ചേ തീരൂ.

പഗിഡിഡ്ഡ രാജു തന്റെ ബന്ധനത്തെയാവുന്നത്ര ചെറുത്തുവെങ്കിലും രാജപാളയപുലിയത് നന്നായി ആസൂത്രണം ചെയ്തിരുന്നു.
അവർ അവനെ കയറുകൊണ്ട് വരിഞ്ഞുകെട്ടി തടവറയിലേക്ക് വലിച്ചിഴച്ചു. ഒരിരുട്ടറയിൽ അടച്ചു.
തലമുതിർന്നവർക്ക് അടികിട്ടിയതുപോലെയായി, അവർ പെഡ്ഡപുലി രാജുവിനോട് ദയാനുകമ്പകൾക്കായി കേണു.
അയാൾ പറഞ്ഞു, ‘നിങ്ങളെ വെറുതെവിട്ടിരിക്കുന്നു, വേഗം മടങ്ങുക, ഞാനെന്റെ മനസ്സ് മാറ്റുംമുൻപേ! ഇനിയൊരു ചർച്ചയുമില്ല!’

പഗിഡിഡ്ഡ രാജുവിന്റെ ഭാര്യാപിതാവ് കണ്ണുനീർപൂണ്ട് തേങ്ങിക്കരഞ്ഞു, അങ്ങേയറ്റം ശ്രമിച്ചുനോക്കി, പക്ഷേ ബംഗ്ലാവിൽ നിന്ന്
ബലമായി പിടിച്ചുപുറന്തള്ളപ്പെട്ടു. അവർ നഗരാതിർത്തിവരെ അനൗപചാരികമായും സമ്മർദ്ദത്തിലും അനുഗമിക്കപ്പെട്ടു,
അവരവരുടെ സ്വന്തം കുഞ്ഞ്, അവരുടെ സ്വന്തം ചോരയെ അപമാനിച്ചുവിട്ടാൽ എന്തു ചെയ്യാനൊക്കും!
കുനിഞ്ഞ ശിരസ്സുകളും വറ്റിയ ചേതനയുമായി അവർ കാട്ടിലെത്തി, മറ്റെന്തു ചെയ്യാൻ?
പത്തായിരം യുവാക്കളെ സേനയെ സേവിക്കാനായി അടിമകളായി വിട്ടുകൊടുക്കുക അല്ലെങ്കിൽ സാമ്രാജ്യവടിയെ ചെറുക്കുക?

നമ്മുടെ പ്രിയപ്പെട്ട പഗിഡിഡ്ഡ രാജുവിനെന്തു സംഭവിക്കും? അവനെയെങ്ങനെ തടവിൽനിന്നും പുറത്തുകൊണ്ടുവരും?
ഗോത്രലോകം മുഴുവൻ കണ്ണീരിലാണ്ടു! അവന്റെ കുടുംബം വല്ലാതെയുലഞ്ഞു! ഇത് ജീവിതത്തിന്റെ ഏറ്റവും മോശകാലം!
തലമുതിർന്നവർ ഒരു മീറ്റിംഗ് വിളിച്ചുകൂട്ടി, ആയുധങ്ങളും, ആളുകളേയും ശേഖരിക്കാൻ തീരുമാനിച്ചു.
സമ്മക്ക ഒരു ക്ഷണം ചിന്തിച്ചു, അതെ ഭഗവാൻ ശിവന്റെ ആ പുണ്യരാത്രിയിൽ, അത് പെയ്തിരിക്കണം!

സമ്മക്ക സരളമ്മയേയും, നഗുലമ്മയേയും, ജമ്പണ്ണയേയും ഈ ദൗത്യത്തിലേക്കായി വിളിച്ചു.
സരളമ്മയുടെ ഭർത്താവ് ഗോവിന്ദ രാജുലുവും ചർച്ചയിൽ കൂടി, പിന്നീട് ആ സാഹസികോദ്യമത്തിലും.
അവർ മൂത്തവരുടെ അനുഗ്രഹങ്ങൾ വാങ്ങി, നഗരക്കോത്തളങ്ങൾക്ക് നേരെ നീങ്ങി.
അവരുടെ കൈയിൽ വെറും പാരമ്പരാഗത അമ്പും വില്ലും മാത്രമേയുള്ളൂ, ഉണങ്ങിയ മാഹുല പൂക്കളും, പാത്രങ്ങളും!

അവർ ക്യാമ്പ് തടവറക്കടുത്തായി നിർമ്മിച്ചു. അവരുടെ ഗോത്രത്തിൽപ്പെട്ട ഒരു കാവൽക്കാരനുമായി സൗഹൃദവുമുണ്ടാക്കി,
പഗിഡിഡ്ഡ രാജുവിനിപ്പോഴറിയാം അവന്റെ കുടുംബം പുറത്ത് അവനായി കാത്തുനിൽപ്പുണ്ടെന്ന്, ഭാഗ്യകടാക്ഷം മാത്രേ വേണ്ടൂ!
ഇതിനിടയിൽ വിജയശ്രീ ലാളിതരായി പട്ടാളം നഗരത്തിലെത്തി.
ആഹ്ലാദവാനായ രാജാവ് ആഘോഷങ്ങൾക്കും മറ്റു പരിപാടികൾക്കും കൽപന നൽകി!
തടവുകാർക്കെല്ലാം മാപ്പു നൽകി, വിട്ടയയ്ക്കുന്നേരം രാജപാളയത്തിലെ പുലി തടവിലെ പുലിയെ കണ്ടു.
‘ആരോഗ്യം കാക്കുക, മകനേ! രാജ്യത്തിന്റെ പ്രൗഢിയിലേക്ക് ഒന്നുനോക്കുക, നിന്റെ ധാർഷ്ട്യത്തിനതിന്റെ കാരണം നഷ്ടപ്പെട്ടു.’
പഗിഡിഡ്ഡ രാജു മറുപടിപറഞ്ഞു – ‘ശരിയാണ്! രക്തത്തിന് രക്തം, സ്നേഹത്തിന് സ്നേഹം!
നമുക്ക് ദൈവനിശ്ചയത്തിനെ മാനിക്കാം.’

## -19-
# ഒരു കോട്ടയുടെ കൊത്തളങ്ങൾ



ഈശ്വരനിശ്ചയം സാധാരണ മനുഷ്യദൃഷ്ടിയുടെ പരിധിയ്ക്കുമപ്പുറത്താണ്, അതിനാൽ മനുഷ്യൻ സിദ്ധന്മാരെ വിശ്വസിക്കുന്നു.
ലക്ഷണങ്ങളുടെ ലോകത്തുകൂടെ അലഞ്ഞുതിരിഞ്ഞുകൊണ്ട് ഈ മാന്ത്രികർ ആരാധനാസ്ഥലങ്ങളിൽ അത്ഭുതം സൃഷ്ടിക്കുന്നു,
പ്രത്യേക ഭാഷകൾ സംസാരിക്കുന്നു, മിശ്രിത പദസഞ്ചയങ്ങൾ മന്ത്രിക്കുന്നു, അസാധാരണമായ ജാലവിദ്യകൾ പ്രദർശിപ്പിക്കുന്നു!
അവരുടെ ആചാരങ്ങളിലധികവും വേദനയുളവാക്കുന്നവയെക്കൊണ്ട് നിറഞ്ഞിരുന്നു;
ചോര ചീറ്റുന്നവയും, രക്തമുറയുന്നതരം ഭീകര കൃത്യങ്ങളും.

സുഗന്ധദ്രവ്യധൂമക്കോട്ടയ്ക്കുള്ളിൽ, അഗ്നിനാളങ്ങളുയരും അൾത്താരകളിൽ, കുന്തിരിക്കവും സുഗന്ധദ്രവ്യങ്ങളും വിതറിക്കൊണ്ട്,
അറയിൽ വരച്ച വിചിത്രചിഹ്നങ്ങൾക്ക് നടുവിൽ, വെളുത്ത ധാന്യപൊടി മഞ്ഞൾ, കുങ്കുമം എന്നിവയുടെ കൂമ്പാരങ്ങൾക്കിടയിലിരുന്ന്,
ഉന്മാദമുളവാക്കുമേതാനും വേരുകൾ, കറുപ്പ്, കഞ്ചാവ് പുകകൾ എന്നിവയും ഏതാനും കവിൾ മാഹുവയോ കള്ളോ കുടിച്ചിട്ട്,
ഉത്സവനേരങ്ങളിൽ, എഴുന്നെള്ളിപ്പുയാത്രകളിൽ, ശവസംസ്ക്കാരചടങ്ങുകളിലൊക്കെ, ഉന്മാദാവസ്ഥയിൽ
ആലസ്യത്തോടെ ദൈവത്തിന്റെ രീതികൾ അവർ വെളിപ്പെടുത്തുന്നു.

ഭയവും, അനിശ്ചിതത്വവും കാരണങ്ങളെ മറയ്ക്കുന്നു, ഇരുട്ട് കൂടുതൽ വ്യാമോഹമുളവാക്കുന്നു.
വിശ്വാസയോഗ്യതയും, നിഷ്ക്കളങ്കതയും ഇത്തരം അശരീരികളുടെ സാധ്യതകളെ പ്രബലമാക്കുന്നു, സംഭ്രാന്തി ജനിപ്പിക്കുന്നു.
ഇതിഹാസങ്ങളും തദ്ദേശ ഐതീഹ്യങ്ങളും ജീവചരിത്രങ്ങളായിത്തീരുന്നു, ഭാവിതലമുറയുടെ മഹാകാവ്യങ്ങളും,
ഭീമാകാരങ്ങളായ ശില്പങ്ങളും, കമാനങ്ങളും, ക്ഷേത്രങ്ങളും, കോട്ടകളും രാജ്യങ്ങൾക്ക് ഒരു വ്യാജസംരക്ഷണം നൽകുന്നു.

ചാലൂക്യരും ചോളന്മാരും ഒരിക്കൽ ഭരിച്ചിരുന്ന ഡെക്കാൻ സമതലം തെക്കുനിന്ന് വിന്ധ്യ, സത്പുരനിരകൾവരെ
വ്യാപിച്ചിരിക്കുന്നു, പിന്നീടുള്ള വർഷങ്ങളിൽ മറാത്തി സംസാരിക്കുന്ന, ദേവഗിരി തലസ്ഥാനമായ പ്രദേശം സേന യാദവർ ഭരിച്ചു;
ദ്വാരസമുദ്രം തലസ്ഥാനമാക്കി കർണാടകയിൽ ഹോയസാലാസ്, മധുര കേന്ദ്രമായി തമിഴ്നാട്ടിൽ പാണ്ഡ്യർ,
ഒരുഗല്ലു തലസ്ഥാനമാക്കി തെലുഗു നാട്ടിൽ കാകതീയർ - എല്ലാം നിരന്തര കലഹങ്ങളിൽ വ്യാപൃതരായിരുന്നു;
വടക്കൻ കേന്ദ്രങ്ങളിൽ ഒരു പുതിയ മതവുമായി പരദേശിക്കൂട്ടങ്ങൾ തങ്ങളുടെ കൊടികൾ പറത്തുന്നതും, ഭരിക്കുന്നതുമറിയാതെ!

ഒരിക്കൽ കിഴക്കൻ ചാലൂക്യരുടെ സാമന്തരായിരുന്ന കാകതീയ ഭരണാധികാരികൾ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു.
കന്നടയെ മാറ്റി തെലുഗു ഭാഷയാക്കിയത് രുദ്രദേവന്റെ വരവോടെ.
തലസ്ഥാന നഗരമായ അനമകൊണ്ടയിൽ ആയിരം തൂണുകളുള്ള അതിമനോഹരമായൊരു ക്ഷേത്രം പണിതു.
ഗണപതി ദേവ രാജാവ് തലസ്ഥാനം ഒരുഗല്ലുവിലേക്ക് മാറ്റി; മൈത്രിയോടെ, ഒരു വൻപാറയ്ക്ക് ചുറ്റുമായത് നിർമ്മിച്ചു.

രുദ്രദേവയുടെ ദർശനത്തിൽ ഇത് സത്യമായി; ഈ കഥ അദ്ദേഹത്തിന്റെ ഭരണകാലത്ത് നടന്നതായി പറയപ്പെടുന്നു.
മഹാനായ രാജാവ്, ശാന്തനും സൗമ്യനുമായ ഗണപതി ദേവയുടെ കാലത്ത് ഒരുഗല്ലു തലസ്ഥാനമായിമാറി.
അദ്ദേഹത്തിന്റെ പുത്രി, ഗജവീരന്മാരുടെ വലിയൊരു ശേഖരം ഒരുക്കിയ പെൺപുലിയായ റാണി രുദ്രമ ദേവി.
അവരുടെ ഭരണകാലത്ത് ഈ കോട്ട നിർമ്മിക്കപ്പെട്ടു. കോട്ടകൊത്തളങ്ങളോടും കിടങ്ങുകളോടും
പിന്നെ പാറയിലുള്ള ഒരു മനോഹര ക്ഷേത്രത്തോടും കൂടി!

ഒരു ഭയങ്കര മൺചുമർ വളരെ താഴ്ചയുള്ള ഒരു കിടങ്ങിനാൽ ചുറ്റപ്പെട്ടിരുന്നു.
അതിനുള്ളിൽ ഭീമാകാരത്തിലുള്ള ഗ്രാനൈറ്റ് ശിലയിലുള്ള ഒരു കോട്ട,
നാൽപ്പത്തിയഞ്ച് ദുർഗ്ഗങ്ങളും, മാനംമുട്ടുന്ന താഴികക്കുടങ്ങളും, കൊത്തുപണികളുള്ള നാല് കൽഗോപുരങ്ങളോടുംകൂടി,
റാണി രുദ്രമയ്ക്ക് മൂന്നു പെൺമക്കളുണ്ടായിരുന്നു - മുമ്മദമ്മ, രുയ്യമ്മ, രുദ്രമാ;
മുമ്മദമ്മയുടെ പുത്രൻ പ്രതാപ രുദ്ര മുത്തശ്ശിയുടെ കാലശേഷം രാജാവായി!

സിംഹാസനത്തിൽ ഒരു സ്ത്രീയിരിക്കുന്നത് ദഹിക്കാതെ, അംബാ ദേവ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു.
പ്രതാപ രുദ്ര രാജാവായപ്പോൾ, അംബാ ദേവയും അയാളുടെ ചെറുത്തുനിൽപ്പും നാമാവശേഷമാകുംവരെ അദ്ദേഹം അടിച്ചുകയറി.
മറ്റൊരു വൻശക്തി അടിമുടി വിറപ്പിച്ചുകൊണ്ട് കോട്ട കീഴടക്കിയപ്പോൾ ആ ഗംഭീരപ്രതാപമെല്ലാം കല്ലുകടിച്ചു,
നർമ്മദയാറിൻ നീരിൽ കുത്തിയൊലിച്ചു പോകാനായി ആ രാജപദവിയുടെ പ്രഭാവമെല്ലാം മുട്ടുമടക്കി.

## -20-

# വജ്രങ്ങളുള്ള പാറകളുടെ നഗരം



ഖജനാവിലെ അനേകമറകൾ നിറയ്ക്കാൻ വിശാല നദീതടത്തിലെ കൊല്ലൂരു ഖനികളിൽ നിന്നും രത്നങ്ങൾ ശേഖരിച്ചു,
ഹിന്ദിലെ പർവ്വത ശിഖരങ്ങൾ മുഴുവനും സ്വർണ്ണം പൂശാൻപോരുന്ന സ്വർണ്ണശേഖരം,
സ്വർണ്ണ നാണയങ്ങൾ അന്യായ പലിശയെ ആകർഷിക്കുന്നു,
കിടങ്ങുകളിലെ മീനുകളേക്കാളും വെള്ളാരം കല്ലുകളേക്കാളുമേറെ രത്നങ്ങളും മുത്തുകളും, ആയിരകണക്കിന് യുദ്ധകുതിരകൾ.
നല്ല ശിക്ഷണം ലഭിച്ച നൂറുകണക്കിന് മലബാർ ഗജവീരന്മാർ, നിക്ഷേപകേന്ദ്രങ്ങൾ നിറയ്ക്കാൻ ഒൻപത് തരം അമൂല്യ രത്നങ്ങൾ.

രുദ്രദേവ നിർമ്മിച്ച ഒരുഗല്ലു - ഒറ്റക്കല്ല് - നഗരം സഞ്ചാരികളേയും വ്യാപാരികളേയുമാകർഷിച്ചു.
പരിഷ്കൃതലോകത്തിന്റെ എല്ലാ ഭാഗത്തുനിന്നും വാങ്ങുന്നവരും, വിൽക്കുന്നവരും സാമർത്ഥ്യത്തോടെ വീഥികളിൽ ഇരമ്പിനീങ്ങി,
വേഗതയേറിയ ബാഹ്‌രി-കോഹി കുതിരകൾ, പൂച്ചക്കണ്ണുകൾ, മുത്തുകൾ, വജ്രങ്ങൾ, മരതകക്കല്ലുകൾ, പവിഴക്കല്ലുകളെല്ലാം തന്നെ
നിരനിരന്നും കുന്നുകളായും വിൽക്കപ്പെട്ടു. അതിൽ ശിവന്റെ മൂന്നാംകണ്ണായിരുന്നു ഏറ്റവും വലിയ വജ്രമായി അറിയപ്പെട്ടിരുന്നത്.

നാല് വിജയഗോപുരങ്ങൾ ഒറ്റക്കല്ലിലാണ് തീർത്തിരിക്കുന്നത്, മദ്ധ്യത്തിലെ ഗണപതി ദേവൻ തീർത്ത ചുമന്ന ഗ്രാനൈറ്റ് ക്ഷേത്രം,
ശില്പകലാചാതുര്യം സുന്ദരമാക്കിയ നൃത്തശാല, അദ്ദേഹത്തിന്റെ മകൾ രുദ്രാമദേവി നിർമ്മിച്ചത്,
അവസാന രാജാവ് പ്രതാപരുദ്ര ദേവ, പൊതുജനസംബോധന നടത്തി, മുഴുവൻ പ്രജകളേയും അനുഗ്രഹിച്ച സ്ഥലം,
മഹാശിവരാത്രി, ഭഗവാൻ ശിവന്റേയും പാർവ്വതിയുടേയും വിവാഹരാത്രി, ആഘോഷിച്ചിരുന്നതും ഈ മനോഹര ഹാളിലായിരുന്നു.

തന്റെ ഭാര്യയോടും, കുടുംബത്തോടുമൊപ്പം ചേർന്ന പഗിഡിഡ്ഡ രാജു ആ മഹത്തായ കോട്ടയുടെ പ്രഭാവത്തിന് സാക്ഷിയായി,
ഒരിക്കൽ നഗരത്തിലെത്തിയാൽ കാട്ടിലെ കുടിലുകളിലേക്ക് തിരിച്ചുവരാൻ ജനങ്ങൾ മടിക്കുന്നതെന്താണെന്നവന് മനസ്സിലായി,
'പക്ഷേ അവർക്ക് സ്വാതന്ത്ര്യം നഷ്ടപ്പെടുകയല്ലേ?' അവൻ സ്വയം ചോദിച്ചു - ചിലപ്പോൾ രാജാവിന്റെ സുരക്ഷിത
സംരക്ഷണത്തിനുള്ളിൽ അവർക്ക് ഒരു ജോലിയും, വിശ്രമവും വേണമായിരിക്കും,
ഒപ്പം മറ്റുള്ളവരുടെ ജീവനുകൾ, യാതൊരു വീണ്ടുവിചാരവുമില്ലാതെ ഒരു വിലപേശൽ വസ്തുവാക്കാനുള്ള അധികാരവും?

അപ്പോഴെങ്ങിനെ ഈ മാറിക്കൊണ്ടിരിക്കുന്ന കാലത്തിനെ അതിജീവിക്കും?
എങ്ങിനെ കാടിന്റെ മക്കൾ, സ്വയം രാജാക്കന്മാരെ പോലുള്ളവർ, നഗരത്തിലെ അഹങ്കാരപ്രഭുക്കളുടെ പാദസേവകരാകും?
അവർക്ക് അധിക്ഷേപങ്ങളുടേയും കടന്നാക്രമണങ്ങളുടേയും കുത്തൽ സ്വീകാര്യമാകുമോ?
മൂന്നാണ്ടിന്റെ ക്ഷാമം അവരെ വിശപ്പും ദാഹവുമെന്തെന്ന് പഠിപ്പിച്ചു, വരണ്ട വസന്തങ്ങളിൽ എത്രകാലം അവർ പിടിച്ചുനിൽക്കും?
മടക്കയാത്രയിൽ അവന്റെയുള്ളിൽ ഈ ചിന്തകൾ മുഴങ്ങി, എതിർക്കുന്നെങ്കിൽ എന്ത് ദൗർഭാഗ്യമാവും അത് കൊണ്ടുവരിക?

അവർ കാട്ടിലേക്ക് കടന്നത് ഒരു ചെറിയ മഴചാറ്റലുള്ളപ്പോഴാണ്, അതൊരു ശുഭസൂചക ലക്ഷണമാണെന്ന് പറയപ്പെടുന്നു,
ഗ്രാമീണർ ദേവതകൾക്ക് നന്ദിപറഞ്ഞു, അവരുടെ സമർത്ഥനാം നേതാവിന്റെ, രമണീയമായ സ്വന്തം കൂട്ടിലേക്കുള്ള സുരക്ഷിത
മടക്കത്തിന്; അടുത്ത മൂന്നുമാസം വേനൽ അത്യധികം ഉഷ്ണംനിറഞ്ഞതും, അവരുടെ ചുമതലയുള്ള സേനാത്തലവന്റെ
ഉള്ളംപോലെ വരണ്ടതുമായിരുന്നു! ഇത്തവണ ദസറ ആഘോഷം സഹനത്തിന്റെ വഴിയിലാണ്.
ഒന്നുകിൽ കുടിശ്ശിക തീർക്കുക അല്ലെങ്കിൽ ഒരുങ്ങിയിരിക്കുക.

മഴക്കാലം വന്നത് വലിയ ആക്രോശത്തോടെയും കല്ലുകളുമായിട്ടാണ്, കറുത്ത മേഘങ്ങൾ പൊട്ടിത്തെറിച്ചു,
നീല താഴികക്കുടത്തിൽ വിള്ളൽ വീണു, മിന്നലിന്റെ മിന്നും വള്ളിപ്പടർപ്പുകളോടെ,
ആദ്യമഴയിലെ മണ്ണിന്റെ മണം ആശ നശിച്ചിരുന്നേവർക്കും ആഹ്ലാദം നൽകി, മയിലുകളും, തുമ്പികളും നൃത്തം ചെയ്തു,
വറ്റിയ കുളങ്ങളും അരുവികളും പുഞ്ചിരിച്ചു, ജലക്കുപ്പായമണിഞ്ഞ് പൊട്ടിച്ചിരിച്ചു.
രാത്രിയിൽ തവളകൾ സിംഫണി നടത്തി, കൊറ്റികൾ, വെള്ളകൊക്കുകൾ, നീർകാക്കകൾ തുടങ്ങിയവ പകൽ കുളികഴിഞ്ഞ് ധ്യാനിച്ചു.

കാട്ടിലെ മരങ്ങൾ ദേഹത്തെ പൊടി കഴുകിക്കളഞ്ഞു, വഴികൾ വഴുക്കലുള്ളവയായി, പഴുതാരകളും, പാമ്പുകളും ഇഴഞ്ഞു,
പൊതുവെ ജീവിതം സാധാരണതയിലേക്ക് മടങ്ങി, സസ്യജീവജാലങ്ങൾ നിശ്വാസങ്ങളുതിർത്തു, ചമ്പക് അരുവി നിറഞ്ഞൊഴുകി,
ആഘോഷിക്കേണ്ട സമയം, ചക്രവാളത്തിൽ ഒരു പ്രതീക്ഷ, കൽപ്പിക്കുന്ന ദൈവങ്ങളുടെ കുടിശ്ശിക തീർക്കുന്നതിന്,
മഴ ദൈവത്തിനും ഭൂമി ദേവതയ്ക്കും ഒരു വലിയ വാഴ്ത്തൽ, പുനർജ്ജനിച്ച മണ്ണിൽ ജീവന്റെ ഒരു പാട്ടും, നൃത്തവും.

–21–

# പൂക്കളുടേയും ആയുധങ്ങളുടേയും ആഘോഷം



ഒൻപതാം നാളിൽ ഓ ശാദ്വല ബത്തുകമ്മ! ഞങ്ങൾ നിനക്ക് തൈര് സാദം, പുളിയോദരം, നാരങ്ങ സാദം,
തേങ്ങ സാദം, എള്ള് സാദം - അഞ്ചുകൂട്ടം നൈവേദ്യം - നേദിക്കുന്നു, നിന്നെ വാഴ്ത്തിക്കൊണ്ട്!
ഒൻപതാം നാൾ രാത്രി ഞങ്ങൾ, ഓ ഗൗരമ്മ, നിന്നെ വഹിച്ചുകൊണ്ടുപോയി ശുദ്ധ തടാകജലത്തിൽ നിമജ്ജനം ചെയ്യുന്നു.
നിൻ സംരക്ഷണത്തിൽ ഞങ്ങൾ ജീവിതങ്ങൾ പുതുക്കുന്നു, ഓ ബത്തുകമ്മ - ജീവദായികേ,
ഞങ്ങളുടെ ജീവിതങ്ങളുടെ അടയാള ചിഹ്നമേ!

ഞങ്ങൾ നിനക്ക് നേദിക്കുന്നു-ചോളം, അരി, അരിച്ചോളം, തിന(ചാമ)യരി, ഗോതമ്പ്, നിലക്കടല, കശുവണ്ടി, എള്ള്,
പാൽ, ശർക്കര, ഉഴുന്ന്, തുവരപരിപ്പ്, ചുവന്ന പരിപ്പ്, ചെറുപയർ - ഞങ്ങളുടെ പ്രവൃത്തികളിൽ തുണയേകണേ!
ഓ മാതാവേ! ഞങ്ങളുടെ പെൺകുഞ്ഞുങ്ങൾ, നിന്റെ ആകാരത്തിൽ നിന്നും ഊർജ്ജത്തിൽ നിന്നും
ജീവിതത്തിന്റെ കറുപ്പും, വെളുപ്പും വശങ്ങൾ പഠിക്കട്ടെ!

ഭദ്രകാളി ക്ഷേത്രത്തിൽ ഓരോ ദിവസവും ദേവിയെ ആരാധിക്കുന്നു, ഓരോ രൂപത്തിൽ.
ഒന്നാംനാൾ ചന്ദ്രക്കല ചൂടി, ത്രിശൂലത്തോടും, താമരയോടുംകൂടി, നന്ദിയോടൊത്ത് നിൽക്കുന്ന ശൈലപുത്രി,
രണ്ടാംനാൾ നഗ്നപാദയായ, രുദ്രാക്ഷ മാലയണിഞ്ഞ, കൈയിൽ കമണ്ഡലുവുമായി നില്ക്കും ബ്രഹ്മചാരിണിയായി,
മൂന്നാംനാൾ ചന്ദ്രഘണ്ഡ, അർദ്ധചന്ദ്രനോടുകൂടി, പടയായുധങ്ങളോടുകൂടി, പെൺപുലിമേൽ സഞ്ചരിക്കുന്നു,
നാലാംനാൾ കുശ്മാണ്ഡ, സൂര്യനിൽ വസിക്കുന്നു, പെൺസിംഹത്തിന്മേൽ സഞ്ചരിക്കുന്നു, യുദ്ധത്തിന്റേയും ശാന്തിയുടേയും ദേവി,
അഞ്ചാംനാൾ സ്കന്ദമാതാ, സ്കന്ദന്റെ മാതാവ്, സിംഹത്തിന്റെ പുറത്ത് സഞ്ചരിക്കുന്നു, താമരപ്പൂവിലിരിക്കുന്നു,
ആറാംനാൾ കാർത്ത്യായനിയായി, മഹിഷാസുരനെ വധിക്കുവാൻ, ഉഗ്രരൂപിയായ സിംഹപുറത്തേറി, ദേവന്മാരെ സംരക്ഷിക്കുന്നതിനായി,
ഏഴാംനാൾ കാളരാത്രിയായി, അസുരദ്വന്ദ്വം ശുംഭനിശുംഭരെ സംഹരിക്കുന്നതിനായി, കഴുതമേലേറി വരുന്നു,
എട്ടാംനാൾ മഹാഗൗരിയായി, ഹൃദയതന്ത്രികളെ തൊട്ടുണർത്തുന്ന ദാമുരുവേന്തി, ഏറ്റം മനോഹാരിണിയായി നിൽക്കുന്നു,
ഒമ്പതാംനാൾ സിദ്ധിധാത്രി-ആദിശക്തി-മഹാദേവന്റെ അർദ്ധാംഗിണിയായി, അരൂപിയായി!
ഓ സർവ്വലോക മാതാവേ! ഞങ്ങളോട് കരുണ കാട്ടണേ, മായയുടെ ആവരണം നീക്കിത്തരണേ; കനിഞ്ഞനുഗ്രഹിക്ക തായേ!

ഒരുഗല്ലു ഉത്സവത്തിന്റെ ആചാരാനുഷ്ഠാനങ്ങളാൽ ഉത്സാഹത്തിമിർപ്പിലായിരുന്നു, യുദ്ധമുന്നോടിയായ ഉത്സാഹത്തിമിർപ്പ്!
പതിവായി സേനാനായകർ നയിക്കും സേനാവിഭാഗങ്ങളുടെ ഘോഷായാത്രയുണ്ടാവാറുണ്ട്, ഒപ്പം തടിയായുധശേഖര പ്രദർശനവും!
വിജയദശമി നാളിൽ, രാജശേഖരത്തിൽ നിന്നുള്ള, പുതിയതും പഴയതുമായ ആയുധങ്ങളുടെ പൂജയും,
കാലാളുകൾ, കുതിരപ്പട, ആനപാപ്പാന്മാർ അവരുടെ യുദ്ധഗജവീരന്മാരോടുകൂടി,
തങ്ങളുടെ ഏറ്റവും നല്ല ആയുധങ്ങളോടുകൂടി കൈത്തൊഴിലുകാരെന്നിവരുമുണ്ടാവും.

പട്ടാളം അവരുടെ ആയുധങ്ങളോടും, പടച്ചട്ടകളോടും കൂടി ഘോഷയാത്ര നടത്തി, ഒരു പ്രത്യേകവിഭാഗം പടയാളികൾ,
കൈയിൽ നാനാവിധം ആയുധങ്ങളോടുകൂടി പെരിനി - താണ്ഡവം - 'പടയാളികളുടെ നൃത്തം' കാഴ്ചവച്ചു;
വാളുകളും, കത്തികളും - നീണ്ടതും കുറുകിയതും - കഠാരികൾ, പരിചകൾ, യുദ്ധമഴുക്കൾ, മുൾമുനകളുള്ള ഗദകൾ,
ഗദകൾ, കുറുവടികൾ, കുന്തങ്ങൾ, ശൂലങ്ങൾ, ദണ്ഡുകൾ, പടക്കുന്തങ്ങൾ, ത്രിശൂലങ്ങൾ, കവണകൾ, വളഞ്ഞവാളുകൾ, ചുറ്റികകൾ,
നീണ്ട വില്ലുകൾ, അമ്പുകൾ, ചക്രങ്ങൾ, അരിവാളുകൾ, ചമ്മട്ടികൾ, ബാറ്ററിംഗ് റാമുകൾ (കോട്ടവാതിലുകൾ ഇടിച്ചു തുറക്കുന്നവ),
എഴുത്തുപകരണങ്ങൾ, താലപത്രങ്ങൾ, സംഗീതോപകരണങ്ങൾ,
ഓരോ കൈത്തൊഴിലുകാരന്റെയും പണിശാലയിലെ നിത്യോപകരണങ്ങൾ,
എല്ലാം യുദ്ധദേവതയായ ദുർഗ്ഗയ്ക്ക് മുമ്പിൽ വച്ച് അശ്വായുജ മഹാനവമി നാളിൽ വിജയത്തിനായി പൂജിക്കുന്നു.
ആചാരങ്ങളുടെ സംയോജനത്തിൽ കാട്, ഗ്രാമങ്ങൾ, നഗരങ്ങളെല്ലാം അനൈക്യത്തിൽ ഐക്യം അനുഭവിക്കുന്നു.

ഗോത്രവർഗ്ഗവിഭാഗ ബാനറിൻ കീഴിൽ പെഡ്ഡപുലി രാജു ഒരു കമാൻഡറായി പങ്കെടുത്തു.
പഴയതും പുതിയതുമായ പോരാളികളെ പ്രദർശിപ്പിച്ച് അവരുടെ നാഗരികപാടവങ്ങൾ പ്രമാണിമാർക്കും രാജാവിനും കാഴ്ചവച്ചു.
അത്യാഗ്രഹവും അധികാരാസക്തിയും സമർത്ഥനായ ഒരുവനെ അന്ധനാക്കവേ അവൻ വേരുകൾ മറക്കുന്നു, സ്വജാതിയെ നിന്ദിക്കുന്നു.
രാജനഗരത്തിലെ തിളങ്ങുന്ന വിളക്കുകളുടെ ശോഭയിൽ, കാടിന്റെ ആ സന്തതി താരകങ്ങളേയും ചന്ദ്രനേയും സൂര്യനേയും മറന്നു.
നഗരപ്രമാണിമാരുടെ കൂട്ടത്തിലിടം കിട്ടിയതവനെ ഇരുമ്പ് കുളമ്പടികളുള്ള കറുത്ത കുതിരപ്പുറത്ത് സഞ്ചരിക്കാൻ യോഗ്യനാക്കി.

## –21–

## പൂക്കളുടേയും ആയുധങ്ങളുടേയും ആഘോഷം



ഒൻപതാം നാളിൽ ഓ ശാദ്വല ബത്തുകമ്മ! ഞങ്ങൾ നിനക്ക് തൈര് സാദം, പുളിയോദരം, നാരങ്ങ സാദം,
തേങ്ങ സാദം, എള്ള് സാദം - അഞ്ചുകൂട്ടം നൈവേദ്യം - നേദിക്കുന്നു, നിന്നെ വാഴ്ത്തിക്കൊണ്ട്!
ഒൻപതാം നാൾ രാത്രി ഞങ്ങൾ, ഓ ഗൗരമ്മ, നിന്നെ വഹിച്ചുകൊണ്ടുപോയി ശുദ്ധ തടാകജലത്തിൽ നിമജ്ജനം ചെയ്യുന്നു.
നിൻ സംരക്ഷണത്തിൽ ഞങ്ങൾ ജീവിതങ്ങൾ പുതുക്കുന്നു, ഓ ബത്തുകമ്മ - ജീവദായികേ,
ഞങ്ങളുടെ ജീവിതങ്ങളുടെ അടയാള ചിഹ്നമേ!

ഞങ്ങൾ നിനക്ക് നേദിക്കുന്നു-ചോളം, അരി, അരിച്ചോളം, തിന(ചാമ)യരി, ഗോതമ്പ്, നിലക്കടല, കശുവണ്ടി, എള്ള്,
പാൽ, ശർക്കര, ഉഴുന്ന്, തുവരപരിപ്പ്, ചുവന്ന പരിപ്പ്, ചെറുപയർ - ഞങ്ങളുടെ പ്രവൃത്തികളിൽ തുണയേകണേ!
ഓ മാതാവേ! ഞങ്ങളുടെ പെൺകുഞ്ഞുങ്ങൾ, നിന്റെ ആകാരത്തിൽ നിന്നും ഊർജ്ജത്തിൽ നിന്നും
ജീവിതത്തിന്റെ കറുപ്പും, വെളുപ്പും വശങ്ങൾ പഠിക്കട്ടെ!

ഭദ്രകാളി ക്ഷേത്രത്തിൽ ഓരോ ദിവസവും ദേവിയെ ആരാധിക്കുന്നു, ഓരോ രൂപത്തിൽ.
ഒന്നാംനാൾ ചന്ദ്രക്കല ചൂടി, ത്രിശൂലത്തോടും, താമരയോടുംകൂടി, നന്ദിയോടൊത്ത് നിൽക്കുന്ന ശൈലപുത്രി,
രണ്ടാംനാൾ നഗ്നപാദയായ, രുദ്രാക്ഷ മാലയണിഞ്ഞ, കൈയിൽ കമണ്ഡലുവുമായി നില്ക്കും ബ്രഹ്മചാരിണിയായി,
മൂന്നാംനാൾ ചന്ദ്രഘണ്ഡ, അർദ്ധചന്ദ്രനോടുകൂടി, പടയായുധങ്ങളോടുകൂടി, പെൺപുലിമേൽ സഞ്ചരിക്കുന്നു,
നാലാംനാൾ കുശ്മാണ്ഡ, സൂര്യനിൽ വസിക്കുന്നു, പെൺസിംഹത്തിന്മേൽ സഞ്ചരിക്കുന്നു, യുദ്ധത്തിന്റേയും ശാന്തിയുടേയും ദേവി,
അഞ്ചാംനാൾ സ്കന്ദമാതാ, സ്കന്ദന്റെ മാതാവ്, സിംഹത്തിന്റെ പുറത്ത് സഞ്ചരിക്കുന്നു, താമരപ്പൂവിലിരിക്കുന്നു,
ആറാംനാൾ കാർത്ത്യായനിയായി, മഹിഷാസുരനെ വധിക്കുവാൻ, ഉഗ്രരൂപിയായ സിംഹപുറത്തേറി, ദേവന്മാരെ സംരക്ഷിക്കുന്നതിനായി,
ഏഴാംനാൾ കാളരാത്രിയായി, അസുരദ്വന്ദ്വം ശുംഭനിശുംഭരെ സംഹരിക്കുന്നതിനായി, കഴുതമേലേറി വരുന്നു,
എട്ടാംനാൾ മഹാഗൗരിയായി, ഹൃദയതന്ത്രികളെ തൊട്ടുണർത്തുന്ന ദാമുരുവേന്തി, ഏറ്റം മനോഹാരിണിയായി നിൽക്കുന്നു,
ഒമ്പതാംനാൾ സിദ്ധിധാത്രി-ആദിശക്തി-മഹാദേവന്റെ അർദ്ധാംഗിണിയായി, അരൂപിയായി!
ഓ സർവ്വലോക മാതാവേ! ഞങ്ങളോട് കരുണ കാട്ടണേ, മായയുടെ ആവരണം നീക്കിത്തരണേ; കനിഞ്ഞനുഗ്രഹിക്ക തായേ!

ഒരുഗല്ലു ഉത്സവത്തിന്റെ ആചാരാനുഷ്ഠാനങ്ങളാൽ ഉത്സാഹത്തിമിർപ്പിലായിരുന്നു, യുദ്ധമുന്നോടിയായ ഉത്സാഹത്തിമിർപ്പ്!
പതിവായി സേനാനായകർ നയിക്കും സേനാവിഭാഗങ്ങളുടെ ഘോഷായാത്രയുണ്ടാവാറുണ്ട്, ഒപ്പം തടിയായുധശേഖര പ്രദർശനവും!
വിജയദശമി നാളിൽ, രാജശേഖരത്തിൽ നിന്നുള്ള, പുതിയതും പഴയതുമായ ആയുധങ്ങളുടെ പൂജയും,
കാലാളുകൾ, കുതിരപ്പട, ആനപാപ്പാന്മാർ അവരുടെ യുദ്ധഗജവീരന്മാരോടുകൂടി,
തങ്ങളുടെ ഏറ്റവും നല്ല ആയുധങ്ങളോടുകൂടി കൈത്തൊഴിലുകാരെന്നിവരുമുണ്ടാവും.

പട്ടാളം അവരുടെ ആയുധങ്ങളോടും, പടച്ചട്ടകളോടും കൂടി ഘോഷയാത്ര നടത്തി, ഒരു പ്രത്യേകവിഭാഗം പടയാളികൾ,
കൈയിൽ നാനാവിധം ആയുധങ്ങളോടുകൂടി പെരിനി - താണ്ഡവം - 'പടയാളികളുടെ നൃത്തം' കാഴ്ചവച്ചു;
വാളുകളും, കത്തികളും - നീണ്ടതും കുറുകിയതും - കഠാരികൾ, പരിചകൾ, യുദ്ധമഴുക്കൾ, മുൾമുനകളുള്ള ഗദകൾ,
ഗദകൾ, കുറുവടികൾ, കുന്തങ്ങൾ, ശൂലങ്ങൾ, ദണ്ഡുകൾ, പടക്കുന്തങ്ങൾ, ത്രിശൂലങ്ങൾ, കവണകൾ, വളഞ്ഞവാളുകൾ, ചുറ്റികകൾ,
നീണ്ട വില്ലുകൾ, അമ്പുകൾ, ചക്രങ്ങൾ, അരിവാളുകൾ, ചമ്മട്ടികൾ, ബാറ്ററിംഗ് റാമുകൾ (കോട്ടവാതിലുകൾ ഇടിച്ചു തുറക്കുന്നവ),
എഴുത്തുപകരണങ്ങൾ, താലപത്രങ്ങൾ, സംഗീതോപകരണങ്ങൾ,
ഓരോ കൈത്തൊഴിലുകാരന്റെയും പണിശാലയിലെ നിത്യോപകരണങ്ങൾ,
എല്ലാം യുദ്ധദേവതയായ ദുർഗ്ഗയ്ക്ക് മുമ്പിൽ വച്ച് അശ്വായുജ മഹാനവമി നാളിൽ വിജയത്തിനായി പൂജിക്കുന്നു.
ആചാരങ്ങളുടെ സംയോജനത്തിൽ കാട്, ഗ്രാമങ്ങൾ, നഗരങ്ങളെല്ലാം അനൈക്യത്തിൽ ഐക്യം അനുഭവിക്കുന്നു.

ഗോത്രവർഗ്ഗവിഭാഗ ബാനറിൻ കീഴിൽ പെഡ്ഡപുലി രാജു ഒരു കമാൻഡറായി പങ്കെടുത്തു.
പഴയതും പുതിയതുമായ പോരാളികളെ പ്രദർശിപ്പിച്ച് അവരുടെ നാഗരികപാടവങ്ങൾ പ്രമാണിമാർക്കും രാജാവിനും കാഴ്ചവച്ചു.
അത്യാഗ്രഹവും അധികാരാസക്തിയും സമർത്ഥനായ ഒരുവനെ അന്ധനാക്കവേ അവൻ വേരുകൾ മറക്കുന്നു, സ്വജാതിയെ നിന്ദിക്കുന്നു.
രാജനഗരത്തിലെ തിളങ്ങുന്ന വിളക്കുകളുടെ ശോഭയിൽ, കാടിന്റെ ആ സന്തതി താരകങ്ങളേയും ചന്ദ്രനേയും സൂര്യനേയും മറന്നു.
നഗരപ്രമാണിമാരുടെ കൂട്ടത്തിലിടം കിട്ടിയതവനെ ഇരുമ്പ് കുളമ്പടികളുള്ള കറുത്ത കുതിരപ്പുറത്ത് സഞ്ചരിക്കാൻ യോഗ്യനാക്കി.

## -22-

# നഗരത്തിന്റെ കാട്ടിലേക്കുള്ള മാർച്ച്



വടക്കൻപച്ചപ്പിനെ ബാധിച്ച കീടങ്ങളെക്കുറിച്ചുള്ള ചീത്ത വാർത്തയുമായി ഇരുമ്പുകുളമ്പുകളോടുകൂടിയ കുതിരകൾ കുതിച്ചുവന്നു,
നൂറായിരം വില്ലാളികളും പടയാളികളുമായി, ആയിരകണക്കിന് കുതിരകളും ആനകളും, സഞ്ചരിക്കാൻ കാളവണ്ടികളുമായി,
വളരെ താഴ്ചയേറിയ കിടങ്ങോടുകൂടിയ ഭീമാകാരമായ മൺചുമർ,
ശക്തവും വീതിയേറിയതുമായ കൊത്തളങ്ങളോടുകൂടിയ ഭീമാകാരമായ ഗ്രാനൈറ്റ് ഭിത്തി,
എണ്ണമില്ലാത്ത നായകന്മാർ കമാൻഡർമാരായി, ടൺകണക്കിന് സ്വർണ്ണവും രത്നവും സാമ്രാജ്യത്തിന്റെ അഭിമാനമായി.

കൂടുതൽ, ഇനിയും കൂടുതൽ വേണമെനിക്ക്, ഭീതി പറയുന്നു;
ഇനിയും, ഇനിയും വേണമെനിക്ക്, അത്യാഗ്രഹം പറയുന്നു; കൂടുതൽ എവിടെ സൂക്ഷിക്കാൻ?
പ്രമാണിമാർ സാധാരണക്കാരെയും, പുരുഷന്മാർ സ്ത്രീകളേയും അവഹേളിക്കുന്ന, നാനാവിഭാഗങ്ങളോടുകൂടിയ ഒരു മഹത്‌രാജ്യം,
ആയിരം ആചാരങ്ങളും നൂറ് ഗുണപാഠങ്ങളും പനയോലകളിൽ കുറിച്ചിരിക്കുന്നു, ശിലാലിഖിതങ്ങളിൽ കൊത്തിവച്ചിരിക്കുന്നു;
രാജാക്കന്മാർ വയറുനിറയെ തിന്ന് കൂർക്കംവലിക്കുന്ന, ആയിരം ചെറുരാജ്യങ്ങളുള്ള,
ഒരു സാമ്രാജ്യത്തിൽ, ഐക്യം കൊണ്ടുവരാനവർക്ക് കഴിയുമോ?

അതിർത്തിയിലെ ശത്രുക്കളുമായുള്ള ഏറ്റുമുട്ടലുകളിൽ സമർത്ഥരായ കാകതീയ സേന പല യുദ്ധങ്ങളും ജയിച്ചു;
ശത്രുവിനെ ഇല്ലാതാക്കാനുള്ള ഏറ്റുമുട്ടലിൽ മുൻനിര പടയാളികളായിരങ്ങൾ മരണക്കിലുക്കത്തിൽ നഷ്ടമായി.
പെഡ്ഡപുലി രാജു വിഭാഗത്തിന് വൻനാശമുണ്ടായി. പക്ഷേ വിജയം അവന് ഭൂമിയും, പദവികളും സമ്മാനിച്ചു.
ഇപ്പോഴവൻ പുതിയ സേനാംഗങ്ങളെ തേടുകയാണ്, സ്വന്തം ഗോത്രമേഖലയിൽ നിന്നച നിരന്തരം വിലപേശലുകൾ നടത്തുന്നു.

പക്ഷേ ഗോത്രഗ്രാമങ്ങളിലെ നഷ്ടം അത്യധികമായിരുന്നു. ഓരോ വില്ലേജിനും നാലഞ്ചു കുട്ടികളെ നഷ്ടപ്പെട്ടു.
മരണമല്ല, പക്ഷേ അകാലമരണം സംഭവിച്ച വിധമാണ് ദുഃഖവും ആശങ്കയും ഉണ്ടാക്കിയത്.
രാജാവിന്റെ കമാൻഡർ കൂടുതൽ ആളുകളേയും, സാധനങ്ങളും ആവശ്യപ്പെട്ടപ്പോൾ അവരെതിർത്തു.
ഇത്തവണ അയാൾ വരച്ചവരയിലൂടെ നടക്കാൻ അവർ വിസമ്മതിച്ചു, പ്രശ്നങ്ങൾ കുന്നുകൂടി, പൂച്ചകൾ മണിയടിച്ചു.

വിശ്വസ്തനായ രാജസേവകൻ മന്ത്രിയോട് കാര്യമുണർത്തിച്ചു, അവസ്ഥ വിശദീകരിച്ചു.
ഇപ്പോഴേ ഈ പ്രശ്നം മുളയിൽ നുള്ളിയില്ലെങ്കിൽ തിരുത്താൻ പറ്റാത്തവണ്ണം വൻമരമായിത്തീരും,
അയാൾ രാജാവിന്റെ അനുവാദത്തിനായി അഭ്യർത്ഥിച്ചു, കുടിശ്ശികകൾ മുൻനിറുത്തി, ഒരു അവസാന ശ്രമം,
മധുരവാക്കുകളും സമീപകാലവിജയവും രാജാവിനേയും മന്ത്രിയേയും അയാളുടെ നിർദ്ദേശം സ്വീകരിക്കാൻ നിർബന്ധിതരാക്കി.

കമാൻഡർ മന്ത്രിയോടുകൂടി ആ വലിയ ഗോത്രവർഗ്ഗക്കാരുടെ സമാഗമത്തിൽ പങ്കെടുത്തു.
അതികഠിന വരൾച്ച കാരണമാണ് നികുതിയടക്കാൻ കഴിയാത്തതെന്ന് തലമുതിർന്നവർ കേണുപറഞ്ഞു,
ഇപ്പോൾതന്നെ അനവധി കുഞ്ഞുങ്ങളെ ഞങ്ങൾക്ക് നഷ്ടമായി. ഇനിയും കുട്ടികളെ അയക്കാൻ നിർബന്ധിക്കരുതെന്നവരപേക്ഷിച്ചു.
മന്ത്രി തീരുമാനം അവരുടെ മേഖലാത്തലവന് വിട്ടു, അത്യാവശ്യകാര്യത്തിനായി സ്ഥലം വിട്ടു.

ഈ അവസരം പെഡ്ഡപുലി രാജു തന്റെ പ്രമാദിത്തം തെളിയിക്കാൻ ഉപയോഗിച്ചു, തീരുമാനം പാസ്സാക്കി.
അടുത്ത പൗർണ്ണമിയോടെ അവർ അനുസരിച്ചില്ലെങ്കിൽ കാട്ടിലേക്ക് പട്ടാളം മാർച്ച് ചെയ്യും, പരിഹാരം കാണുന്നതിനായി.
പഗിഡിഡ്ഡ രാജു എല്ലാം നിശബ്ദമായി നിരീക്ഷിച്ചു. മനഃപൂർവ്വം ഒരകലം പാലിച്ചു, വീണ്ടും ഒരേറ്റുമുട്ടലൊഴിവാക്കാനായി.
ആ രാജഖ്യാഘ്രം അലറി; പിന്നീടവർ കേട്ടത് കാതടിപ്പിക്കും കാട്ടുപുലികളുടെ അലർച്ചയാണ്!
അവിടെ കൂടിയിരുന്ന ജനങ്ങൾ പ്രതിഷേധത്താൽ അലറി, ഓരോ ഗ്രാമീണനും പാഞ്ഞുവരുന്ന ഒരു പുലിയായിമാറി.
പക്ഷേ ചില തലമുതിർന്നവരതുകണ്ടു. ഒരു നഗരം മുഴുവൻ കാട്ടിലേക്ക് വന്ന് കാട് കയ്യേറുന്നത്, ഒരു ശങ്കയുമില്ലാതെ.

## -23-
## ആനകളും ഉറുമ്പുകളും തമ്മിലുള്ള യുദ്ധം



ശങ്ക! ഇല്ല! ഈ ഉറുമ്പുകൾ ഒരു പാഠം പഠിക്കട്ടെ! ഞാഞ്ഞൂളുകൾക്ക് പാമ്പുകളേപ്പോലെ ചീറ്റുകയും കടിക്കുകയും ചെയ്യാനാകുമോ?
ആനകൾ പരേഡ് നടത്തിയപ്പോൾ ഉറുമ്പുകൾ അന്തംവിട്ട് നോക്കി; അവരുടെ കാൽച്ചുവട്ടിൽ മരിച്ചുവീണു. ജീവശക്തി നിലച്ചു!
ഉറുമ്പിൻ പുറ്റുകളേയും, ഓലക്കുടിലുകളേയും ആധുനികജ്ഞാനം നേടിയ കോട്ടകളും കൊട്ടാരങ്ങളുമായി താരതമ്യപ്പെടുത്താമോ?
വലിയ ഒരു വിലകൊടുത്തുകൊണ്ട് ഈ ലളിതമായ സത്യം ഞങ്ങൾ നിങ്ങളെ പഠിപ്പിക്കുന്നു,
നിങ്ങൾ പറയുന്നു ഈ പ്രവൃത്തി സ്വാതന്ത്ര്യത്തിന് നൽകുന്ന വിലയാണെന്ന്.

പെഡ്ഡപുലി രാജു അവരെ നോക്കി അട്ടഹസിച്ചു, പിന്നീട് ഉറച്ചതാക്കീതോടെ ആ ജനക്കൂട്ടം വിട്ടുപോയി.
എപ്പോഴത്തേയുംപോലെ അയാളുടെ പടയാളികൾ പോകുംവഴി അവരുടെ ലോഹത്തിളക്കവും പൗരുഷവും ഉയർത്തിക്കാട്ടി.
അന്നേരം തലമുതിർന്നവർ ദീർഘനിശ്വാസം വിട്ടു. പഗിഡിഡ്ഡ രാജുവിനെ യുദ്ധം നയിക്കാൻ തെരഞ്ഞെടുത്തു.
അയാൾ പറഞ്ഞു – 'ഓ കാട്ടിന്റെ മക്കളേ! നമ്മളവരുടെ കോട്ട ആക്രമിക്കുന്നില്ല, ഈ കാട് നമ്മുടെ വാസസ്ഥലമാണ്.

ഈ യുദ്ധക്കെടുതി നേരിടാൻ നമുക്ക് തയ്യാറെടുക്കാം. ഇത് നമുക്കുള്ളതെല്ലാം കത്തിയെരിച്ചു കളഞ്ഞുവെന്ന് വരാം.
പക്ഷേ നമ്മുടെ വനദേവത നമ്മേ കാക്കുന്നു. നമുക്ക് ചുവന്ന പുലിയുറുമ്പുകളാകാം, നമ്മുടെ സമ്പത്തിൽ കൈവച്ചാൽ കൊത്തുക!
ഓരോ മരവും ഒരു കോട്ടയാകട്ടെ, ഓരോ സ്ത്രീയും കുട്ടിയും നമ്മുടെ മണ്ണിനുവേണ്ടി പോരാടുന്ന ചുവന്ന ഉറുമ്പാകട്ടെ.'
മരക്കൂടാരങ്ങൾ പണിതുകൊണ്ട് അവർ തയ്യാറെടുപ്പുകൾ തുടങ്ങി. ശത്രുക്കളെ മുകളിൽനിന്നും ചുറ്റിൽനിന്നും ആക്രമിക്കുവാൻ.

നല്ല മുളങ്കാടുകളിൽ നിന്നും പുതിയ വില്ലുകളും, ഇരുമ്പ് മുനകളുള്ള അമ്പുകളും ധാരാളമായുണ്ടാക്കി, തേക്കിന്റെ കവചങ്ങൾ,
വാളുകൾ, കുന്തങ്ങൾ, നീളമുള്ള കുന്തങ്ങൾ, വേലുകൾ, കവണകൾ, കല്ലുകൾ, തുറന്ന സ്ഥലങ്ങളിൽ ഇടുങ്ങിയ കുഴികൾ...
ചെറുപ്പം മുതൽ ഉപജീവനത്തിനായി പഠിച്ച എല്ലാ വിദ്യകളും വലിയ അളവിലും മേന്മയിലും അവർ ഉപയോഗപ്പെടുത്തി;
ദൂതന്മാരേയും ചാരന്മാരേയും എളുപ്പത്തിലും വേഗത്തിലുമുള്ള വാർത്താവിനിമയത്തിനായി ചുമതലപ്പെടുത്തി.
അവർക്കുള്ള എല്ലാവിധ സാമഗ്രികളും ഒരുക്കിവച്ചു. ഇപ്പോൾ –
ദേവതകളെ പ്രീതിപ്പെടുത്താനും പ്രാർത്ഥനകൾക്കുമുള്ള സമയമാണ്, വിശുദ്ധപീഠങ്ങളിൽ പക്ഷിമൃഗാദികൾ ബലിയർപ്പിക്കപ്പെട്ടു.

കുതിരപ്പടയും, ഏതാനും ആനകളും പിന്തുണക്കുന്ന ഇരുപതിനായിരം പോരാളികളുടെ ശക്തമായ സേന,
മന്ത്രിയുടെ മേൽനോട്ടത്തിൽ ധീരനായ കമാൻഡർ പെഡ്ഡപുലി രാജുവാൽ നയിക്കപ്പെട്ട്,
പറഞ്ഞനാളിനായി കാത്തു; കാട്ടിലേക്ക് മാർച്ച് തുടങ്ങി, എതിർക്കുന്നവരെ നിശ്ശബ്ദമാക്കാൻ; രാജാവിനൊരു സമ്മാനം
നൽകുന്നതിനായി മന്ത്രിക്ക് സ്വന്തം മോഹവും, കമാൻഡറിന് അയാളുടെ അത്യാഗ്രഹവുമുണ്ടായിരുന്നു.
അവരുടെ പരിശീലനം സിദ്ധിച്ച സേന വളരെ ശാന്തരായിരുന്നു,
ഒരു മുളങ്കൂട്ടത്തിന് മൂർച്ചയേറും അരിവാളുകളേയും ത്രിശൂലങ്ങളേയും എതിർക്കാനാകുമോ?

പട്ടാളങ്ങളെ സംബന്ധിച്ച് എന്നുമങ്ങനെയാണ്. തുറസ്സായ സ്ഥലത്ത് ക്യാമ്പടിക്കുക, മുൻകൂട്ടി ചാരന്മാരെ അയക്കുക,
അവർ നീങ്ങുമ്പോഴേക്കും, ആ സ്ഥലമാകെ മനുഷ്യമാലിന്യങ്ങളുടേയും അവശിഷ്ടങ്ങളുടേയും ദുർഗന്ധംകൊണ്ട് നിറഞ്ഞിരിക്കും.
മുൻനിര പടയാളികൾ വഴിവെട്ടിത്തെളിയ്ക്കും, കുതിരപ്പടയുടെ പിൻബലത്തോടെ, കെണിയും ചതിക്കുഴികളും ഒഴിവാക്കാൻ;
അവരുടെ നേതാവിന് അവന്റെ കാട് നന്നായറിയാം. ഒരു പഴയ വേട്ടക്കാരൻ തന്റെ ചാലുകൾ തെളിക്കുന്നു, അവസരം മുതലെടുക്കുന്നു.

അങ്ങനെ യുദ്ധവഴികളിൽ സ്ഥാനമുറപ്പിക്കുമ്പോഴേക്കും പടയാളികളുടെ ഊർജ്ജം ആളിക്കത്തിനിന്നു.
വെട്ടിനിരത്തിയ തുറസ്സായിടങ്ങളിൽ ടെന്റുകൾ കെട്ടി, കന്നുകാലികളുടെ കണ്ണുകൾപോലെ കത്തിതിളങ്ങുന്ന നൂറുകണക്കിന്
കാവൽവിളക്കുകൾ ശോഭയോടെ ജ്വലിച്ചുനിന്നു, തെളിഞ്ഞ മാനത്തെ നക്ഷത്രങ്ങൾ കണക്കെ, ഒരു ചിലമ്പലുമില്ലാതെ,
അന്തരീക്ഷം പെട്ടെന്ന് കാറ്റില്ലാതെ നിശ്ചലമായപ്പോൾ ചെറിയ ഒരനക്കം കാവൽക്കാർ കേട്ടു.
കുറെ നെഞ്ചൂക്കുള്ളവർ ഇരുട്ടിലേക്കിറങ്ങി, എന്തെങ്കിലും സൂചനയോ വിവരമോ കിട്ടാൻ, ഒരു വില്ലേജിൽ മിന്നലാക്രമണം നടത്തി,
അവർ കുടിലുകളിൽ കടക്കുവാൻ മുതിർന്നു. വില്ലേജിലെ കാവൽക്കാർക്കുനേരെ ഭ്രാന്തമായി ഏതാനും അമ്പുകളെയ്തു.
മുറിവേറ്റെങ്കിലും കാവൽക്കാർ അവരെ ചെറുത്തു, ഒപ്പം കാടുമുഴുവൻ അത്യുഗ്രകോപത്തോടെ ഉണർന്നെഴുന്നേറ്റു.
കാറ്റനക്കമില്ലാത്ത ആ വിശാല ശാന്തതയെ കടലുപോലുള്ള ജനക്കൂട്ടത്തിന്റെ തീകൊളുത്തിയ അമ്പുകൾ കീറിമുറിച്ചു,
കത്തും പന്തങ്ങളുടെ വെളിച്ചത്തിൽ.

–23–

# ആനകളും ഉറുമ്പുകളും തമ്മിലുള്ള യുദ്ധം



പൊടുന്നനെയുള്ള ആക്രമണത്തിൽ പട്ടാളക്ക്യാമ്പിനു ചുറ്റുംകെട്ടിയ തടികൊണ്ടുള്ള കോട്ടമതിലുകൾ പൊളിഞ്ഞുമാറി.
ഒരു പരിധിവരെ, കുറച്ച് ടെന്റുകൾ കത്തി, ഒരു ചെറിയ ബഹളം പുതിയൊരു ചിന്തയായി മാറി!
കമാൻഡർ തന്റെ സേനയെ അണിനിരത്തി, 'പകരത്തിനുപകരം!' അയാൾ അലറി, 'ഈ രാത്രി അവർ നിങ്ങളുടെ ടെന്റുകൾ കത്തിച്ചു.
നാളെ പ്രഭാതത്തിൽ നമ്മൾ അവരുടെ കാട് കത്തിക്കുന്നു, തീയും പുകയും ഉറുമ്പുകളേയും, എലികളേയും പുറത്തുചാടിക്കട്ടെ.'

അയാൾ കാടിന്റെ ഭൂപടം വരച്ചു, വില്ലേജുകളും, പുഴകളും അടയാളപ്പെടുത്തി; വഴികളും വയലുകളിലെ വെള്ളക്കുഴികളും അടച്ചു.
'എല്ലാ വില്ലേജുകളേയും വളയുക, അഗ്നിക്കിരയാക്കുക, പിടിതന്നവരെ മനുഷ്യക്കവചമായി ഉപയോഗിക്കുക,
അയ്യായിരത്തിന്റെ പട ക്യാമ്പിന് കാവൽ നിൽക്കട്ടെ. നൂറുപേരും ഒരു നേതാവുമുള്ള കൂട്ടങ്ങളായി നിങ്ങൾ മുന്നോട്ടുപോകുക.
കൂടുതൽ സേന ദൃഢീകരണത്തിനായെത്തും, ഒരാഴ്ചയ്ക്കകം ഈ ജോലി പൂർത്തിയാക്കണം!'

പ്രഭാതംവരെ കാടിന്റെ മക്കൾ ബലപ്പെടുത്തിയ ക്യാമ്പിനു നേരെ മിന്നലാക്രമണങ്ങൾ നടത്തി.
അവരുടെ വില്ലേജുകൾ കത്തുന്നതു കണ്ടപ്പോൾ അവർ യുദ്ധച്ചാലുകളിൽ തന്നെ സേനയെ ആക്രമിച്ചു.
കുറച്ച് നാശനഷ്ടങ്ങൾ രണ്ടുകൂട്ടർക്കുമുണ്ടായി, ഉച്ചയായപ്പോഴേക്കും അത് മരണങ്ങളുടെ ചവിട്ടുനാടകമായി!
എതിരാളികൾ ചമ്പക് അരുവിക്കടുത്തുവച്ച് പരസ്പരം നേരിട്ടു, ഉദ്ദേശിച്ച വിളക്കുകൾ നോക്കി അമ്പുകൾ പാഞ്ഞു.

രക്തത്തിന്റെ ചാലുകൾ, മരണമണി, വേറിട്ട കൈകാലുകൾ, മുറിവേറ്റവരുടെ നിലവിളികൾ,
തിളങ്ങുന്ന പോത്തിന്റെ കൊമ്പുകൾ, കുന്തങ്ങളുടെ മൂർച്ചയേറും മുനകൾ, വേറിട്ട തലകൾ, മരിച്ചവർ,
ചൂടുചോര ചീറ്റൽ, ഭ്രാന്തമായ കുതിപ്പ്, ദൈന്യത തളംകെട്ടി, വേദനയുടെ തിക്കൽ, ശാപത്തിന്റെ തലോടൽ,
ബുദ്ധിശൂന്യമായ മാംസപ്പോരിലും വീരവാദ ഉദ്ഘോഷത്തിലും മരണവും ജീവിതവും തമ്മിലുണ്ടായി ഒരു നവപ്രേമം.

സരളക്കയും ഭർത്താവ് ഗോവിന്ദരാജുലുവും ഇരുത്തം വന്ന യോദ്ധാക്കളെപ്പോലെ പൊരുതി,
സരളക്കയ്ക്ക് അമ്മ സമ്മക്കയായിരുന്നു പ്രചോദനം, ഒരു യുദ്ധതടസ്സങ്ങളെയും വകവയ്ക്കാതെ,
അവളും ഭർത്താവും ശത്രു ക്യാമ്പിന്റെ ഒരു മൂലയിൽ പ്രതിരോധം തകർത്തു,
മിനിസ്റ്ററുടെ കാവൽക്കാരുടെ മേലവർ ചാടി വീണു, ചതുപ്പിൽ മുക്കിത്താഴ്ത്തി,
പെഡ്ഡപുലി രാജു ആ ദിവസം രക്ഷിച്ചു: അവൻ യോദ്ധാക്കളുടെ മേൽ ചാടി വീണു, ഒരാളെ ആഞ്ഞുകുത്തി.
വേറൊരാളെ നേർപുറകിൽ നിന്ന് കുന്തംകൊണ്ട് കുത്തിവീഴ്ത്തി. കുന്തമുന തുളച്ച് പൊക്കിളിൽ കൂടി പുറത്തുവന്നു.
ഗോവിന്ദ രാജുലു ഇരുമ്പുമുനയുള്ള ഒരു കുന്തം കമാൻഡറുടെ നേർക്ക് പറത്തിവിട്ടു. അതായളുടെ ചുമലിൽ തറച്ചു.
രാജവ്യാഘ്രം ഭാഗ്യവാനായിരുന്നു, അതവന്റെ ഇടതുകൈയിലൂടെ ഉരച്ച് ഒരു തടിക്കട്ടയിൽ തറച്ചു.
കൂടുതൽ പടയാളികൾ പാഞ്ഞുവന്നു, മന്ത്രി സുരക്ഷിതനായിരുന്നു, ആ പഴയ പുലി ഉഗ്രകോപം പൂണ്ടു.

ഗോവിന്ദ രാജുലു, സരളക്കയ്ക്ക് ആംഗ്യംകാണിച്ച് തന്ത്രപൂർവ്വം പിൻവലിഞ്ഞു. പുറകുവശത്തേക്ക്;
പെഡ്ഡപുലി രാജു സ്വന്തം നേതാക്കളെ വലയംചെയ്ത് രക്ഷിക്കുന്ന ഗോത്രപടയാളികളെ ആക്രമിച്ചു.
കനത്ത വാളുകൊണ്ടൊരാളെ കഷ്ണമാക്കി, മറ്റൊരാളെ വെട്ടി; അങ്ങനെ അതിക്രമിച്ചു കടക്കുന്നവരെ ചെറുത്തു നിർത്തി.
അയാളുടെ അംഗരക്ഷകർ രക്ഷപ്പെട്ടോടുന്ന രണ്ടുപേരേയും പിൻതുടർന്നു, പോരാട്ടം നിയന്ത്രണം വിട്ടു.
സരളക്ക യന്ത്രം കണക്കെ അമ്പുകളെയ്തു, അവരെ പിൻതുടർന്നുവരുന്നവരെ കൊന്നും മുറിവേൽപ്പിച്ചുംകൊണ്ട്,
ഗോവിന്ദ രാജുലു അയാളുടെ നീണ്ട കുന്തം ചക്രം കണക്കെ ചുഴറ്റി ഒരുവന്റെ വയറ്റിൽ കുത്തി.
ആ നിർഭാഗ്യ ഇര, അവന്റെ മുമ്പിൽ ലോകം ഇരുണ്ടുപോയപ്പോൾ അലറി വിളിച്ചു.
അവന്റെ പുറത്തുവന്ന കുടൽ പൊത്തിപ്പിടിച്ചുകൊണ്ട്, വളഞ്ഞു കുത്തി വീണു.
സരളക്ക മടങ്ങാതെ പിൻതുടരുന്ന വേറൊരുത്തന്റെ മേൽ ചന്ദ്രക്കലമുനയുള്ള അമ്പെയ്തു.

## –23–

## ആനകളും ഉറുമ്പുകളും തമ്മിലുള്ള യുദ്ധം



അതവന്റെ നിറഞ്ഞ മൂത്രാശയത്തിൽ തറച്ചു, ദുർബല ജീവന്റെ അവസാന ശ്വാസം വലിച്ചുകൊണ്ട് അവൻ തറയിൽ വീണു.
പെഡ്ഡപുലി രാജു തന്റെ കൊഴിഞ്ഞുവീണ പടയാളികളുടെ ദുര്യോഗം കണ്ടു, വില്ലാളികളുടെ ഒരു സേനയ്ക്ക് ആംഗ്യം നൽകി,
പിൻതിരിഞ്ഞുപോയ രണ്ടുപേരുടേയും പുറത്ത് അമ്പുകൾ തുളഞ്ഞുകയറി. അവരുടെ പുറത്ത് ഓട്ടകൾ ഉണ്ടാക്കി,
മുറിവുകളിൽ നിന്നും ചീറ്റുന്ന രക്തവുമായി, അവർ കാട്ടിനുള്ളിലേക്ക് അപ്രത്യക്ഷരായി,
മനുഷ്യരുടെ അമ്പുകളെത്താത്ത ദൂരത്തേയ്ക്ക്, കൈകൾ പരസ്പരം കോർത്തുപിടിച്ചുകൊണ്ട്.

മറ്റൊരു മൂലയിൽ യുവതിയായ നഗുലമ്മ ഒരു ഉഗ്രസർപ്പം കണക്കെ നീങ്ങി,
ഡസൻ കണക്കിന് പടയാളികൾ അവളുടെ ചുറ്റും കീരികളെ കണക്ക് വളഞ്ഞു, അവർ മരണഗന്ധം ചീറ്റി,
അവളുടെ അമ്പുകൾ ഡസൻ കണക്കിന് എതിരാളികളെ അംഗഭംഗം വരുത്തി വധിച്ചു. പക്ഷേ അവരെണ്ണത്തിലധികമായിരുന്നു,
അവൾ അമ്പുകളാലും കുന്തങ്ങളാലും ആക്രമിക്കപ്പെട്ടു, നിയന്ത്രണം കൈക്കലാക്കിയ കൊള്ളക്കാരുടെ കത്തികുത്തേറ്റു.

മന്ത്രി സന്ദർഭത്തെ അപഗ്രഥിച്ചു, ഇത് ഒരു ചെറിയ യുദ്ധമല്ല.
ഇത് വെറും ലഹളയല്ല, ഇത് സ്വാതന്ത്ര്യത്തിനും സ്വതന്ത്രാധികാരത്തിനും വേണ്ടിയുള്ള യുദ്ധമാണ്.
സ്ത്രീകളും കുട്ടികളും പുരുഷന്മാരോടൊപ്പം ഒരേ ലക്ഷ്യത്തിന് വേണ്ടി മരിച്ചുവീഴുന്നു.
അവർ ശമ്പളം പറ്റുന്ന പടയാളികളല്ല, അല്ലെങ്കിലും ഇതാരുടെ ഭൂമിയാണ്?

ദൂരെനിന്ന് പഗിഡിഡ്ഡ രാജു തന്റെ കുഞ്ഞുങ്ങളുടെ വീഴ്ച കണ്ടു.
യുദ്ധക്കളം കണ്ണുനീരും വികാരക്ഷോഭങ്ങളും കടയാനുള്ളയിടമല്ല,
സാമ്രാജ്യത്തിന്റെ ശക്തി അവനറിയാം; ഈ യുദ്ധം അധികം നീണ്ടുനിൽക്കണമെന്നില്ല.
പക്ഷേ അവന്റെ മാതാപിതാക്കളുടെ ഘാതകൻ സുരക്ഷാ കവചത്തിനുള്ളിലാണ്.
ഇതാണ് സമയം തിരിച്ചുകൊടുക്കാൻ, രക്തത്തിന് പകരം രക്തം; ഒന്നിന് പകരം ഒന്ന്!
തന്റെ ഗോത്രസേനയോടേറ്റു മുട്ടുന്ന പടയാളികളെ അവൻ കശാപ്പുചെയ്തു.
മുന്നോട്ടുള്ള ഒറ്റക്കുതിപ്പിൽ, പുറകിലയാളുടെ ഒരു കൂട്ടം സഹചാരികളോടുകൂടി,
അയാൾ പെഡ്ഡപുലി രാജുവിന്റെ സേനയെ ആക്രമിച്ചു. അയാളുടെ ശമ്പളം പറ്റും സേവകരെയും.

ജമ്പണ്ണ സ്വന്തം പിതാവ് മരണത്തിന്റെ വായ്ക്കുള്ളിലേക്ക് ചാടുന്നതു കണ്ടു,
അവൻ അയാളുടെയടുത്തെത്താൻ ശ്രമിച്ചു, പക്ഷേ എതിർ സേനാനായകർ ബലമായി തടഞ്ഞുനിന്നു.
ശത്രു പടയാളികൾ ഈ യോദ്ധാവിന്റെയടുത്ത് അബദ്ധം കാണിക്കുകയായിരുന്നു!
അവർ വിചാരിച്ചു അവർ അവനെ ചമ്പക് അരുവിത്തീരത്ത് കുടുക്കിയെന്ന്.
അന്നേരം യുവ ജമ്പണ്ണ അടുത്തുനിന്ന പടയാളിയുടെ മേൽ ചാടിവീണു.
അവന്റെ മൂർച്ചയേറിയ ബല്ലെം, കുന്തം, ഒരു പടയാളിയുടെ കഴുത്തിലൂടെ കയറ്റി.
മിന്നൽ വേഗതയിൽ അത് പുറത്തെടുത്ത്, പല്ലുകടിച്ച് നിൽക്കുന്ന വേറൊരുത്തന്റെ പല്ലിനിടയിലൂടെ കയറ്റി.
കഠിനമായി, കൂടെയുള്ളവരെ അമ്പരിപ്പിച്ചുകൊണ്ട് അവനയാളെ കുന്തത്തിൽ കോർത്ത് അവരുടെ മുകളിൽ കുത്തി ഉയർത്തി,
ഉയർത്തിപ്പിടിച്ച്, വലിച്ചിഴച്ച്, ഒരു തേക്കു മരകൊമ്പത്തേക്ക് ചുഴറ്റിയെറിഞ്ഞു.
കുതിരപ്പടയുടേയും, വില്ലാളികളുടേയും സഹായത്തോടെ ശത്രു സൈനികർ അവന്റെ മേൽ ആയുധപ്രയോഗം നടത്തി.
ശരീരം മുഴുവൻ മുറിവേറ്റ്, ശരീരത്തിൽ നിന്ന് രക്തം ഒഴുക്കികൊണ്ട്,
ചമ്പക് അരുവിത്തീരത്ത്, കൈകൾ രണ്ടും മലക്കെ തുറന്ന് മേലേക്കെറിഞ്ഞ്, അവൻ ശുദ്ധജലത്തിലേക്ക് മുങ്ങിത്താണു.
പടയാളികൾ അമ്പരപ്പിൽ നിന്നും ഉണർന്നു. ആ അരുവിയുടെ ജലം മുഴുവനും രക്തചുവപ്പാകുന്നതു കണ്ടുനിന്നു.

## –23–

# ആനകളും ഉറുമ്പുകളും തമ്മിലുള്ള യുദ്ധം



പഗിഡിഡ്സ രാജു ശത്രുപാളയത്തിനകത്തു കടന്നപ്പോഴേക്കും,
രാജവ്യാഘ്രം ടെന്റുകളുടെ വൃത്തവലയം ഇരട്ടി സുരക്ഷിതമാക്കി,
അവനേയും ബഹുമാനപ്പെട്ട മന്ത്രിയേയും സുരക്ഷിതവും പരിക്കുകളേൽക്കാതേയും കാക്കുന്നതിനായി;
ആദ്യ വലയം വില്ലാളികളെക്കൊണ്ടും കുന്തപ്പോരാളികളെക്കൊണ്ടും കുതിരപ്പടയുടെ പിൻബലത്തോടെ തീർത്തു.
ഏതാനും യുദ്ധഗജവീരന്മാർ അതിക്രമിച്ചു കടക്കുന്നവരെ ചവിട്ടിയരക്കാൻ തയ്യാറായി നിന്നു.
പുലികളെ കണക്കലറികൊണ്ട് കാടിന്റെ യോദ്ധാക്കൾ ശത്രുവിന്റെ പ്രതിരോധം നുളഞ്ഞുകയറി.
അവർ കൊണ്ടുവന്ന എലികളേയും, പാമ്പുകളേയും ചുമന്ന എറുമ്പുകളേയും തുറന്നുവിട്ടു.
എലികൾ ആനകളുടെ മുമ്പിലൂടെ ഓടി, ഭൂമിയിലെ കറുത്ത മേഘങ്ങൾ ചിനച്ചു.
അവരെ ഭയം പിടികൂടി, അവർ അങ്ങോട്ടുമിങ്ങോട്ടും ഓടി, സ്വന്തം പ്രതിരോധം നശിപ്പിച്ചുകൊണ്ട്.
പാമ്പുകൾ യുദ്ധക്കുതിരകളുടെ കാലുകളിൽ കൂടെയിഴഞ്ഞു, കുതിരപ്പട മുഴുവനും കുഴഞ്ഞുമറിഞ്ഞു.
ചുമന്ന ഉറുമ്പുകൾ വില്ലാളികളുടെ ശരീരത്തു മുഴുവൻ കയറി കടി തുടങ്ങി, അവരുടെ ലക്ഷ്യം തെറ്റിച്ചു.
ശരീരം മുഴുവൻ ചൊറിഞ്ഞുകൊണ്ട് അവർ അമ്പും കുന്തങ്ങളുമൊക്കെ ദൂരെയെറിഞ്ഞ്, രക്ഷപ്പെടാനുള്ള പുഴതുനോക്കി.

ഈ സമയം പഗിഡിഡ്സ രാജു പെഡ്ഡപുലി രാജുവിന് നേർക്കുനേർ വന്നു!
ആ രാജവ്യാഘ്രം തന്റെ അത്ഭുതം മറച്ചുവച്ചു; ഒരു ശിൽക്കാരത്തോടെ തന്റെ വാളൂരി.
പഗിഡിഡ്സ രാജു പരിചകൊണ്ട് ആ അടി തടുത്തു, ശത്രുവിന് മുഷ്ടി പ്രഹരമേൽപ്പിച്ചു.
ഇപ്പോൾ പോരാട്ടം തുടങ്ങി, അങ്ങോട്ടുമിങ്ങോട്ടും കൊടുത്തുംവാങ്ങിയും രണ്ടു ഘോരവ്യാഘ്രങ്ങൾ, നിർത്താതെ.
ആരാണ് വേട്ടനായ്? ആരാണ് മാൻകുട്ടി? ആരാണ് കളിക്കാരൻ, ആരാണ് പണയം?
'നമുക്കിടയിൽ വധിക്കാനല്ലാതെ വേറെ യാതൊരുതര സ്നേഹവും ഇല്ല! ഒരു സമാധാന ഉടമ്പടിയുമില്ല! ഒരു ജയിലുമെനിക്കില്ല!
നീ എന്റെ മാതാപിതാക്കളെ കൊന്നു, എന്നെ ജയിലിലടച്ചു, നിന്റെ സ്ഥാനമാനങ്ങളാഘോഷിച്ചു.
നീ ഞങ്ങളടെ സ്വാതന്ത്ര്യത്തിനെ കുരുതിക്കൊടുക്കാൻ തുനിയുന്നു; കാട് പിടിച്ചടക്കാൻ മോഹിക്കുന്നു;
ഞാൻ ജീവനുള്ളിടത്തോളം അത് നടക്കില്ല; നിന്നെ ഞാൻ അനുവദിക്കില്ല, ഞങ്ങളുടെ കൂട് നശിപ്പിക്കാൻ!'
അവന്റെ മുഴുവൻ ശക്തിയും സംഭരിച്ചുകൊണ്ട് പാഞ്ഞുയരുന്ന കഴുകനെപ്പോലെ അവൻ കുതിച്ചുചാടി.
അവന്റെ നനഞ്ഞ വാൾ വീശിക്കൊണ്ട്, പ്രതികാരത്തിൽ ആക്രോശിച്ചുകൊണ്ട്,
സ്വന്തം നെഞ്ച് കനത്ത തടി പരിചകൊണ്ട് സംരക്ഷിച്ചുകൊണ്ട്....

ആ നിമിഷം ആ രംഗത്തിന് സാക്ഷിയായ മന്ത്രി കുന്തക്കാരനോട് ആംഗ്യം കാണിച്ചു;
പെഡ്ഡപുലി രാജു നന്നായി സ്വയം പ്രതിരോധിച്ചു,
പഗഡിഡ്സ രാജുവിന്റെ കനത്തവാൾ അയാളുടെ നെഞ്ചിൽ ഒരു വലിയ ചാലുണ്ടാക്കി!
മുറുക്കിക്കെട്ടിയിരുന്ന ഷർട്ട് കീറിമുറിച്ച് കവചത്തിനെ കഷ്ണങ്ങളാക്കി; രാജ വ്യാഘ്രം രക്ഷപ്പെടും.
പക്ഷേ ശത്രു പടയാളികൾ കുന്തങ്ങൾ ആ കാട്ടുപുലിയുടെ നഗ്നമായ കഴുത്തിലൂടെ തുളച്ചു കയറ്റി,
ഒരു വില്ലാളി തന്റെ അമ്പ് ലക്ഷ്യം തെറ്റാതെ ആ യോദ്ധാവിന്റെ ഹൃദയത്തിൽത്തന്നെ തറച്ചതായി കണ്ടു!
താഴേയ്ക്ക് കുഴഞ്ഞുവീഴുന്നതിനിടയിൽ ആ യോദ്ധാവ് കമാൻഡറെ നോക്കി മന്ദഹസിച്ചു!
യാതൊരു ഗുണപാഠങ്ങളുമില്ല! എന്നും ജയം ചതിയോടൊപ്പം! ഇതാണോ നിന്റെ സംസ്ക്കാരം പഠിപ്പിക്കുന്നത്?
പതുക്കെ അവന്റെ കണ്ണുകളിലെ തിളക്കം മങ്ങി! ആ കിണറിന്റെ ഇറക്കത്തിൽ അവനവന്റെ മാതാപിതാക്കളെ കണ്ടു!
രണ്ടു കൈകളും വിടർത്തി അവനെ ക്ഷണിച്ചുകൊണ്ട്! അവൻ അവന്റെ കുട്ടികളെയോർത്തു, ഭാര്യയേയും, മറ്റുള്ളവരേയും.
അവന്റെ ചുണ്ടുകൾ അനങ്ങി, 'സമ്മക്ക! എന്റെ പ്രിയപ്പെട്ടവളേ!' മരണം അവനെ മുഴുപ്പിച്ചില്ല.
അവസാനം അവനെ ചുറ്റിവരിഞ്ഞു. അവന്റെ ആത്മാവ് മരണത്തിന്റെ ഗൃഹത്തിലേക്ക് പോയി!
ആ പ്രിയപ്പെട്ട യോദ്ധാവ് മരിക്കുന്നത് കാണാനാകാതെ സൂര്യൻ പടിഞ്ഞാറൻ കുന്നുകൾക്ക് പുറകിൽ താഴ്ന്നുപോയി.
എല്ലായിടവും ഇരുട്ടുപരുന്നു.



# -24-
# കുങ്കുമ ഭരണി

എല്ലാം തീർന്നു! ഇല്ല! ഒരിക്കലുമില്ല! നിങ്ങളെവിടെ ഒന്നവസാനിച്ചുവെന്നു കരുതുന്നുവോ അവിടെ മറ്റൊന്നാരംഭിരുന്നു.
രണ്ട് സേനകൾക്കും സ്വയമപഗ്രഥനം ആവശ്യമാണ്, ചിതറിക്കിടക്കുന്ന ശവങ്ങൾ എന്തോ വിളിച്ച് പറയുന്നു.
ചിലപ്പോൾ ജീവിതത്തിന്റെ അനശ്വരതയെക്കുറിച്ചാവും, അല്ലെങ്കിൽ എരിയുന്ന കനൽ ഒരുപിടി ചാരമാകുന്നതിനെക്കുറിച്ചാവാം.
കുറച്ചുകാലത്തേയ്ക്ക് രാജ്യത്തെ കണ്ണീർ ഭരിക്കുന്നു, അതിനുശേഷം പ്രതികാരം, ക്രോധം എന്നിവ കൈയ്യൂക്ക് കാണിക്കും.

മറ്റുള്ളവരേയും അവളേയും ആശ്വസിപ്പിച്ചുകൊണ്ട് അവൾ ദേവതകളോട് പ്രാർത്ഥിച്ചു മുന്നോട്ടുപോകാനുള്ള അനുവാദത്തിനായി.
ആദ്യം മരിച്ച യോദ്ധാക്കൾക്ക് ശരിയാംവണ്ണമുള്ള ശവസംസ്ക്കാരം നടത്തണം.
സമ്മക്ക മുതിർന്നവരെ കണ്ടു, അന്ന് രക്ഷപ്പെട്ട സേനാനായകരേയും,
അവൾ കാര്യങ്ങളുടെ ചുക്കാൻ സ്വന്തം ചുമലിലേറ്റി; ഇത് അവസാനിപ്പിക്കാനുള്ള ഒരു യുദ്ധമാണ്, താമസമരുത്.

പാരറ്റ് ഹില്ലിലെ വൃദ്ധയും, മാന്ത്രികനും അവരെ സമീപിക്കുന്നതവർ കണ്ടു.
അവർ സമ്മക്കയെ അനുഗ്രഹിച്ചു, സേനയുടെയടുത്തേയ്ക്ക് ഒരുടമ്പടിയുണ്ടാക്കാൻ കൂടെപ്പോകുവാൻ തയ്യാറായി.
ആ സന്ധ്യാവേളയിൽ കാവൽക്കാരവരെ പെഡ്ഡപുലി രാജുവിന്റെയടുത്തേക്ക് നയിച്ചു; മന്ത്രിയും അയാളോടൊപ്പമുണ്ടായിരുന്നു.
മുറിവ് തുന്നിക്കെട്ടിയിരുന്നു, അയാൾ ശക്തി വീണ്ടെടുക്കുകയായിരുന്നു. എങ്കിലും അയാൾ കഠിനവേദനയുടെ പിടിയിലായിരുന്നു.
വൃദ്ധയെക്കണ്ടപ്പോൾ എഴുന്നേറ്റ് കണ്ണീരോടെ കരഞ്ഞു - 'ഓ മാതാവേ! ഇവിടെ എന്തിനാണ് വന്നത്? ഈ സമയത്ത്.'
'അതേ മകനേ, ഈ സമയത്ത് ഞാനിവിടെ വന്നു! എന്നത്തേയും പോലെ, നിങ്ങൾ ചെയ്തത് ശരിയല്ല! ഓ തിരുമനസ്സേ!'
അവൾ മന്ത്രിയെ അതിസംബോധന ചെയ്തു,- 'ഞങ്ങളെ ഞങ്ങളുടെ കുഞ്ഞുങ്ങളുടെ ദേഹങ്ങൾ കൊണ്ടുപോകാൻ അനുവദിക്കുക.
അവസാന കർമ്മങ്ങൾക്ക് ശേഷം യുദ്ധം സാധാരണപോലെ തുടരാം; പകുതി ദിവസം വരെ ഒരു തൽക്കാലവിരാമം!
സ്വീകരിച്ചതിന് നന്ദി, പ്രിയ പുത്രാ! ഞാൻ മുൻകൂട്ടി കാണുന്നു! പക്ഷേ സംഭവഗതി തിരുത്താൻ എനിക്ക് കഴിയില്ല;
സമ്മക്കയെ കാണുമ്പോൾ നിനക്ക് മനസ്സിലാവും, ഞാൻ ഇപ്പോൾ വന്നതെന്തിനെന്ന്!'

ദൂതന്മാർ പോയിക്കഴിഞ്ഞപ്പോൾ അവിടെയാകെ നിശ്ശബ്ദമായി; അനുവാദം നൽകപ്പെട്ടു.
കാളവണ്ടികളിൽ അവർ വധിക്കപ്പെട്ടവരുടെ ദേഹങ്ങൾ വഹിച്ചുകൊണ്ടുപോയി, അവസാന കർമ്മങ്ങൾ നടത്തി.
അന്നേരം ചിതകളിലെ തീയും പുകയും ആ പച്ചക്കാടിനെ പൊതിഞ്ഞു.
ആയിരകണക്കിന് യോദ്ധാക്കളുടെ രക്തംകൊണ്ട് ആ മണ്ണ് ചുമന്നു.
മുറിവേറ്റവരുടെ ആർത്തനാദങ്ങൾ പക്ഷികളെ അലോസരപ്പെടുത്തി, അവർ ഭയത്തോടെ പലപ്പോഴും ദൂരേയ്ക്ക് പറന്നുപോയി.
പിന്നീട് ആയിരകണക്കിന് യുവയോദ്ധാക്കൾ ക്യാമ്പിനെ ആക്രമിച്ചുകൊണ്ട് യുദ്ധം വീണ്ടും തുടങ്ങി,
യുവാക്കളും, പ്രായമുള്ളവരും, സ്ത്രീകളും, പുരുഷന്മാരും, വൈദ്യന്മാരും, സിദ്ധന്മാരുമെല്ലാവരും തന്നെ,
അടുത്തും അകലെയുമുള്ള സകല ഗ്രാമങ്ങളിൽ നിന്നും ഗോദാവരി കടന്ന്, കുന്നുകൾ കടന്ന് വെള്ളച്ചാട്ടം പോലെ അവർ വന്നു.
ഇന്നലെ അത് ചെറുകൂട്ടങ്ങളായിരുന്നു. ഇന്ന് അത് ഒരു വൻജനാവലി തന്നെ, ഓരോ തിരകളായി അവർ വന്നു.
ചെറിയ മുറിവുകളുണ്ടാക്കി അവർ മുന്നേറി, ശത്രു പടയാളികളെ പിന്നോട്ട് തള്ളിക്കൊണ്ട്,
ശത്രു ക്യാമ്പിലേക്ക്, അതിനെ ചുറ്റിവളഞ്ഞു; എലികളേയും, വിഷപ്പാമ്പുകളേയും, ചുവന്ന ഉറുമ്പുകളേയും അഴിച്ചുവിട്ടു.
പടയാളികളുടെയിടയിൽ അവർ പരിഭ്രാന്തി പരത്തി. അവരുടെ ഉറക്കത്തെ അലോസരപ്പെടുത്തി,
അവർക്കറിയാം സമ്മക്കയാണ് നേതൃസ്ഥാനത്ത്, അവളൊരു അനുഗ്രഹിക്കപ്പെട്ട കുട്ടിയാണ്,
ഏഴ് ദിവസങ്ങൾ അവൾ നിരന്തരം ആക്രമണങ്ങളും, പ്രത്യാക്രമണങ്ങളും നടത്തി.
വില്ലേജുകളെ കത്തിയെരിച്ച സേനാവിഭാഗങ്ങളെ തകർത്തു.
ഒരുഗല്ലുവിൽ ദൂതന്മാരെത്തി, ഒരു പുതിയ സേനാവിഭാഗം കോട്ടയിൽനിന്ന് കാട്ടിലേക്ക് പുറപ്പെട്ടു.
സമ്മക്കയുടെ പടയാളികൾ അവരെ വഴിയിൽത്തടഞ്ഞു, നിഷ്ഫലമായി!
ഇതേസമയം അവൾ തന്റെ സേനയോടൊപ്പം വന്നു, പുലിപ്പുറത്തെഴുന്നള്ളുന്ന യുദ്ധദേവതയെപ്പോലെ.



അവളുടെ അസാമാന്യ വലുപ്പമുള്ള വില്ലുമേന്തി, ഒന്നിനുപുറകേ ഒന്നായി അമ്പുകളയച്ച്, യാതൊരിടതടവുമില്ലാതെ;
ക്യാമ്പിന്റെ കവാടം അവൾ തകർത്തു. ആയിരങ്ങൾ കൂട്ടംകൂട്ടമായി ഒത്തുകൂടി, ഏറ്റവും ഭയാനകമായ യുദ്ധം ഉറപ്പായി.
ഒന്നിനോടൊന്നേറ്റ് മുട്ടുമ്പോൾ അവൾ കണ്ടു, അവർക്ക് മേന്മയേറിയ ആയുധങ്ങളും പടച്ചട്ടകളുമുണ്ട്.
രണ്ടുകൈകളിലും വാളേന്തി, അവൾ പ്രതിരോധത്തെ വെട്ടിവെളിപ്പിക്കുന്നത് അവർ കണ്ടു,
നീണ്ട കുന്തത്താൽ എത്ര വേഗത്തിലാണവൾ കാവൽക്കാരുടെ കഴുത്തുകൾ മുറിക്കുന്നതെന്നവർ കണ്ടു.
കൺചിമ്മും നേരത്തിനിടയിൽ എല്ലാ ദിശകളിലേക്കും അമ്പെയ്യാനുള്ള അവളുടെ സാമർത്ഥ്യം അവർ കണ്ടു.
അവൾ ആനകളെയും, പടക്കുതിരകളേയും മെരുക്കുന്നത് അവർ കണ്ടു.
അവർക്ക് ഭീകരതയനുഭവപ്പെട്ടു. ഭയം, തിരിച്ചറിവ്, ഒരു പടയാളിയും അവളുടെ മാർഗ്ഗത്തിൽ നിൽക്കാൻ ധൈര്യപ്പെട്ടില്ല!
മന്ത്രിയുടെ മുറിയിലേക്ക് ഇടിവെട്ടുപോലെ അവൾ പാഞ്ഞുകയറി.
കനത്ത ആയുധങ്ങളേന്തിയ അംഗരക്ഷകരുടെയിടയിൽ അയാൾ നിസ്സഹായനായി കാണപ്പെട്ടു.
അയാൾ അവളെ നോക്കി പറഞ്ഞു, ‘നിന്റെ സാമർത്ഥ്യം ഞാൻ കണ്ടു, സൗന്ദര്യവും മനസ്ഥൈര്യവും.
ഈ കാട് നിനക്ക് പറ്റിയ ഇടമല്ല, ദയവായി എന്റെ വാക്കുകൾ കേൾക്കുക.
നിനക്ക് ഞാൻ രാജകൊട്ടാരത്തിൽ ഒരു സ്ഥാനം നൽകാം,
വെറും സ്ഥാനമല്ല പക്ഷേ സിംഹാസനം, രാജ്ഞിയുടെ സിംഹാസനം.
ഞാനാണ് രാജാവിന്റെ മാർഗ്ഗദർശിയും, ഉപദേഷ്ടാവും.
ദയവായി മനസ്സിലാക്കുക, നീ അപകടത്തിലാണ്,
ദൃഢീകരണസേന ഇവിടെയെത്തിക്കഴിഞ്ഞു.
അവർ നിന്റെ സേനകളെ തകർത്തു കഴിഞ്ഞു.
ഞങ്ങൾ നിനക്ക് ഒരു ദിവസത്തെ സമയം തരാം.
എന്റെ വാഗ്ദാനം സത്യസന്ധവും ഉറപ്പുള്ളതുമാണ്.
നമുക്ക് ഈ രക്തച്ചൊരിച്ചിൽ നിറുത്താം;
നാളെ ഉച്ചയോടെ!

അവൾ വെറുപ്പോടെ അയാളെ നോക്കി!
ഞങ്ങളെന്നെങ്കിലും നിങ്ങളെ ആക്രമിച്ചിട്ടുണ്ടോ?
ഏത് വിധത്തിലെങ്കിലും ഞങ്ങൾ ആക്രമണകാരികളാണോ?
നിങ്ങൾ ഞങ്ങളുടെ സ്വാതന്ത്ര്യം ഇല്ലായ്മ ചെയ്തു.
നിങ്ങൾ ഞങ്ങളുടെ ആളുകളെ കൊന്നു.
നിങ്ങൾ എന്റെ കുട്ടികളെ കൊന്നു.
നിങ്ങൾ എന്റെ ഭർത്താവിനെ കൊന്നു.
ഇപ്പോൾ
നിങ്ങളെനിക്കൊരു ഭർത്താവിനെ വാഗ്ദാനം ചെയ്യുന്നു.
നിങ്ങളെനിക്കൊരു അന്ത:പുരം വാഗ്ദാനം ചെയ്യുന്നു.
നിങ്ങളെനിക്കൊരു രാജ്ഞിപദം വാഗ്ദാനം ചെയ്യുന്നു.
തലമുതിർന്നവനേ! നല്ല വാഗ്ദാനം!

അവൾ അവിടം വിട്ടു.
സമ്മക്ക പുച്ഛഭാവത്തോടെ അവിടം വിട്ടു!
അവൾ അവിടം വിട്ടു.

വെളിയിൽ വലിയൊരു ബഹളമുണ്ടായിരുന്നു
പുതിയ സേനയുടെ വരവ്
പടയാളികൾ സന്തോഷവന്മാരായി
പെഡ്ഡപുലി രാജു മന്ത്രിയുടെ ക്യാമ്പിലെത്തി
സേനയുടെ ഒരു കമാൻഡറുമായി
അന്നേരം അയാൾ സമ്മക്കയെ കണ്ടു, പോകുന്നു
പോകുമ്പോൾ അവളും അയാളെ കണ്ടു
അവളയാളെ വെറുപ്പോടെ നോക്കി
അവൾ കണ്ടു, അയാളെ
അവൾ ഉഗ്രകോപം പൂണ്ട് അവിടന്നുപോയി
അപ്പോഴയാൾ അവളെ കണ്ടു
അയാളവളെ കണ്ടു
അപ്പോൾ അയാൾ സമ്മക്കയെ കണ്ടു
അയാളുടെ തല കറങ്ങുകയായിരുന്നു
അയാൾ സ്വന്തം കസേരയിൽ അനക്കമറ്റിരുന്നു
അയാൾ കാട്ടിനുള്ളിലേക്ക് നോക്കുകയായിരുന്നു
അയാൾ ഭൂതകാലത്തിലേക്ക് നോക്കുകയായിരുന്നു
നാല്പതുവർഷം ഒരു മിന്നൽപോലെ പുറകോട്ടുപോയി
അയാൾക്ക് ബോധം നഷ്ടപ്പെട്ടു
ഒരു യോദ്ധാവ്
യുവാവ്, ധിക്കാരി
കാടിന്റെ സന്തതി
ദുരാഗ്രഹി
അവൾ
ഏറ്റവും സുന്ദരിയായ പെൺകുട്ടി
പേട രാമപ്പായുടെ കൊച്ചുമകൾ
പ്രശസ്ത ശില്പി
ചിലർ പറയുന്നു അയാൾ അമ്പലനടയിൽ ഒരു
ചോരക്കുഞ്ഞിനെ കണ്ടുവെന്ന്
അവർ പറയുന്നു, അവളുടേത് രാജരക്തമാണെന്ന്
പിന്നെയവർ പറഞ്ഞു, അവൾ പ്രസവത്തോടെ
മരിച്ചുപോയിയെന്ന്
അവൾ
ഏറ്റവും സുന്ദരിയായ പെൺകുട്ടി
പേട രാമപ്പയുടെ കൊച്ചുമകൾ
സുന്ദരിയായ ജലകന്യക മഥാനികയുടെ തനിപ്പകർപ്പ്
ജലകന്യകയ്ക്കും യോദ്ധാവിനുമിടയിൽ സ്നേഹം പൂവിട്ടു
ഒരു യോദ്ധാവ്
ചെറുപ്പം, ധിക്കാരി
കാടിന്റെ സന്തതി
അവൾ ഗർഭിണിയായപ്പോൾ
അയാൾ ആ സുന്ദരി പെൺകുട്ടിയുമായി നാടുവിട്ടു
കാട്ടിൽ അയാളുടെ മാതാവ് ഒരു പൂചാരിണിയായിരുന്നു
ഗോദാവരിയുടെ അങ്ങേക്കരയിൽ
അയാൾ പെൺകുട്ടിയെ അമ്മയുടെ സംരക്ഷണയിലാക്കി
പ്രേമനിർഭരമായ കുറച്ചുമാസങ്ങൾക്കുശേഷം
അയാൾക്ക് തന്റെ ഗർഭിണിയായ ഭാര്യയെ വിട്ട് പോരേണ്ടിവന്നു
അയാൾ സേനയുടെ പടയോട്ടത്തിനായി തെക്കോട്ട് പോയി
തിരിച്ചുവന്നപ്പോഴേക്കും
നീണ്ട കാലം, പത്തുമാസങ്ങൾ
അവർ പറഞ്ഞു, അവർ പോയി
അമ്മായിയമ്മയും മരുമകളും
എവിടെ?
ഒരു യോദ്ധാവ്
ചെറുപ്പം, ധിക്കാരി
കാടിന്റെ സന്തതി
ആയോധനത്തിൽ പരിശീലനം നേടിയവൻ
പടത്തലവനാകാൻ ആഗ്രഹിച്ചവൻ
കാടിന്റെ
അയാളുടെ അത്യാഗ്രഹം നിറഞ്ഞ വഴിയിൽ
പുഴയുടെ അങ്ങേക്കരയിലവൻ ഒരു മുള്ള് കണ്ടു
കീർത്തികേട്ട ഒരു യോദ്ധാവ്
അവന് അയാളേയു ഭാര്യയേയും ഇല്ലാതാക്കേണ്ടിയിരുന്നു
അങ്ങനെതന്നെ നടന്നു
നാൽപത് വർഷങ്ങൾ
വളരെ നീണ്ടകാലം
ഇപ്പോൾ
ഈ യുദ്ധത്തിൽ
അവൻ ശത്രുക്കുഞ്ഞിനെ കണ്ടു, ഒരു യഥാർത്ഥ പുലി
അവന്റെ വാളിന്റെ ശക്തിയും അറിഞ്ഞു
മുറുക്കികെട്ടിയ പടച്ചട്ട കീറിമുറിച്ചുകൊണ്ട് ഒരു വലിയ മുറിവ്
അത് വേദനിക്കുന്നു
വേദനിക്കുന്നു
അയാളുണർന്നപ്പോൾ
അയാളുടെ ദേഹത്തിന് തീപിടിച്ചു
ഒരു ഭയത്തിന്റെ തിര അവന്റെ ശരീരത്തിലൂടെയാകെ
കടന്നുപോയി
പുറത്ത് വലിയ ബഹളം
ഭ്രാന്തമായ തിരക്ക്
പടയാളികൾ അലറുന്നു
സമ്മക്ക വരുന്നു
പുലിപ്പുറത്ത് വരുന്നു
ഒരു പെൺപുലിയുടെ മടക്കം
അയാളുടെ മകൾ വരുന്നു
മകൾ?
അതെ, അതാണ് അയാളുടെ അമ്മ പറഞ്ഞത്
'നീ സമ്മക്കയെ കണ്ടുമുട്ടുമ്പോൾ
നിനക്ക് മനസ്സിലാവും ഞാനെന്തിനാണ് ഇപ്പോൾ വന്നതെന്ന്!'
ഓ മകളേ! എന്നോട് ക്ഷമിക്കുക
അയാളുടെ കണ്ണുകളിൽ അലറുന്ന കടൽകണക്കേ കണ്ണുനീർ നിറഞ്ഞു
അയാൾ പറയാനാഗ്രഹിച്ചു -
ഓ മകളേ! ഞാനാണീ കുഴപ്പങ്ങൾക്കെല്ലാം കാരണം
എന്റെ സ്വന്തം കൈകൊണ്ട് ഞാനീ ക്രൂരകൃത്യങ്ങളെല്ലാം ചെയ്തു
അടിമുടി വിറച്ചുകൊണ്ടയാൾ എഴുന്നേറ്റു
സേവകർ അയാളെ താങ്ങി,
ഇപ്പോൾ
ഞാനെന്റെ മകളെ രക്ഷിക്കും
ക്യാമ്പിനുപുറത്ത് മിന്നൽപോലെ
സമ്മക്ക വരികയായിരുന്നു
സമ്മക്ക വരികയായിരുന്നു, പുലിപ്പുറത്തേറി
ഒരു വലിയ വില്ല്, ഒരു ആവനാഴി നിറയെ അമ്പുകൾ, ഒരു വലിയ വാൾ
ഒരു നീണ്ട കുന്തം
സമ്മക്ക വരികയായിരുന്നു
പുലിമേലേറി, ദേവിയെപ്പോലെ
സമ്മക്ക വരികയായിരുന്നു
സമ്മക്ക ഒരു പുലിപ്പുറത്തേറിയാണ് വന്നിരുന്നത്
ചുറ്റും വളഞ്ഞുകൊണ്ട് വേറെ കുറെ പുലികളും
അനുഗമിച്ചുകൊണ്ട് തലമുതിർന്ന പുരുഷന്മാരും, സ്ത്രീകളും
വൈദ്യന്മാരും, മാന്ത്രിക മനുഷ്യരും
എല്ലാ പ്രായത്തിലുമുള്ള പടയാളികളും,
കൂടെ എല്ലാ ഗ്രാമങ്ങളിലുമുള്ള ജനങ്ങളും

മുന്നേനയിച്ചുകൊണ്ട് ചെണ്ടമേളക്കാരും, കുഴലൂത്തുക്കാരും, നർത്തകരും,
കൂടെ അഴിഞ്ഞുലഞ്ഞ മുടിയുമായി ഉന്മാദത്തിലെന്നപോലെ നൃത്തം ചെയ്യുന്ന സ്ത്രീകളും
ചുറ്റും പോത്തിന്റെ കൊമ്പുകളും തലപ്പാവും ധരിച്ച നർത്തകരാൽ അനുഗമിക്കപ്പെട്ട്
തീതുപ്പുന്ന തീപ്പുകയൂതുന്നവരാൽ അനുഗമിക്കപ്പെട്ട്
വാളുകളേന്തിയവരാലും കവണയെറിയുന്നവരാലും അനുഗമിക്കപ്പെട്ട്
യുദ്ധക്കോടാലികളും, കഠാരകളുമേന്തിയ പടയാളികളാൽ അനുഗമിക്കപ്പെട്ട്
കുന്തിരിക്കത്തിന്റെ സുഗന്ധപൂരിതമായ പുകയ്ക്കിടയിലൂടെ
വില്ലാളികളുടേയും കുന്തക്കാരുടേയും വളയങ്ങൾക്കിടയിലൂടെ



സമ്മക്ക വരികയായിരുന്നു
പുലിപ്പുറത്ത്, ഒരു ദേവിയെപ്പോലെ
സമ്മക്ക വരികയായിരുന്നു
സമ്മക്ക ഒരു പുലിപ്പുറത്തേറി വരികയായിരുന്നു

പക്ഷികളും മൃഗങ്ങളും അവളെ കണ്ടു
മരങ്ങളും പൂക്കളും അവളെ കണ്ടു
രക്തനിറംപൂണ്ട ചമ്പക് നദി അവളെ കണ്ടു
ആകാശവും, വായുവും, ഭൂമിയും,
അഗ്നിയും, ജലവും അവളെ കണ്ടു
സമ്മക്ക വരികയായിരുന്നു
സമ്മക്ക ഒരു പുലിപ്പുറത്തേറി വരികയായിരുന്നു

ആ ബുദ്ധിമാനായ മന്ത്രി അവളെ കണ്ടു
കമാൻഡർമാർ അവളെ കണ്ടു
വില്ലാളികളും കുതിരപ്പടയും അവളെ കണ്ടു
വാൾപ്പയറ്റുകാരും കുന്തക്കാരും അവളെ കണ്ടു
യുദ്ധഗജവീരന്മാരുടെ പാപ്പാന്മാർ അവളെ കണ്ടു
സമ്മക്ക വരികയായിരുന്നു
പുലിപ്പുറത്ത്, ഒരു ദേവിയെപ്പോലെ
സമ്മക്ക വരികയായിരുന്നു
സമ്മക്ക ഒരു പുലിപ്പുറത്തേറി വരികയായിരുന്നു
അവൾ വെളുത്ത സാരി ധരിച്ചിരുന്നു
അവൾ ഒരു ചുമന്ന കിംശുക
പൂമാല അണിഞ്ഞിരുന്നു
അവൾ ചുമന്ന വളകളണിഞ്ഞിരുന്നു
പാദസരങ്ങളണിഞ്ഞിരുന്നു
കൂടാതെ കാപ്പുമണിഞ്ഞിരുന്നു
സമ്മക്ക വരികയായിരുന്നു
സമ്മക്ക വരികയായിരുന്നു, ഒരു പുലിപ്പുറത്തേറി
ഒരു വലിയ വില്ല്, ഒരു ആവനാഴി
നിറയെ അമ്പുകൾ, ഒരു വലിയ വാൾ
ഒരു നീണ്ട കുന്തം
സമ്മക്ക വരികയായിരുന്നു
അവളുടെ നെറ്റിയിൽ ഒരു
കുങ്കുമപ്പൊട്ടുണ്ടായിരുന്നു
ഒരു പുലിപ്പുറത്തേറി, ഒരു ദേവിയേപ്പോലെ
സമ്മക്ക വരികയായിരുന്നു
സമ്മക്ക ഒരു പുലിപ്പുറത്തേറി വരികയായിരുന്നു
വേറെ കുറെ പുലികളാൽ അനുഗമിക്കപ്പെട്ട്

വില്ലാളികളും കുതിരപ്പടയും അവളെ കണ്ടു
വാൾപ്പയറ്റുകാരും കുന്തക്കാരും അവളെ കണ്ടു
യുദ്ധഗജവീരന്മാരുടെ പാപ്പാന്മാർ അവളെ കണ്ടു
നിർഭാഗ്യവാനായ പിതാവും അവളെ കണ്ടു
കമാൻഡർമാർ അവളെ കണ്ടു
ആ ബുദ്ധിമാനായ മന്ത്രി അവളെ കണ്ടു

അത് അവളുടെ വിവാഹവസ്ത്രമാണോ?
അത് അവരുടെ ആചാരമാണോ?
അവൾ ഒരു യുദ്ധവിരാമത്തിന് തയ്യാറാണോ?

അപ്പോൾ ആ ഘോഷയാത്ര നിന്നു
ആ ബുദ്ധിമാനായ മന്ത്രിക്ക് അപകടം മണത്തു
അയാൾ ആഗ്യംകാണിച്ചു
സേന ആമരൂപത്തിൽ ഒരു വ്യൂഹം തീർത്തു
കവചങ്ങൾ ഒരു ഭിത്തികണക്കെ അവരെ മറച്ചു
നീണ്ടകുന്തങ്ങൾ ശത്രുവിന് നേരെ നീട്ടിയിരുന്നു
അവൾ പുലിപ്പുറത്തുനിന്നിറങ്ങി
അവൾ തന്റെ വലിയ വില്ല് കയ്യിലെടുത്തു
അവൾ ഒരു അഗ്നിശരം തൊടുത്തു
ഒന്നിനുപുറകെയൊന്നായി തൊടുത്തു
മുളകുപൊടി നിറച്ച അമ്പുകൾ
അവളുടെ വില്ലാളികൾ അതിലേറെ അമ്പുകളെയ്തു
കാറ്റ് ശത്രുക്യാമ്പിന് നേരെ വീശി
പടയാളികൾ ചുമക്കാൻ തുടങ്ങി
കണ്ണുകൾ പുകഞ്ഞിട്ട് അവർ കവചങ്ങൾ താഴെയിട്ടു

ആക്രമിക്കൂ!
അവൾ അലറി
ആക്രമിക്കൂ!
അവർ അലറി
ഒരു ഘോരയുദ്ധം തുടങ്ങി
മന്ത്രി അന്തംവിട്ടുപോയി
വർഷങ്ങളുടെ അനുഭവസമ്പത്ത്, യുദ്ധതന്ത്രജ്ഞാനം
എല്ലാം മസാലക്കാറ്റിൽ പറന്നുപോയി
അപ്പോൾ അയാൾ കണ്ടു
അവളുടെ രണ്ടു കൈയ്യിലും വാളുകൾ തിളങ്ങുന്നു
അവൾ തലകൾ കൊണ്ട് പന്തുകളിച്ചു

അവളുടെ പടയാളികൾ ഉഗ്രകോപത്തിലായിരുന്നു
അവൾ അവളുടെ സ്ത്രീപടയാളികളോടൊപ്പം
പ്രതിരോധത്തെ വെട്ടിവെളിപ്പിച്ചു
അവൾ മന്ത്രിയെ തൊട്ടില്ല
അവൾ പുതിയ കമാൻഡറെ ഉപദ്രവിച്ചില്ല

അവളെ ആക്രമിച്ചവരെ മാത്രം അവളാക്രമിച്ചു
അവൾ അവളുടെ ലക്ഷ്യം കണ്ടു
അവൾ അവളുടെ ശത്രുവിനെ കണ്ടു
അവൾ അവളുടെ പിതാവിനെ കണ്ടു
ആ രാജവ്യാഘ്രം ഒരു ജ്വരയിളക്കത്തിന്റെ വിറയലിലായിരുന്നു
അവൾ സമീപിക്കുന്നത് അവൻ കണ്ടു
മരണം ചിരിക്കുന്നത് അവൻ കണ്ടു

അവൾ കണ്ടു അയാളുടെ മാതാവ് വിതുമ്പുന്നത്
അവൾ കണ്ടു ആ വൃദ്ധ പുരോഹിതൻ തേങ്ങിക്കരയുന്നത്
അവൾ കണ്ടു തന്റെ മാതാവിന്റെ സംരക്ഷകൻ വിതുമ്പുന്നത്
അവൾ കണ്ടു അവളുടെ ശത്രു വിതുമ്പുന്നത്
അവൾ കണ്ടു അവളുടെ പിതാവ് വിതുമ്പുന്നത്
അവൾ കണ്ടു അവൾ സ്വയം വിതുമ്പുന്നത്
അവൾ അവളുടെ പിതാവിനെ കയറുകളാൽ ബന്ധിച്ചു
അവൾ അവളുടെ ശത്രുവിനെ കയറുകളാൽ ബന്ധിച്ചു
അവൾ കാടിന്റെ മുടിയനായ പുത്രനെ
വള്ളികൾകൊണ്ട് വരിഞ്ഞുകെട്ടി

അവൾ കാട്ടിലേക്ക് നടന്നു
അവൾ അവളുടെ പിതാവിനെ കാട്ടിലേക്ക് കൊണ്ടുപോയി
അവൾ കാടിന്റെ മുടിയനായ പുത്രനെ ഒരു കാളവണ്ടിയിൽ
കാട്ടിലേക്ക് കൊണ്ടുപോയി

തങ്ങളുടെ കമാൻഡറെ അവൾ കടത്തിക്കൊണ്ട് പോകുന്നത്
അവർ കണ്ടു
തങ്ങളുടെ നേതാവിനെ അവൾ കടത്തിക്കൊണ്ട് പോകുന്നത്
അവർ കണ്ടു
തങ്ങളുടെ രാജഗർവ്വിനെ അവൾ കടത്തിക്കൊണ്ട് പോകുന്നത്
അവർ കണ്ടു
ഒരു രാജ്ഞിയെപ്പോലെ അവൾ കാട്ടിലേക്ക് പോകുന്നത്
അവർ കണ്ടു
ഒരു മാതാവിനെപ്പോലെ അവൾ കാട്ടിലേക്ക് പോകുന്നത്
അവർ കണ്ടു
ഒരു ദേവിയെപ്പോലെ അവൾ കാട്ടിലേക്ക് പോകുന്നത്
അവർ കണ്ടു

പക്ഷേ പരിസമാപ്തികൾക്ക് വളരെ പ്രാധാന്യമുണ്ടെന്ന്
സംസ്ക്കാരം അവരെ പഠിപ്പിച്ചു
വിശ്വാസവഞ്ചനയാണ് ഏറ്റവും വലിയ ധിക്കാരമെന്ന്
യുദ്ധങ്ങൾ അവരെ പഠിപ്പിച്ചു
ഒരുവന് സ്ത്രീയെ അപൂർവ്വാവസരങ്ങളിൽ കൊല്ലാമെന്ന്
ഇതിഹാസങ്ങൾ അവരെ പഠിപ്പിച്ചു.

അപ്പോഴാണ് മന്ത്രി പറഞ്ഞത്
അപ്പോഴാണ് കമാൻഡർ സമ്മതിച്ചത്
അപ്പോഴാണ് പടയാളികൾ തലകുലുക്കിയത്
അതുകൊണ്ടവർ അവളെ പിന്നിൽനിന്നാക്രമിച്ചു
അതുകൊണ്ടവർ അവളുടെ സേനാമുഖത്തിനെയാക്രമിച്ചു
അതുകൊണ്ടവർ അവളുടെ വശങ്ങളെയാക്രമിച്ചു

അവളുടെ പുറകിൽ മുറിവേറ്റു
അവളുടെ കഴുത്തിൽ മുറിവേറ്റു
അവളുടെ വശങ്ങളിൽ മുറിവേറ്റു
രക്തം അവളുടെ കൈകളെ ചുമപ്പിൽ കുതിർത്തു
രക്തം അവളുടെ കാലുകളെ ചുമപ്പിൽ കുതിർത്തു
രക്തം അവളുടെ സാരിയെ ചുമപ്പിൽ കുതിർത്തു
ഭൂമി രക്തവർണ്ണത്തിൽ കുതിർന്നു
മരങ്ങളും പൂക്കളും രക്തവർണ്ണമായി
ചമ്പക് അരുവിജലം രക്തവർണ്ണമായി

അവൾ കാട്ടിലേക്ക് അപ്രത്യക്ഷമാകുന്നത് അവർ കണ്ടു
കാടിന്റെ മക്കൾ കാട്ടിൽ ലയിക്കുന്നത് അവർ കണ്ടു
സൂര്യാസ്തമയവും രാത്രിയും
ബാക്കിയുള്ളവയെ പൊതിയുന്നത് അവർ കണ്ടു
പുലികളുടെ അലർച്ചകൾ അവർ കേട്ടു
സർപ്പങ്ങളുടെ ചീറ്റലുകൾ അവർ കേട്ടു
അവരുടെ ആനകൾ
ചിഹ്നം വിളിക്കുന്നത് അവർ കേട്ടു
അവരുടെ കുതിരകൾ
ചിനക്കുന്നതും അമറുന്നതും അവർ കേട്ടു

ബുദ്ധിമാനായ മന്ത്രി പറഞ്ഞു -
'ഈ അദ്ധ്യായം നമുക്കിവിടെ അവസാനിപ്പിക്കാം'
കമാൻഡർ പറഞ്ഞു -
'നമുക്ക് ഈ സംഭവം ഇവിടെവച്ച് മറക്കാം'
പടയാളികൾ പറഞ്ഞു -
'നമുക്ക് ഇവിടെനിന്ന് വീട്ടിൽ പോകാം'

മുറിവേറ്റ പടയാളികൾ ചോദിച്ചു - 'എപ്പോൾ?'
സമ്മക്ക അവശേഷിച്ചവരുമായി ഗ്രാമത്തിലെത്തി

സമ്മക്ക അവരോട് പറഞ്ഞു അവൾക്ക് പോകാനുള്ള സമയമിതാണ്
സമ്മക്ക അവരോട് ജമ്പണ്ണയുടെ ദേഹം കണ്ടെടുക്കുവാൻ ആവശ്യപ്പെട്ടു
മുളങ്കൂട്ടങ്ങൾക്കിടയിൽ,
നദീസംഗമത്തിൽ,
എന്നിട്ടത് സംസ്ക്കരിക്കുവാനും...

ചരിത്രം ആവർത്തിക്കുന്നു, അവൾ പറഞ്ഞു
എന്റെ ജീവിതത്തിൽ അത് സത്യമാണ്, അവൾ പറഞ്ഞു
സമ്മക്ക അവരോട് പറഞ്ഞു - അവൾക്ക് പോകാനുള്ള സമയമിതാണ്
ആ വൃദ്ധയും അവരുടെ മകനോടുകൂടി അപ്രത്യക്ഷരായി
പാരറ്റ് ഹില്ലിലേക്ക്
സമ്മക്ക അവരോട് പറഞ്ഞു - അവൾക്ക് പോകാനുള്ള സമയമിതാണ്

അവൾ രാജാവിനേയും അയാളുടെ സാമ്രാജ്യത്തേയും
വേഗം നശിച്ചുപോകുന്നതിനായി ശപിച്ചു
അവൾ മന്ത്രിമാരേയും വേഗം നശിച്ചുപോകുന്നതിനായി ശപിച്ചു
അവൾ കമാൻഡർമാരേയും വേഗം നശിച്ചുപോകുന്നതിനായി ശപിച്ചു
അവൾ പടയാളികളേയും വേഗം നശിച്ചുപോകുന്നതിനായി ശപിച്ചു
സമ്മക്ക അവരോട് പറഞ്ഞു - അവൾക്ക് പോകാനുള്ള സമയമിതാണ്

രക്തം അവളുടെ കൈകളെ ചുമപ്പിൽ കുതിർത്തു
രക്തം അവളുടെ കാലുകളെ ചുമപ്പിൽ കുതിർത്തു
രക്തം അവളുടെ സാരി ചുമപ്പിൽ കുതിർത്തു
ഭൂമി രക്തവർണ്ണത്തിൽ കുതിർന്നു
മരങ്ങളും പൂക്കളും രക്തവർണ്ണമായി
ചമ്പക് അരുവിജലം രക്തവർണ്ണമായി
സമ്മക്ക അവരോട് പറഞ്ഞു - അവൾക്ക് പോകാനുള്ള സമയമിതാണ്
അവൾ എല്ലാവരേയും അനുഗ്രഹിച്ചു
സമ്മക്ക അവരോട് പറഞ്ഞു - അവൾക്ക് പോകാനുള്ള സമയമിതാണ്

അവളുടെ വിളികേട്ട് പുലികൾ അലറിക്കൊണ്ട് വന്നു
അവർക്കനുഗ്രഹം ചൊരിഞ്ഞുകൊണ്ട്
അവൾ പോകുന്നത് അവർ കണ്ടു
കാടിന്റെ മക്കളെ അവളനുഗ്രഹിക്കുന്നത് അവർ കണ്ടു
സമ്മക്ക പുലിപ്പുറത്തേറി പോകുകയായിരുന്നു
ഒരു വലിയ വില്ല്,
ആവനാഴിനിറയെ അമ്പുകൾ,
ഒരു വലിയ വാൾ, ഒരു നീണ്ട കുന്തം,
സമ്മക്ക പോകുകയായിരുന്നു
സമ്മക്ക പുലിപ്പുറത്ത് സഞ്ചരിക്കുകയായിരുന്നു
വേറെ കുറെ പുലികളാൽ അനുഗമിക്കപ്പെട്ട്
ഇണമാനുകളാൽ പിന്തുടരപ്പെട്ട്
പുലികളാലും പുള്ളിപ്പുലികളാലും പിന്തുടരപ്പെട്ട്
സസ്യമൃഗാദികളാൽ പിന്തുടരപ്പെട്ട്
ചന്ദ്രതാരകങ്ങളാൽ പിന്തുടരപ്പെട്ട്
ഇളംതെന്നലാലും മിന്നാമിനുങ്ങുകളാലും മുൻഗമിക്കപ്പെട്ട്
മഴയാലും രാക്കിളികളാലും മുൻഗമിക്കപ്പെട്ട്
പുതുമണ്ണിൻ ഗന്ധം പ്രസരിച്ചിരിക്കെ
ഒരുതരം നിഗൂഢ പുകമറവലയങ്ങൾക്കിടയിലൂടെ
സമ്മക്ക പോകുകയായിരുന്നു

പുലിപ്പുറത്ത്, ഒരു ദേവിയെപ്പോലെ
സമ്മക്ക പോകുകയായിരുന്നു
സമ്മക്ക പുലിപ്പുറത്തേറി
പോകുകയായിരുന്നു
സമ്മക്ക പാരറ്റ് ഹില്ലിന് നേരെ
പോകുകയായിരുന്നു
ചിലകാല ഗട്ട!
സമ്മക്ക പോകുകയായിരുന്നു
പുലിപ്പുറത്ത്, ഒരു ദേവിയെപ്പോലെ
സമ്മക്ക പോകുകയായിരുന്നു
സമ്മക്ക പുലിപ്പുറത്തേറി
പോകുകയായിരുന്നു,
പോയിക്കഴിഞ്ഞു

അന്ന് അതിരാവിലെ അവർ
ജമ്പണ്ണയുടെ ദേഹം കണ്ടെത്തി
മുളങ്കൂട്ടങ്ങൾക്കിടയിൽ
അന്ന് അതിരാവിലെ അവർ കണ്ടെത്തി -
ചമ്പക് നദി ജലം
രക്തവർണ്ണം
അന്ന് അതിരാവിലെ
അവർ സംസ്ക്കരിച്ചു
ജമ്പണ്ണയുടെ ദേഹം
കൂടാതെ ആ നദിയെ
പുനഃനാമകരണം ചെയ്തു -
ജമ്പണ്ണ വാഗു!
അന്ന് അതിരാവിലെ
അവർ കണ്ടു രക്തത്തുള്ളികൾ
പാരറ്റ് ഹില്ലിലേക്ക് നയിക്കുന്നു

അന്ന് അതിരാവിലെ അവർ കണ്ടെത്തി
ഒരു **കുങ്കുമ ഭരണി**!
ഉറുമ്പ് പുറ്റിന് സമീപം
അന്ന് അതിരാവിലെ അവർ കണ്ടെത്തി
പുലിയുടെ കാൽപാടുകളും
സമ്മക്കയുടെ വളകളും
അന്ന് അതിരാവിലെ ആ വൃദ്ധവയോധികൻ
നിറുത്താതെ തേങ്ങിക്കരഞ്ഞു
**കുങ്കുമ ഭരണി**യിൽ നോക്കിക്കൊണ്ട്
അന്ന് അതിരാവിലെ അവർ കണ്ടു
പുലികളും സർപ്പങ്ങളും
**കുങ്കുമ ഭരണി**യെ കാത്ത്സംരക്ഷിക്കുന്നത്
യാതൊരു രോഷവുമില്ലാതെ.








శ్రీ మేడారం
Telangana Devotional
సమ్మక్క
సారమ్మ








## Dr. LANKA SIVA RAMA PRASAD

M.B.B.S; M.S. GENERAL SURGERY
M.Ch. CARDIOTHORACIC SURGERY
Fellow in VASCULAR SURGERY

Post graduate Diplomate in Human Rights
Post graduate Diplomate in Television Production
Cell animation Specialist- Heart Animation Academy
Computer Animation Specialist- Pentafour- Chennai
Web Engineer and Web Designer- Web City- Hyderabad
Fellow of Indo- Asian Poetry Society

Facebook Pages:- Wordsmith; All the world is a stage;
The Regal World of Scribes; Travelogue

Address -
16-10-1294
Prasanthi Hospital
Under Bridge Road
Siva Nagar
Warangal
Telangana 506002
India

Contact -
88978 49442
83286 28381
lankasrprasad@gmail.com
www.anuvaadham.com


ഡോ. ലങ്ക ശിവ രാമ പ്രസാദ് (ഡോ. എൽ.എസ്.ആർ പ്രസാദ്) ഒരു കാർഡിയോ തോറാസിക്, വാസ്കുലർ സർജനാണ്. 120 പുസ്തകങ്ങളുടെ രചയിതാവ്, കാർട്ടൂണിസ്റ്റ്, ചിത്രകാരൻ, നിരൂപകൻ, എഡിറ്റർ, അതിവിദഗ്ദ്ധനായ പ്രഭാഷകൻ എന്നീ നിലകളിൽ പ്രശസ്തനാണ്.

തെലുങ്കിലും ഇംഗ്ലീഷിലുമുള്ള അദ്ദേഹത്തിന്റെ ജ്ഞാനം അദ്ദേഹത്തിനെ പ്രശസ്തനാക്കി. ഹോമറുടെ ഇലിയഡ്, ഒഡീസി എന്നിവ ആദ്യമായി തെലുങ്ക് സാഹിത്യത്തിലേക്ക് വിവർത്തനം ചെയ്തു. ഗ്രീക്ക് സാഹിത്യ പരമ്പരയിൽ - ഇതിഹാസ ചക്രവും ഗ്രീക്ക് വീരന്മാരും (Epic cycle and Greek Heroes) മൂന്നാമത്തെ പുസ്തകമായി വന്നു. ജോൺ മിൽട്ടന്റെ പാരഡൈസ് ലോസ്റ്റ്, പാരഡൈസ് റീഗെയ്ൻഡ് (Paradise Lost, Paradise regained), ജോൺ ബനിയന്റെ ദി പിൽഗ്രീംസ് പ്രോഗ്രസ്സ് (The Pilgrim's Progress), വിർജിലിന്റെ അയനീഡ് (Aeneid), ഡാന്റേയുടെ ഡിവൈൻ കോമഡി(Divine Comedy), ഗൊയ്ഥെയുടെ ഫോസ്റ്റ് (Faust), റൂമിയുടെ മസ്നവി(Masnavi); അട്ടറിന്റെ - പക്ഷികളുടെ സമ്മേളനം(Birds Conference); ഒമർ ഖയ്യാമിന്റെ റുബയത്ത(Rubaiyat) എന്നിവയാണ് തെലുങ്കിലേക്കുള്ള അദ്ദേഹത്തിന്റെ ശ്രദ്ധേയമായ മറ്റ് വിവർത്തനങ്ങൾ. തെലുങ്ക് ഗാനങ്ങളും കവിതകളും ആയി പ്രസിദ്ധീകരിച്ച തെലുങ്ക് സാഹിത്യത്തിലെ തിരഞ്ഞെടുത്ത ക്ലാസിക് കവിതകൾ വിവർത്തനം ചെയ്യുന്ന ജോലി സി.പി. ബ്രൗണിന്റെ അക്കാഡമി ഡോ. എൽ.എസ്.ആർ പ്രസാദിനെയാണ് ഏൽപ്പിച്ചത്. കാത്തി അഞ്ചു പൈ - നോയിർ ജനുസ് കഥകളുടെ ഒരു ശേഖരമാണ്.

സമകാലിക കവികളുടെ പത്തിലധികം വിവർത്തനങ്ങൾ, രണ്ട് നോവലുകൾ, ഇരുപത് ചെറുകഥകൾ, നൂറുകണക്കിന് ഉപന്യാസങ്ങളും ആമുഖങ്ങളും, ശാസ്ത്രത്തെയും വൈദ്യശാസ്ത്രത്തെയും കുറിച്ചുള്ള പുസ്തകങ്ങൾ, സ്വപ്ന വിശകലനം എന്നിവയും അദ്ദേഹത്തിന്റെ തൂലികയിൽ നിന്ന് ജന്മമെടുത്തവയിൽപ്പെടുന്നു. ഇപ്പോൾ അദ്ദേഹത്തിന്റെ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ നൂറെന്ന ലാൻഡ് മാർക്ക് കടന്ന് 120-ൽ എത്തിയിരിക്കുന്നു. അദ്ദേഹത്തിന്റെ മിക്ക പുസ്തകങ്ങളും സാഹിത്യത്തിലെ റഫറൻസ് പുസ്തകങ്ങളാണ്. അദ്ദേഹത്തിന്റെ കവിതകൾ ഗ്രീക്ക്, സ്പാനിഷ്, അറബിക്, ഹിന്ദി, തമിഴ്, കന്നഡ തുടങ്ങി നിരവധി ഭാഷകളിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ കൃതികൾ www.anuvadham.com-ൽ സൗജന്യമായി ലഭ്യമാണ്.

ടി.എസ്. എലിയറ്റ് അവാർഡ് (2017), ഗ്ലോബൽ പോയറ്റ് അവാർഡ്-കാനഡ-വിൻ (2017), ലൈഫ് ടൈം അച്ചീവ്മെൻറ് അവാർഡ്- (2017), കിബടെക് മെഡൽ - തുർക്കി (2017), പോയറ്റ് ലോറിയറ്റ് അവാർഡ് - ദില്ലി (2017), സാഹിതി രാജഹംസ അവാർഡ്- വിശാഖ് (2017), പോയറ്റ് ലോറിയറ്റ് അവാർഡ് - കസാക്കിസ്ഥാൻ (2017), പെന്റാസി-ബി ലൈഫ് ടൈം അച്ചീവ്മെൻറ് അവാർഡ് (2017), നജി നമൻ അവാർഡ് - ലെബനൻ (2018) തുടങ്ങി നിരവധി ബഹുമതികൾ അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്.

ലോകമെമ്പാടുമുള്ള 200-ലധികം കവികൾ പങ്കെടുത്ത പെന്റസി-ബി ഇന്ത്യ വേൾഡ് പോയട്രി ഫെസ്റ്റിവൽ, ഹൈദരാബാദ്-ഇൻഡ്യ, - ഒക്ടോബർ 2017-ന്റെ ആതിഥേയനും സ്പോൺസറുമായിരുന്നു അദ്ദേഹം.

# സമ്മക്കയുടെയും സാറക്കയുടെയും കഥ

പന്ത്രണ്ടാം നൂറ്റാണ്ടിൽ എപ്പോഴോ, ചില ആദിവാസി നേതാക്കൾ കടുവകൾക്ക് നടുവിൽ കരയുന്ന ഒരു നവജാത ശിശുവിനെ (സമ്മക്ക) കണ്ടെത്തി. ഗോത്രത്തലവൻ അവളെ ദത്തെടുത്തു. സമ്മക്ക, അവളുടെ ഭർത്താവ് - ഒരു ഗോത്രത്തലവൻ പഗിഡിദ്ദ രാജു, മക്കളായ സാറക്ക/സരളക്ക/സരളമ്മ, നാഗുലമ്മ, ജമ്പണ്ണ എന്നിവരുടെ കഥയാണിത്.

ഒരു ഗ്രാമത്തെയാകെ തകർത്ത, അത്യുജ്ജ്വലയായ ഗോദാവരി നദിയെ വറ്റിച്ച, വർഷങ്ങളോളം നീണ്ടുനിന്ന കടുത്ത വരൾച്ചയുടെ കഥയാണിത്, നികുതിപിരിവിനോട് ആർത്തിയുണ്ടായിരുന്ന ഒരു രാജാവ് ഗോത്രവർഗ്ഗക്കാരെ നിസ്സഹായരാക്കിയതിന്റെ കഥ.

'സംപെംഗ വാഗു' (ജമ്പണ്ണ വാഗു) തീരത്ത് കാകതീയ സൈന്യത്തിനെതിരെ സമ്മക്കയെന്ന ആദിവാസി യോദ്ധാവും അവളുടെ ഗോത്രവും നടത്തിയ യുദ്ധത്തിന്റെ കഥയാണിത്.

ഇത് പ്രതികാരത്തിന്റെ കഥയാണ്; കാകതീയ രാജവംശത്തിന്റെ മേലുണ്ടായ ശാപത്തിന്റേയും രാജവംശത്തിന്റെ വീഴ്ചയുടേയും, ഒരു കുങ്കുമ ഭരണിയുടേയും കഥ - മേദാരം വനത്തിലെ ഒരു ഉൾപ്രദേശത്തേക്ക് പത്ത് ദശലക്ഷത്തിലധികം ആളുകളെ ആകർഷിക്കുന്ന പ്രാദേശിക ദേവതകളുടെ കഥ, ഗോത്ര സമുദായങ്ങളുടെ രണ്ട് വർഷത്തിലൊരിക്കൽ നടക്കുന്ന ഏറ്റവും വലിയ, ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും വലിയ, സമ്മേളനത്തിന്റെ കഥ.

